






# THE LIBERATION OF HUMANITY :
# 700 RULES FROM THE HOLY QUR'AN
## മാനവകുല രക്ഷാമാർഗം:
## വിശുദ്ധഖുർആനിലെ 700 കല്പനകൾ



**Compiled by : Mukarram Amir R. Jamaludin Raother Saheb**
**of Mathra, South Kerala, India.**
***E-mail : jamal.raother@gmail.com***

**പരമകാരുണികനും കരുണാമയനുമായ ദൈവത്തിന്റെ നാമത്തിൽ**

## Compiler's Note/ സമാഹരണ കുറിപ്പ്

## THE LIBERATION OF HUMANITY : മാനവകുല രക്ഷാമാർഗം:

മാനവകുല രക്ഷയ്ക്കായി ആദിമകാലംമുതൽ, മനുഷ്യോൽപത്തി മുതൽ തന്നെ, പ്രവാചകന്മാരെ, പ്രപഞ്ചസൃഷ്ടാവായ ദൈവം, നിയോഗിച്ചിട്ടുണ്ട്.

ആദം(അ) മുതൽ ഈസ(അ)വരെ ദൈവനിയോഗിത പരമ്പര ലോകത്തിന്റെ ഒരു ഭാഗത്ത് തുടർന്നു കൊണ്ടിരുന്നു. അതേ സമയം മറ്റൊരു ഭാഗത്ത് ശ്രീരാമനും, ശ്രീകൃഷ്ണനും, ശ്രീബുദ്ധവും, ശ്രീജൈനനും, ശ്രീസൊരാഷ്ട്രറും, ശ്രീ കൺഫ്യൂഷ്യസും, ശ്രീ വേദവ്യാസരും, തുടങ്ങി ലോകത്തിന്റെ എല്ലാ പ്രദേശങ്ങളിലും ദൈവം തന്റെ നിയോഗിതരെ, അവതാരങ്ങളെ, പ്രവാചകന്മാരെ നിയോഗിച്ചു കൊണ്ടിരുന്നു. കാലദേശങ്ങൾക്കനുസൃതമായി മനുഷ്യർക്ക് നിയമവ്യവസ്ഥയും നല്കി കൊണ്ടിരുന്നു.

ഒടുവിൽ മാനവകുലത്തെ ഒന്നാക്കിത്തീർക്കുവാനുള്ള ദൈവീക പദ്ധതിയുടെ ഭാഗമായി ക്രിസ്താബ്ദം 570 ആഗസ്റ്റിൽ, മുഹമ്മദ് നബി (സ) മക്കത്ത് ജന്മം കൊണ്ടു. 40-ാംത്തെ വയസ്സിൽ ദൈവബോധനങ്ങൾ (വെളിപാടുകൾ) ലഭിച്ചു തുടങ്ങി. 23 വർഷക്കാലം പ്രപഞ്ചനാഥനും മാനവകുല സൃഷ്ടാവും, പരിപാലകനും, രക്ഷകനുമായ ദൈവത്തിൽ നിന്നു ലഭിച്ച വെളിപാടുകളാണ് വിശുദ്ധഖുർആൻ.

ലോകത്ത് അവതീർണ്ണരായ അവതാരങ്ങൾ, പ്രവാചകന്മാർ, ആചാര്യന്മാർ, അവരെ ദൈവബോധനം നല്കി പ്രാദേശികമായി ദൈവം നിയോഗിച്ചതാണെന്നും, അവരെല്ലാവരും ദൈവത്തിന്റെ കല്പനകളാണ് പ്രബോധിച്ചതെന്നും, അവരെയെല്ലാവരെയും അംഗീകരിച്ചുകൊണ്ടും, അവർക്ക് നല്കിയ ബോധനങ്ങളെ ആദരിച്ചുകൊണ്ടും നിന്നെ ഞാൻ മുഴുലോകത്തേക്കുമായി നിയോഗിച്ചിരിക്കുകയാണെന്നും രക്ഷകനായ ദൈവം അദ്ദേഹത്തെ അറിയിക്കുകയുണ്ടായി.

അങ്ങനെ മാനവകുല രക്ഷയ്ക്കായി മുൻകാല ഗ്രന്ഥങ്ങളിൽ പരാമർശിക്കപ്പെട്ട എല്ലാ സത്യതകളെയും സാക്ഷാത്ക്കരിച്ചുകൊണ്ട്, സ്വാംശീകരിച്ചുകൊണ്ട്, മാനവകുലശാന്തിയ്ക്കായി മാനവകുലരക്ഷയ്ക്കായി, ദൈവം സമർപ്പിച്ച ദൈവീകോപഹാരമാണ് വിശുദ്ധഖുർആൻ.

മാനവകുല നന്മയ്ക്കായും, രക്ഷയ്ക്കായും പരമദയാലുവായ കരുണാവാരിധിയായ സർവ്വേശ്വരൻ നല്കിയ വിശുദ്ധഖുർആനിലൂടെയുള്ള യാത്രയിൽ കണ്ടെടുത്ത 700 കല്പനകളാണ് നിങ്ങൾക്കായി സമർപ്പിക്കുന്നത്.

മാനവർ ആഗ്രഹിക്കുന്നുവെങ്കിൽ ഈ കല്പനകൾ ശിരസ്സാ വഹിച്ച് മോക്ഷം പ്രാപിക്കാവുന്നതാണ്. തിരസ്ക്കരിക്കുവാനുള്ള സ്വാതന്ത്ര്യവും മാനവർക്ക് നല്കിയിരിക്കുന്നു.

അനുസരിക്കുന്നവർക്ക് രക്ഷയും, തിരസ്ക്കരിക്കുന്നവർക്ക് ശിക്ഷയും അവൻ ഒരുക്കിവെച്ചിരിക്കുന്നു എന്ന ശുഭവാർത്തയും അതോടൊപ്പം മുന്നറിയിപ്പും ഇതിൽ നല്കിയിട്ടുണ്ട്.

രക്ഷാമാർഗം തേടുന്നവർക്കായി ഞാനീ കെടാവിളക്ക് കൈമാറുന്നു.

വിശുദ്ധഖുർആൻ പാരായണത്തിൽ അതീവ തത്പരയായിരുന്ന പരേതയായ എന്റെ പ്രിയ ഭാര്യ ശരീഫാബീവി (10-10-1951 To 10-05-2018)യുടെ പാവനസ്മരണയ്ക്ക് മുമ്പിൽ ഞാനിത് സമർപ്പിക്കുന്നു. അവരുടെ പാരത്രികലോക ഐശ്വര്യത്തിനായി ദൈവസമക്ഷം പ്രാർത്ഥനകൾ അർപ്പിക്കുന്നു!

ജാതി, മത, വർഗ്ഗ, വർണ്ണ, ഭാഷ ദേശങ്ങൾക്കതീതമായി മാനവകുലത്തിനായി പരബ്രഹ്മം നല്കിയ, യഹോവ സമ്മാനിച്ച, അല്ലാഹു(ത) നൽകിയ ഈ സ്നേഹോപഹാര രക്ഷാമാർഗ ശാസനകൾ മലയാളം വായനക്കാരുടെ മുമ്പാകെ സവിനയം സമർപ്പിക്കുകയാണ്.

വിനീത സഹോദരൻ

**ആർ. ജമാലുദ്ദീൻ റാവുത്തർ**

**മാത്ര**

**26-08-2020**

## വിജയവീഥിയിലെ വിശുദ്ധഖുർആൻ കല്പനകൾ

1. നിങ്ങൾ ഭൂമിയിൽ കുഴപ്പമുണ്ടാക്കരുത്. 2:12
2. അല്ലയോ ജനങ്ങളെ! നിങ്ങളെയും നിങ്ങൾക്ക് മുമ്പുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ രക്ഷകനെ നിങ്ങൾ ആരാധിക്കുക. 2:22
3. നിങ്ങൾ ദൈവത്തിന് സമൻമാരെ സങ്കല്പിക്കരുത്. 2:23
4. മനുഷ്യരും കല്ലുകളും വിറകായുള്ള അഗ്നിയെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. 2:25
5. നിങ്ങൾ ആദമിന് വഴിപ്പെടുക. 2:35
6. നീയും നിന്റെ പത്നിയും ഈ തോട്ടത്തിൽ വസിക്കുക, ഈ വൃക്ഷത്തെ നിങ്ങൾ രണ്ടു പേരും സമീപിക്കരുത്. 2:36
7. നിങ്ങൾ ഇറങ്ങിപോകൂ! നിങ്ങളിൽ ചിലർ ചിലരുടെ ശത്രുക്കളാണ്. 2:37
8. നിങ്ങൾ എല്ലാവരും അവിടെ നിന്ന് ഇറങ്ങിപോകുക. 2:39
9. നിങ്ങൾ എന്നെ മാത്രം ഭയപ്പെടുക. 2:41
10. അതിനെ നിഷേധിക്കുന്നതിൽ നിങ്ങൾ മുമ്പൻമാരാകരുത്, എന്റെ വചനങ്ങൾക്ക് പകരം തുച്ഛവില വാങ്ങരുത്, എന്നെ മാത്രം നിങ്ങൾ സൂക്ഷിക്കുക. 2:42
11. സത്യത്തെ അസത്യവുമായി കലർത്തരുത്, സത്യം മറച്ചുവെയ്ക്കരുത്. 2:43
12. നമസ്ക്കാരം അനുഷ്ഠിക്കുക, സക്കാത്ത് കൊടുക്കുക, നമിക്കുന്നവരോടൊപ്പം നമിക്കുക. 2:44
13. പ്രാർത്ഥനയും ക്ഷമയും കൊണ്ട് നിങ്ങൾ സഹായം തേടുക. 2:46
14. എന്റെ അനുഗ്രഹങ്ങളെ നിങ്ങൾ സ്മരിക്കുക. 2:48
15. ഒരാളും മറ്റൊരാൾക്ക് യാതൊന്നിലും പകരമാവാത്തതും, ആരിൽ നിന്നും ഒരു ശുപാർശയും അംഗീകരിക്കപ്പെടാത്തതും,

ഒരു പ്രായശ്ചിത്തവും സ്വീകരിക്കപ്പെടാത്തതും,ആരും സഹാ യിക്കപ്പെടാത്തതുമായ ഒരു നാളിനെ നിങ്ങൾ സൂക്ഷിക്കുക 2:49

16. നിങ്ങൾ ഈ പട്ടണത്തിൽ പ്രവേശിച്ച് അവിടെ നിങ്ങൾഇഷ്ട പ്പെടുന്നിടത്തു നിന്ന് യഥാസുഖം ഭക്ഷിച്ചുകൊൾക, നിങ്ങൾ വണക്കത്തോടുകൂടി വാതിൽ കടക്കുകയും പാപഭാരം ലഘൂ കരിക്കേണമെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുക. 2:59

17. നിങ്ങൾ തിന്നുക, നിങ്ങൾ കുടിയ്ക്കുക, നാശകാരികളായി നിങ്ങൾ ഭൂമിയിൽ കുഴപ്പമുണ്ടാക്കരുത്. 2:61

18. നിങ്ങൾക്ക് നാം നല്കിയിട്ടുള്ളത് മുറുകെ പിടിക്കുക 2:64

19. നിങ്ങൾ ദൈവത്തെ അല്ലാതെ ആരാധിക്കരുത്, മാതാപിതാക്ക ളോട് നല്ല നിലയിൽ വർത്തിക്കുക, ബന്ധുക്കളോട് നല്ല നില യിൽ പെരുമാറുക, അനാഥരോട് നല്ല നിലയിൽ ഇടപെടുക, അഗതികളോട് ആദരവോടെ പെരുമാറുക, ജനങ്ങളോട് നല്ല വാക്ക് പറയുക, നിങ്ങൾ നമസ്ക്കാരം നിലനിർത്തുക, നിങ്ങൾ സക്കാത്ത് കൊടുക്കുക. 2:84

20. ദൈവം അവതരിപ്പിച്ചതിൽ നിങ്ങൾ വിശ്വസിക്കുക. 2:92

21. നാം നിങ്ങൾക്ക് നല്കിയതിനെ മുറുകെ പിടിക്കുകയും കേട്ട് (അനുസരിക്കുകയും) ചെയ്യുക 2:94

22. മറ്റു മനുഷ്യർക്കില്ലാതെ ദൈവസന്നിധിയിൽ നിങ്ങൾക്ക് മാത്ര മാണ് പരലോക വിജയമെങ്കിൽ നിങ്ങൾ മരണത്തെ ആഗ്രഹി ക്കുക. നിങ്ങൾ സത്യവാദികൾ ആണെങ്കിൽ. 2:95

23. സത്യവിശ്വാസികളെ നിങ്ങൾ (പ്രവാചകനെ അഭിസംബോധന ചെയ്തുകൊണ്ട്) റാഇന (ഞങ്ങളെ സൂക്ഷിക്കണം) എന്ന് പറ യരുത്. 2:105

24. നിങ്ങൾ (അവരോട്) പൊറുക്കുക, നിങ്ങൾ (അവരോട്) ക്ഷമിക്കുക. 2:110

25. നമസ്ക്കാരം മുറപ്രകാരം നിലനിർത്തുക, സക്കാത്ത് മുറപ്ര കാരം നല്കുക. 2:111

26. നിങ്ങൾ സത്യവാദികളാണെങ്കിൽ നിങ്ങളുടെ തെളിവ് ഹാജരാക്കുക. 2:112

27. ഞാൻ നിങ്ങൾക്ക് നല്കിയിട്ടുള്ള എന്റെ അനുഗ്രഹം സ്മരിക്കുക 2:123.

28. നീ (ദൈവത്തിന്) കീഴ്പ്പെടുക. 2:132

29. നിങ്ങൾ ദൈവത്തിന് അനുസരണം പുലർത്തുന്നവരായിട്ടല്ലാതെ നിങ്ങൾ മരിക്കരുത്. 2:133

30. ഞങ്ങൾ ദൈവത്തിലും ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും ഇബ്റാഹീമിനും, ഇസ്മായിലിനും, ഇസ്ഹാഖിനും, യഅ്ഖൂബിനും അദ്ദേഹത്തിന്റെ സന്തതികൾക്കും അവതരിപ്പിക്കപ്പെട്ടതിലും മൂസായക്കും, ഈസായ്ക്കും നല്കപ്പെട്ടതിലും മറ്റ് പ്രവാചകന്മാർക്ക് അവരുടെ നാഥനിൽ നിന്ന് നല്കപ്പെട്ടതിലും വിശ്വസിച്ചിരിക്കുന്നു. അവരിൽ ആരുടെ ഇടയിലും ഞങ്ങൾ വ്യത്യാസം കല്പിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിന് മാത്രം കീഴ്പ്പെടുന്നവരുമാകുന്നു എന്ന് പറയുക. 2:137

31. മസ്ജിദുൽ ഹറാമിനു നേരെ നിന്റെ മുഖം തിരിക്കുക, നിങ്ങൾ എവിടെ ആയിരുന്നാലും അതിന്റെ നേർക്ക് നിങ്ങളുടെ മുഖങ്ങൾ തിരിക്കുക. 2:145

32. നീ ഒരിക്കലും സംശയാലുക്കളിൽപെട്ടവനാകരുത്. 2:148

33. നിങ്ങൾ സൽക്കാര്യങ്ങളിൽ അഹമഹമികയാ മുന്നേറുക. 2:149

34. നീ എവിടെ നിന്ന് പുറപ്പെട്ടാലും മസ്ജിദുൽ ഹറാമിന്റെ നേർക്ക് നിന്റെ മുഖം തിരിക്കുക. 2:150

35. (ദൈവത്തിൽ വിശ്വസിക്കുന്നവരെ) നിങ്ങൾ എവിടെ ആയിരുന്നാലും നിങ്ങളുടെ മുഖത്തെയും അതിനു നേരെ തിരിക്കുക നിങ്ങൾ അവരെ (അധർമ്മകാരികളെ) ഭയപ്പെടരുത്, എന്നെ മാത്രം ഭയപ്പെടുക. 2:151

36. നിങ്ങൾ എന്നെ സ്മരിക്കുവിൻ, നിങ്ങൾ എന്നോട് കൃതജ്ഞത കാണിക്കുക, എന്നോട് നന്ദികേട് കാണിക്കരുത്. 2:153

37. വിശ്വാസികളെ സഹനവും പ്രാർത്ഥനയും കൊണ്ട് നിങ്ങൾ സഹായം തേടുവിൻ. 2:154

38. ദൈവമാർഗ്ഗത്തിൽ വധിക്കപ്പെട്ടവരെ സംബന്ധിച്ച് മരിച്ചവർ എന്ന് പറയരുത്. 2:155

39. സഹനശീലർക്ക് നീ സുവാർത്ത അറിയിക്കുക 2:156

40. ഭൂമിയിലുള്ളതിൽ നിന്ന് നിയമാനുസൃതവും ശുദ്ധവുമായത് നിങ്ങൾ ഭക്ഷിക്കുക, പിശാചിന്റെ ചവിട്ടടികളെ നിങ്ങൾ പിൻപറ്റരുത്. 2:169

41. ദൈവം അവതരിപ്പിച്ചിട്ടുള്ളതിനെ നിങ്ങൾ പിൻപറ്റുക. 2:171

42. നാം നിങ്ങൾക്ക് നല്കിയിട്ടുള്ള നല്ല വസ്തുക്കളിൽ നിന്ന് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക, നിങ്ങൾ ദൈവത്തോട് നന്ദി കാണിക്കുക. 2:173

43. ശവം നിങ്ങൾക്ക് നിഷിദ്ധമാക്കിയിരിക്കുന്നു, രക്തം നിങ്ങൾക്ക് നിഷിദ്ധമാക്കിയിരിക്കുന്നു, പന്നി മാംസം നിങ്ങൾക്ക് നിഷിദ്ധമാക്കിയിരിക്കുന്നു, ദൈവമല്ലാത്തവരുടെ പേരിൽ വഴിപാടാക്കപ്പെട്ടത്, നിങ്ങൾക്ക് നിഷിദ്ധമാക്കിയിരിക്കുന്നു, നിർബന്ധിത സാഹചര്യത്തിൽ ഇവ ഭക്ഷിച്ചുകൊള്ളുക. 2:174

44. അല്ലാഹുവിൽ/ദൈവത്തിൽ വിശ്വസിക്കുക, അന്ത്യനാളിൽ വിശ്വസിക്കുക, മലക്കുകളിൽ വിശ്വസിക്കുക, (ദൈവ) ഗ്രന്ഥങ്ങളിൽ വിശ്വസിക്കുക, പ്രവാചകന്മാരിൽ വിശ്വസിക്കുക, ദൈവസ്നേഹത്താൽ അടുത്തബന്ധുക്കൾക്ക് ധനസഹായം ചെയ്യുക, അനാഥർക്ക് ധനസഹായം ചെയ്യുക, അഗതികൾക്ക് ധനസഹായം ചെയ്യുക, വഴിയാത്രക്കാരന് ധനസഹായം ചെയ്യുക, (ധനസഹായം) ആവശ്യപ്പെടുന്നവർക്ക് ധനസഹായം ചെയ്യുക, അടിമകളെ മോചിപ്പിക്കുവാൻ ധനം ചെലവു ചെയ്യുക, നമസ്ക്കാരം/പ്രാർത്ഥന നിലനിർത്തുക,സക്കാത്ത് കൊടുക്കുക (സാമൂഹ്യക്ഷേമ പ്രവർത്തനത്തിന്) കരാർ ചെയ്താൽ കരാർ പാലിക്കുക, കഷ്ടപാടിലും, ദുരിതാവസ്ഥയിലും സഹനം കൈക്കൊള്ളുക,യുദ്ധാവസരത്തിൽ സ്ഥിരപാദരായി വർത്തിക്കുക, സത്യം പാലിച്ചവരാവുക. 2:178

45. വധിക്കപ്പെട്ടവരുടെ കാര്യത്തിൽ തത്തുല്യമായ പ്രതിക്രിയാ ശിക്ഷാനിയമം വിധിക്കുക, (ഘാതകിയായ)സ്വതന്ത്രനു പകരം, (അതേ) സ്വതന്ത്രനെ വധിക്കുക, (ഘാതകനായ) അടിമയ്ക്ക് പകരം (അതേ) അടിമയെ വധിക്കുക, ഘാതകിയായ സ്ത്രീക്ക് പകരം (അതേ)സ്ത്രീയെ വധിക്കുക. ഘാതകനിൽ നിന്ന് നഷ്ട പരിഹാരം വാങ്ങി, അവകാശികൾക്ക് മാപ്പ് ചെയ്യുവാൻ അനു വദിക്കപ്പെട്ടിരിക്കുന്നു. 2:179

46. മാതാപിതാക്കൾക്കും, അടുത്തബന്ധുക്കൾക്കും ന്യായമായത് ചെയ്യുവാൻ വസിയ്യത്ത് ചെയ്യുക. 2:181

47. വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു, രോഗിയോ യാത്രക്കാരനോ ആണെങ്കിൽ മറ്റു ദിവസങ്ങളിൽ അവ പൂർത്തി യാക്കുക, പ്രായശ്ചിത്തം ചെയ്യുവാൻ കഴിവുള്ളവർ പ്രായ ശ്ചിത്തം ചെയ്യുക, ഒരഗതിയുടെ ആഹാരം പ്രായശ്ചിത്തം ചെയ്യുക.

2:184-185,

48. വ്രതാനുഷ്ഠാന എണ്ണം പൂർത്തിയാക്കുക, ദൈവമഹത്വം പ്രകീർത്തനം ചെയ്യുക. 2:186

49. വ്രതരാത്രിയിൽ ഭാര്യാസംസർഗം അനുവദിക്കപ്പെട്ടിരിക്കുന്നു, വ്രതരാത്രിയിൽ പ്രഭാതം വരെ തിന്നുകയും കുടിയ്ക്കുകയും ചെയ്തുകൊള്ളുക, പിന്നീട് രാത്രിയാകുന്നതുവരെ വ്രതം പൂർത്തിയാക്കുക, നിങ്ങൾ പള്ളിയിൽ ഭജനമിരിക്കുമ്പോൾ (ഭാ ര്യമാരുമായി) സംസർഗം പുലർത്തരുത്, നിയമപരിധികൾ അതി ലംഘിക്കരുത്. 2:188

50. നിങ്ങളുടെ ധനം നിങ്ങൾ അന്യായമായി പരസ്പരം (അപഹരി ച്ച്) ഭക്ഷിക്കരുത്,ഭരണാധികാരികൾക്ക് കോഴകൊടുത്തു കാര്യം സാധിക്കരുത്. 2:189

51. ഭവനങ്ങളുടെ പിൻവാതിലുകളിലൂടെ പ്രവേശിക്കരുത്, ഭവനങ്ങ ളുടെ മുൻവാതിലുകളിലൂടെ പ്രവേശിക്കുക. 2:190

52. നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി നിങ്ങളും യുദ്ധം ചെയ്യുക, നിങ്ങൾ അതിക്രമം പ്രവർത്തിക്കരുത്. 2:191

53. (നിങ്ങളോട് യുദ്ധം ചെയ്യുന്നവരെ) നിങ്ങൾ കണ്ടുമുട്ടുന്നിടത്തു വച്ച് വധിക്കുക, നിങ്ങളെ ബഹിഷ്ക്കരിച്ചിടത്തുവെച്ച് നിങ്ങളും ബഹിഷ്ക്കരിക്കുക, നിങ്ങളോട് യുദ്ധം ചെയ്യുന്നതുവരെ നിങ്ങൾ യുദ്ധം ചെയ്യരുത്, നിങ്ങളോട് യുദ്ധം ചെയ്യുന്നുവെങ്കിൽ നിങ്ങൾ അവരെ വധിക്കുക. 2:192

54. കുഴപ്പം ഇല്ലാതാകുന്നതുവരെ പോരാടുക, അവർ യുദ്ധം നിർത്തുകയാണെങ്കിൽ അക്രമികളല്ലാത്തവരുടെ മേൽ യാതൊരുകയ്യേറ്റവും പാടില്ല. 2:194

55. എല്ലാ ആദരണീയ കാര്യങ്ങൾക്കും (എതിരിൽ) പ്രതിക്രിയാ നടപടികൾ എടുക്കുക,നിങ്ങളുടെമേൽ ആക്രമണം നടത്തുകയാണെങ്കിൽ അവനെതിരെ അവൻ നിങ്ങളെ ആക്രമിച്ചതുപോലെ (അവനെ) നിങ്ങളും ആക്രമിക്കുക, അല്ലാഹുവിനെ ഭയപ്പെടുക. 2:195

56. അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ (ധനം) ചെലവു ചെയ്യുക, നിങ്ങളുടെ കൈകളാൽ നിങ്ങളെ (സ്വയം) നാശത്തിൽ ആപതിപ്പിക്കരുത്, നിങ്ങൾ നന്മ ചെയ്യുക. 2:196

57. അല്ലാഹുവിന്റെ പ്രീതിക്കായി ഹജ്ജും ഉംറയും പൂർത്തിയാക്കുക. 2:197

58. നിങ്ങൾ തടയപ്പെട്ടാൽ സൗകര്യമായ ബലികർമ്മം നടത്തുക. 2:197

59. ബലിമൃഗം അതിന്റെ സ്ഥാനത്ത് എത്തുന്നതുവരെ നിങ്ങളുടെ തല മുണ്ഡനം ചെയ്യരുത്. 2:197

60. നിങ്ങളിലൊരാൾ രോഗിയായാൽ തലമുണ്ഡനം ചെയ്യുക.2:197

61. തലയിൽ വല്ല പീഡയും ഉണ്ടായാൽ തലമുണ്ഡനം ചെയ്യുക, 2:197

62. വ്രതം, ദാനം, ബലി ഇവകൊണ്ട് പ്രായാശ്ചിത്തം ചെയ്യുക.2:197

63. സമാധാനാവസ്ഥയിൽ ഹജ്ജ് ഉംറ എന്നിവ നിർവ്വഹിക്കുക. 2:197

64. തുടർന്ന് ബലി അർപ്പിക്കുക. 2:197

65. ബലിമൃഗം കിട്ടിയില്ലെങ്കിൽ ഹജ്ജ് വേളയിൽ മൂന്ന് ദിവസവും, നിങ്ങൾ സ്വദേശത്തു തിരിച്ചെത്തിയാൽ, ഏഴ് ദിവസവും വ്രതമനുഷ്ഠിക്കുക. 2:197

66. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. 2:197

67. ഹജ്ജിന് നിയ്യത്തുചെയ്താൽ പ്രേമസല്ലാപമോ, ദുർവിവാദമോ, അത്രിക്രമമോ ഹജ്ജിൽ പാടില്ല. 2:198

68. യാത്രയ്ക്ക് ആവശ്യമായ വിഭവങ്ങൾ കരുതുക. 2:198

69. ബുദ്ധിമാന്മാരെ നിങ്ങൾ എന്നെ മാത്രം ഭയപ്പെടുക. 2:198

70. മശ്അറുൽ ഹറാമിനടുത്ത് വെച്ച് അല്ലാഹുവിനെ സ്മരിക്കുക. 2:199

71. അവൻ നിങ്ങൾക്ക് മാർഗദർശനം, നല്കിയ പ്രകാരം നിങ്ങൾ അവനെ സ്മരിക്കുക. 2:199

72. (മുൻഗാമികളായ) ജനങ്ങൾ മടങ്ങിക്കൊണ്ടിരുന്ന സ്ഥലത്തുകൂടി നിങ്ങളും മടങ്ങുക. 2:200

73. അല്ലാഹുവിനോട് മാപ്പപേക്ഷിക്കുക. 2:200

74. നിങ്ങളുടെ പൂർവ്വപിതാക്കളെ നിങ്ങൾ സ്മരിച്ചിരുന്നതുപോലെ അഥവാ അതിലുപരിയായി, അല്ലാഹുവിനെ നിങ്ങൾ സ്മരിക്കുക. 2:201

75. നിശ്ചിത ദിവസങ്ങളിൽ നിങ്ങൾ അല്ലാഹുവിനെ സ്മരിക്കുക.2:204

76. രണ്ട് ദിവസങ്ങൾ കൊണ്ട് കർമ്മങ്ങൾ നിർവ്വഹിച്ചു മടങ്ങുന്നതിന് അനുവദിച്ചിരിക്കുന്നു. 2:204

| | | |
|---|---|---|
| 77. | താമസിച്ചു മടങ്ങുന്നതിനും, അനുവദിച്ചിരിക്കുന്നു. | 2:204 |
| 78. | നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. | 2:204 |
| 79. | വിശ്വാസികളെ! നിങ്ങളെല്ലാവരും സമ്പൂർണ്ണമായ അനുസരണ വൃത്തത്തിൽ പ്രവേശിക്കുക, പിശാചിന്റെ കാലടികളെ പിന്തുടരരുത്. | 2:209 |
| 80. | നല്ല ധനത്തിൽ നിന്നും നിങ്ങൾ ചെലവാക്കുക. | 2:216 |
| 81. | മാതാപിതാക്കൾക്ക് ചെലവാക്കുക. | 2:216 |
| 82. | അടുത്ത ബന്ധുക്കൾക്ക് ചെലവാക്കുക. | 2:216 |
| 83. | അനാഥർക്ക് ചെലവാക്കുക | 2:216 |
| 84. | അഗതികൾക്ക് ചെലവാക്കുക | 2:216 |
| 85. | വഴിയാത്രക്കാർക്ക് ചെലവാക്കുക. | 2:216 |
| 86. | പ്രയാസം കൂടാതെ ചെലവഴിക്കുവാൻ കഴിയുന്നത്ര ചെലവഴിക്കുക. | 2:220 |
| 87. | അനാഥരുടെ ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കുക. | 2:221 |
| 88. | ബഹുദൈവ വിശ്വാസിനികളെ അവർ സത്യവിശ്വാസം സ്വീകരിക്കുന്നതുവരെ നിങ്ങൾ വിവാഹം ചെയ്യരുത്. | 2:222 |
| 89. | നിങ്ങൾ ആർത്തവകാലത്ത് സ്ത്രീകളിൽ നിന്ന് അകന്നു കഴിയുക. | 2:223 |
| 90. | അവർ ശുദ്ധിയാകുന്നതുവരെ അവരെ (ആർത്തവ സ്ത്രീകളെ) സമീപിക്കരുത്. | 2:223 |
| 91. | അവർ കുളിച്ച് സ്വയം ശുദ്ധി ആയി കഴിഞ്ഞാൽ നിങ്ങൾ അവരെ സമീപിച്ചു കൊള്ളുക. | 2:223 |
| 92. | നിങ്ങൾ ആഗ്രഹിക്കുന്ന നിലയിൽ നിങ്ങളുടെ കൃഷിയിടത്തേക്ക് (ഭാര്യമാരുടെ അടുക്കലേക്ക്) ചെന്നുകൊള്ളുക. | 2:224 |
| 93. | നന്മ ചെയ്യുകയും, സൂക്ഷ്മത പാലിക്കുകയും ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുകയും ചെയ്യുന്നതിൽ (നിന്ന് ഒഴിഞ്ഞു നില്ക്കു | |

ന്നതിനായി) അല്ലാഹുവിനെ നിങ്ങൾ നിങ്ങളുടെ ശപഥത്തിന് ഒരു ലക്ഷ്യമാക്കരുത്. 2:225

94. തങ്ങളുടെ ഭാര്യമാരുമായി സംസർഗം ചെയ്യുന്നതല്ല എന്ന് ശപഥം ചെയ്യുന്നവർക്ക് (പരമാവധി) നാലുമാസം പ്രതീക്ഷിക്കാവുന്നതാണ്. 2:227

95. വിവാഹമോചിതരായ സ്ത്രീകൾ മൂന്ന് ആർത്തവകാലം വരെ സ്വയം നിയന്ത്രിച്ച് കാത്തിരിക്കുക. 2:229

96. അവരുടെ ഗർഭാശങ്ങളിൽ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളതിനെ മറച്ചു വെയ്ക്കരുത്. 2:229

97. (റദ്ദാക്കാവുന്ന) വിവാഹമോചനം രണ്ടു പ്രാവശ്യമാണ്.2:230

98. പിന്നീട് ന്യായമായ നിലയിൽ (ഭാര്യയെ)കൂടെ നിർത്തുകയോ ഔദാര്യപൂർവ്വം വിട്ടയയ്ക്കുകയോ ചെയ്യുക. 2:230

99. അവർക്ക് (ഭാര്യമാർക്ക്) നല്കിയിട്ടുള്ളതിൽ നിന്ന് യാതൊന്നും (തിരികെ) വാങ്ങരുത്. 2:230

100. അല്ലാഹുവിന്റെ നിയമ പരിധികളെ പാലിക്കുവാൻ അവർക്ക് (സ്ത്രീകൾക്ക്) കഴിയാതെ വരുമെന്ന് നിങ്ങൾ (ഗവൺമെന്റ്) ഭയപ്പെടുന്നുവെങ്കിൽ അപ്പോൾ എന്ത് നല്കിക്കൊണ്ട് അവൾ (വിവാഹ) മോചനം നേടുന്നുവോ അത് അവർ ഇരുകൂട്ടർക്കും ചെയ്യാവുന്നതാണ്. 2:230

101. അല്ലാഹുവിന്റെ നിയമപരിധികളെ നിങ്ങൾ ലംഘിക്കരുത്. 2:230

102. (മൂന്നാം പ്രാവശ്യം) അവൻ അവളുമായുള്ള വിവാഹബന്ധം വേർപ്പെടുത്തിയെങ്കിൽ അതിനു ശേഷം അവനല്ലാത്ത മറ്റൊരു ഭർത്താവിനെ അവൾ വിവാഹം ചെയ്യുകയും ആ ബന്ധം വേർപെടുകയും ചെയ്യുന്നതുവരെ അവൾ അവന് അനുവദനീയമല്ല. 2:231

103. പിന്നെ ആ രണ്ടാമത്തെ ആൾ അവളെ വിവാഹമോചനം ചെയ്തു കഴിഞ്ഞാൽ വിവാഹ ബന്ധത്തിലേക്ക് അവര ന്യോന്യം തിരിച്ചു വരുന്നതിൽ അവർക്ക് കുറ്റമില്ല. 2:231

104. നിങ്ങൾ സ്ത്രീകളെ (റദ്ദാക്കുന്ന) വിവാഹമോചനം ചെയ്തിട്ട് അവർ അവരുടെ (ഇദ്ദയുടെ) അവസാന അവധിവരെ എത്തിയാൽ നിങ്ങൾ അവരെ തിരിച്ചെടുത്ത് ന്യായമായ നിലയിൽ കൂടെ നിറുത്തുകയോ അല്ലെങ്കിൽ ന്യായമായ നിലയിൽ അവരെ വിട്ടയയ്ക്കുകയോ ചെയ്യുക. 2:232

105. എന്നാൽ അതിക്രമം പ്രവർത്തിക്കുവാൻ വേണ്ടിതെറ്റായനിലയിൽ അവരെ കൂടെ നിർത്തരുത്. 2:232

106. നിങ്ങൾ അല്ലാഹുവിന്റെ നിയമങ്ങളെ പരിഹാസപാത്രമാക്കരുത്. 2:232

107. അല്ലാഹു നിങ്ങൾക്ക് ചെയ്തിട്ടുള്ള അനുഗ്രഹത്തെയും നിങ്ങളെ ഉപദേശിച്ചുകൊണ്ട് അവൻ നിങ്ങൾക്ക് ഇറക്കിത്തന്നിരിക്കുന്ന ഗ്രന്ഥത്തെയും (അതിലെ) തത്വജ്ഞാനത്തേയും നിങ്ങൾ സ്മരിക്കുക. 2:232

108. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. 2:232

109. നിങ്ങൾ സ്ത്രീകളെ വിവാഹ ബന്ധത്തിൽ നിന്ന് മോചിപ്പിക്കുകയും അവർ തങ്ങളുടെ (ഇദ്ദയുടെ) അവധി എത്തുകയും ചെയ്താൽ അവർ മര്യാദ അനുസരിച്ച് പരസ്പരം തൃപ്തിപ്പെടുന്ന പക്ഷം അവരുടെ (പൂർവ) ഭർത്താക്കന്മാരെ (വീണ്ടും) വിവാഹം ചെയ്യുന്നതിന് നിങ്ങൾ അവരെ തടയരുത്. 2:233

110. മാതാക്കൾ അവരുടെ ശിശുക്കൾക്ക് പൂർണമായും രണ്ടു വർഷം മുല കൊടുക്കേണ്ടതാണ്. കുട്ടി ജനിച്ചത് ആർക്കാണോ അവൻ (ആ മാതാക്കൾക്ക്)മര്യാദപ്രകാരം ആഹാരവും വസ്ത്രവും നല്കുക. 2:234

111. ഒരാളും അയാൾക്ക് കഴിവുള്ളതിനല്ലാതെ നിർബന്ധിക്കപ്പെടരുത്. 2:234

112. മാതാവിനെ അവളുടെ കുട്ടി മൂലം വിഷമിപ്പിക്കരുത്, പിതാവിനെയും അവന്റെ കുട്ടി മൂലം വിഷമിപ്പിക്കരുത്, (പിതാവ് മരിച്ചുപോയെങ്കിൽ അയാളുടെ) അവകാശിക്കും ഇതുപോലെയുള്ള ബാധ്യത നിറവേറ്റുക. (മാതാപിതാക്കൾ) കൂടിയാലോചിച്ച്

തൃപ്തിപ്പെട്ട് കുട്ടിയുടെ മുലകുടി മാറ്റുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അവർക്കത് ചെയ്യാവുന്നതാണ്, നിങ്ങൾ നിങ്ങളുടെ ശിശുക്കൾക്ക് (മറ്റു സ്ത്രീകളെക്കൊണ്ട്) മുലകൊടുപ്പിക്കുവാനുദ്ദേശിക്കുന്നുവെങ്കിൽ നിങ്ങൾക്കത് ചെയ്യാവുന്നതാണ്, അല്ലാഹുവിനെ സൂക്ഷിക്കുക. 2:234

113. നിങ്ങളിൽ നിന്ന് മരണമടയുന്നവരുടെ ശേഷിച്ചിരിക്കുന്ന ഭാര്യമാർ സ്വയം നിയന്ത്രിച്ച് നാലുമാസവും പത്തുദിവസവും ദീക്ഷയനുഷ്ഠിക്കേണ്ടതാണ്, ദീക്ഷയ്ക്ക് ശേഷം അവരുടെ കാര്യം അവർക്ക് തീരുമാനിക്കാവുന്നതാണ്. 2:235

114. (അത്തരം) സ്ത്രീകളുമായി വിവാഹാലോചന ചെയ്യുന്നതിന് നിങ്ങൾ സൂചന നല്കുകയോ അല്ലെങ്കിൽ (അക്കാര്യം നിങ്ങളുടെ മനസ്സുകളിൽ) മറച്ചുവെയ്ക്കുകയോ ചെയ്യുന്നതിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല, നിങ്ങൾ മാന്യമായ വാക്കുപറയുക. നിങ്ങൾ രഹസ്യവാഗ്ദാനം ചെയ്യരുത്, (ഇദ്ദയുടെ) നിർദ്ദിഷ്ടാവധിയെത്തുന്നതുവരെ നിങ്ങൾ വിവാഹ ബന്ധം ഉറപ്പിക്കരുത്, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക.
2:236

115. നിങ്ങൾ സ്ത്രീകളെ (വിവാഹം ചെയ്തിട്ട് അവരെ)സ്പർശിച്ചിട്ടില്ലാത്ത അവസ്ഥയിലോ അല്ലെങ്കിൽ വിവാഹമൂല്യമായി ഒന്നും നിശ്ചയിച്ചിട്ടില്ലാത്ത അവസ്ഥയിലോ അവരെ വിവാഹമോചനം ചെയ്യണമെങ്കിൽ ചെയ്തുകൊള്ളുക, എന്നാൽ അവർക്ക് കഴിവനുസരിച്ച് ജീവിത വിഭവം നല്കേണ്ടതാണ്.
2:237

116. നിങ്ങൾ അവർക്ക് വിവാഹമൂല്യം നിശ്ചയിച്ചു കൊടുത്തിരിക്കെ അവരെ സ്പർശിക്കുന്നതിന് മുൻപ് വിവാഹമോചനം ചെയ്യുന്നുവെങ്കിൽ നിങ്ങൾ നിശ്ചയിച്ചതിന്റെ പകുതി കൊടുക്കുക, അവർ വിട്ടുവീഴ്ച ചെയ്യുകയോ അല്ലെങ്കിൽ വിവാഹബന്ധം ആരുടെ അധികാരത്തിലാണോ ആ ആൾ വിട്ടുവീഴ്ച ചെയ്യുകയാണെങ്കിൽ നിങ്ങൾ അത് സ്വീകരിച്ചുകൊള്ളുക, നിങ്ങൾ വിട്ടുവീഴ്ച ചെയ്യുന്നതാണ് ദൈവഭക്തിയുമായി ഏറ്റവും അടുത്തത് എന്നറിയുക. 2:238

117. എല്ലാ നമസ്ക്കാരങ്ങളും നിങ്ങൾ സസൂക്ഷ്മം നിലനിർത്തുക മധ്യമനമസ്ക്കാരവും നിങ്ങൾ നിലനിർത്തുക,നിങ്ങൾ അല്ലാഹുവിന്റെ മുമ്പിൽ അനുസരണയുള്ളവരായി നില്ക്കുക. 2:239

118. ഇനി നിങ്ങൾ ശത്രുക്കളെ ഭയപ്പെടുന്നുവെങ്കിൽ നടന്നുകൊണ്ടോ സവാരി ചെയ്തുകൊണ്ടോ നമസ്ക്കരിക്കുക, ഭയം മാറിയാൽ നിങ്ങൾക്ക് പഠിപ്പിച്ചു തന്നപ്രകാരം അല്ലാഹുവിനെ സ്മരിക്കുക. 2:240

119. നിങ്ങളിൽ നിന്ന് ഭാര്യമാരെ വിട്ട് ചരമം പ്രാപിക്കുന്നവർ, തങ്ങളുടെ ഭാര്യമാരെ വീട്ടിൽ നിന്ന് പുറത്ത് അയയ്ക്കാതെ ഒരു വർഷം വരെ അവർക്ക് ജീവനാംശം നല്കണമെന്ന് വസിയ്യത്തു ചെയ്യുക. 2:241

120. അവർ സ്വമനസ്സാലെ പുറത്തു പോകുന്നുവെങ്കിൽ അതവർക്ക് ചെയ്യാവുന്നതാണ്. 2:241

121. വിവാഹമോചിതരായ സ്ത്രീകൾക്ക് ന്യായാനുസരണം ജീവനാംശം നല്കുക. 2:242

122. അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ അടരാടുക. 2:245

123. അല്ലാഹുവിന് നല്ല കടം കൊടുക്കുക. 2:246

124. വിശ്വസിച്ചവരെ, ക്രയവിക്രയമോ, മൈത്രീബന്ധമോ, ശുപാർശയോ ഇല്ലാത്ത ഒരു നാൾ വരുന്നതിന് മുൻപ് നാം നിങ്ങൾക്ക് നല്കിയിട്ടുള്ളതിൽ നിന്ന് നിങ്ങൾ ചെലവു ചെയ്യുക. 2:255

125. മതത്തിൽ യാതൊരുവിധ ബലപ്രയോഗവുമരുത്. 2:257

126. ദുഃശക്തിയെ നിരാകരിക്കുക. 2:257

127. നീ നാലു പക്ഷികളെ പിടിച്ച് അവയെ നീയുമായി (നല്ലപോലെ) ഇണക്കുക. 2:261

128. അവയിൽ ഓരോ ഇനത്തെയും ഓരോ കുന്നിൻ മേൽ വയ്ക്കുക. 2:261

129. പിന്നീട് അവയെ വിളിക്കുക 2:261

130. അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളുടെ ധനം ചെലവു ചെയ്യുക. 2:263

131. തങ്ങളുടെ ധനം ചെലവ് ചെയ്തത് (അതു സ്വീകരിച്ചവരോട്) ഔദാര്യമായി എടുത്തു പറയരുത്. 2:263

132. അവരുടെ മനസ്സ് വേദനിപ്പിക്കരുത്. 2:263

133. നല്ല വാക്ക് പറയുക. 2:264

134. (തെറ്റുകുറ്റങ്ങൾ) മാപ്പ് ചെയ്യുക. 2:264

135. ഉപദ്രവ വാക്കുകൾ പിന്തുടരരുത്. 2:264

136. (ചെയ്ത) ഉപകാരങ്ങൾ എടുത്തു പറഞ്ഞും ഉപദ്രവവാക്കുകൾ പറഞ്ഞും നിങ്ങളുടെ ദാനധർമ്മങ്ങളെ നിങ്ങൾ നിഷ്ഫലമാക്കരുത്. 2:265

137. അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കാതെ ജനങ്ങളെ കാണിക്കുവാനായി ചെലവ് ചെയ്യുന്നവനെപോലെ ആകരുത്. 2:265

138. നിങ്ങൾ സമ്പാദിച്ചുവെച്ചിരിക്കുന്ന നല്ല സാധനങ്ങളിൽ നിന്നും നിങ്ങൾ ചെലവു ചെയ്യുക. 2:268

139. ഭൂമിയിൽ നിന്നും നാം നിങ്ങൾക്കായി ഉല്പാദിപ്പിച്ചു തന്നിരിക്കുന്ന വസ്തുക്കളിൽ നിന്നും (ഒരംശം അല്ലാഹുവിന്റെ മാർഗത്തിൽ) നിങ്ങൾ ചെലവു ചെയ്യുക. 2:268

140. ചീത്തയായത് നിങ്ങൾ ചെലവു ചെയ്യുവാൻ ഉദ്ദേശിക്കരുത്. 2:268

141. നിങ്ങൾ ദാനധർമ്മങ്ങൾ പരസ്യമായി ചെയ്തുകൊള്ളുക. 2:272

142. അതു നിങ്ങൾ ഗോപ്യമാക്കുകയും ദരിദ്രർക്കു നല്കുകയും ചെയ്യുക അത് (ദാനധർമ്മങ്ങൾ) ഏറ്റവും നല്ലതുതന്നെ) 2:272

143. (പ്രസ്തുത ദാനധർമ്മങ്ങൾ) അല്ലാഹുവിന്റെ മാർഗത്തിൽ ജോലി നിർവ്വഹിക്കുക നിമിത്തം മറ്റു ജോലികളിൽ നിന്നും തടയപ്പെട്ട ദരിദ്രന്മാർക്ക് നല്കുക. 2:274

144. അല്ലാഹു വ്യാപാരത്തെ അനുവദിച്ചിരിക്കുന്നു. 2:276

145. പലിശയെ നിരോധിച്ചിരിക്കുന്നു. 2:276

146. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ അല്ലാഹുവിനെ സൂക്ഷിക്കുക. 2:279

147. പലിശയിൽ നിന്ന് (കിട്ടാൻ) ബാക്കിയുള്ളത് വിട്ടുകളയുക. 2:279

148. നിങ്ങൾ ആരോടും അന്യായം പ്രവർത്തിക്കരുത്. 2:280

149. (കടക്കാരിൽ) പ്രയാസമുള്ള വല്ല ആളും ഉണ്ടെങ്കിൽ (അവന്) സൗകര്യമുണ്ടാകുന്നതുവരെ അവധി നല്കുക. 2:281

150. (അയാൾക്ക്) ധർമ്മമായി (മൂലധനം) വിട്ടുകൊടുക്കുന്നതായാൽ അത് ഏറ്റവും നല്ലതാകുന്നു. 2:281

151. നിങ്ങൾ ഒരു നിശ്ചിത അവധി നിർണയിച്ചു കൊണ്ട് പരസ്പരം കടമിടപാട് ചെയ്യുന്നതായാൽ അത് നിങ്ങൾ എഴുതിരേഖപ്പെടുത്തുക. 2:283

152. നിങ്ങൾക്കിടയിൽ ഒരെഴുത്തുകാരൻ നീതിപുർവ്വം എഴുതട്ടെ. 2:283

153. ഒരെഴുത്തുകാരനും എഴുതുന്നതിന് വിസമ്മതം കാണിക്കരുത്. 2:283

154. കടബാധ്യതയുള്ളവർ എഴുതുവാൻ വാചകം പറഞ്ഞുകൊടുക്കുക. 2:283

155. (ഇടപാടുസംഖ്യയിൽ) അതിൽ നിന്ന് അവൻ ഒന്നും തന്നെ കുറവു വരുത്തരുത്. 2:283

156. ഇനി ധനത്തിന്റെ ബാധ്യതയുള്ളവൻ ഭോഷനോ,ബലഹീനനോ, അഥവാ പറഞ്ഞു കൊടുത്തു എഴുതിക്കുവാൻ കഴിവില്ലാത്ത

വനോ ആണെങ്കിൽ അവന്റെ രക്ഷകർത്താവ് (അവനു വേണ്ടി) നീതിപൂർവ്വം വാചകം പറഞ്ഞുകൊടുത്ത് എഴുതിക്കേണ്ടതാണ്. 2:283

157. നിങ്ങളുടെ പുരുഷന്മാരിൽ രണ്ടു പേരെ ഇതിനായി സാക്ഷി നിർത്തുക. 2:283

158. അല്ലെങ്കിൽ ഒരു പുരുഷനെയും രണ്ടു സ്ത്രീകളെയും സാക്ഷി നിർത്തുക. 2:283

159. സാക്ഷികളെ വിളിക്കുമ്പോൾ അവർ വിസമ്മതം പറയരുത്. 2:283

160. അത് (ഇടപാട്) ചെറുതായാലും വലുതായാലും അതിന്റെ അവധി നിർണ്ണയിച്ചുകൊണ്ട് അത് എഴുതി വെയ്ക്കുന്നതിന് നിങ്ങൾ ഉദാസീനത കാണിക്കുകയുമരുത്. 2:283

161. രൊക്കകച്ചവടത്തിന് രേഖ (എഴുതിവെയ്ക്കൽ) ആവശ്യമില്ല 2:283

162. സാക്ഷികളാകാൻ വിളിച്ചാൽ വിസമ്മതിക്കരുത്. 2:283

163. അത് (ഇടപാട്) ചെറുതായാലും വലുതായാലും അതിന്റെ അവധി നിർണ്ണയിച്ചുകൊണ്ട് അത് എഴുതി വെയ്ക്കുന്നതിന് നിങ്ങൾ ഉദാസീനത കാണിക്കരുത്. 2:283

164. നിങ്ങൾ അന്യോന്യം ക്രയവിക്രയം ചെയ്യുമ്പോൾ സാക്ഷി നിർത്തുക. 2:283

165. എഴുത്തുകാരനെ വിഷമിപ്പിക്കരുത്. 2:283

166. സാക്ഷിയെ വിഷമിപ്പിക്കരുത്. 2:283

167. അല്ലാഹുവിനെ സൂക്ഷിക്കുക. 2:283

168. ഇനി നിങ്ങൾ യാത്രയിലായിരിക്കുകയും നിങ്ങൾക്കൊരു എഴുത്തകാരനെ കിട്ടാതെ വരികയും ചെയ്യുന്ന പക്ഷം (അപ്പോൾ കടം കൊടുത്തവന്) കൈവശപ്പണയം നല്കേണ്ടതാണ്. 2:284

169. വിശ്വസിച്ചേല്പിക്കുന്ന സാധനം തിരികെ ആവശ്യപ്പെടുമ്പോൾ മടക്കി കൊടുക്കേണ്ടതാണ്. 2:284

170. നിങ്ങൾ സാക്ഷ്യം മറച്ചുവെയ്ക്കരുത്. 2:284

171. അവിശ്വാസികൾ പരാജയപ്പെടുന്നതാണ്. 3:13

172. അവർ നരകത്തിൽ ഒരുമിച്ചു കൂട്ടപ്പെടുന്നതാണ്. 3:13

173. അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായ മതം ഇസ്ലാം (ദൈവത്തിങ്കലുള്ള സമ്പൂർണ്ണ സമർപ്പണം) മാത്രമാകുന്നു. 3:20

174. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും പ്രവാചകന്മാരെ അന്യായമായി വധിക്കുവാൻ ഉദ്ദേശിക്കുകയും മാത്രമല്ല മനുഷ്യരിൽ നിന്ന് നീതി പാലിക്കുവാൻ ഉപദേശിക്കുന്നവരെ വധിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നവരാരോ അവർക്ക് തീർച്ചയായും വേദനാജനകമായ ശിക്ഷയുണ്ടെന്ന് നീ മുന്നറിയിപ്പ് നല്കുക 3:22

175. അവർക്ക് (നിഷേധികൾക്ക്) സഹായികളാരും ഉണ്ടായിരുക്കുന്നതല്ല 3:23

176. ഓരോ മനുഷ്യനും സമ്പാദിച്ചത് (അന്ന്) അവന് പരിപൂർണ്ണമായി നല്കുന്നതാണ് 3:26

177. അവരോട് യാതൊരു അനീതിയും കാണിക്കുകയുമില്ല 3:26

178. സത്യവിശ്വാസികൾ, സത്യവിശ്വാസികളെ വിട്ടുകൊണ്ട് അവിശ്വാസികളെ മിത്രങ്ങളാക്കരുത്. 3:29

179. അവിശ്വാസികളിൽ നിന്നും നിങ്ങൾ പൂർണ്ണമായി സ്വയം സുരക്ഷിതരായി നിലകൊള്ളുക. 3:29

180. എല്ലാ ഓരോ ആളും (താൻ) ചെയ്തിട്ടുള്ള ഏതൊരുനന്മയും തിന്മയും അവന്റെ മുമ്പാകെ കൊണ്ടുവരപ്പെടുന്നത് അവൻ കാണുന്ന നാളിനെക്കുറിച്ച് (ജാഗ്രതയായിരിക്കുക.) 3:31

181. നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. 3:32

182. നിങ്ങൾ അല്ലാഹുവിനെയും ഈ ദൂതനെയും അനുസരിക്കുക. 3:33

183. നിന്റെ നാഥനെ അധികമായി സ്മരിക്കുക. 3:42

184. പ്രദോഷത്തിലും പ്രഭാതത്തിലും നീ അവന് സ്തോത്രം ചെയ്യുക. 3:42

185. നീ നിന്റെ നാഥന് വഴിപ്പെട്ടു ജീവിക്കുക. 3:44

186. നീ സാഷ്ടാംഗം പ്രണമിക്കുക. 3:44

187. ഏകദൈവത്തെ ആരാധിക്കുന്നവരോടൊപ്പം ആരാധിക്കുക. 3:44

188. അവിശ്വാസികൾക്ക് സഹായികൾ ആരും ഉണ്ടായിരിക്കില്ല. 3:57

189. ഉണ്ടാവുക എന്നു പറഞ്ഞാൽ ഉണ്ടാകുന്നു. 3:60

190. ഇത് നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യമാണ് അതിനാൽ നീ സംശയാലുക്കളിൽ പെട്ടവനാകരുത്. 3:61

191. ഓ! ഗ്രന്ഥാനുസാരികളെ! (കുറഞ്ഞപക്ഷം) ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ തുല്യസമ്മതമായ ഒരു കാര്യത്തിലേക്ക്-അല്ലാഹുവല്ലാതെ നാം ആരെയും ആരാധിക്കുകയില്ലെന്നും അവനോട് യാതൊന്നിനേയും പങ്കുചേർക്കുകയില്ലെന്നും നമ്മളിൽ ചിലർ മറ്റു ചിലരെ അല്ലാഹുവിന് പുറമെ രക്ഷാധികാരികളാക്കുകയില്ലെന്നും (ഉള്ള തത്വത്തത്തിലേക്ക്) വരുക. 3:65

192. നിങ്ങൾ (അല്പം) അറിവുള്ള കാര്യത്തെകുറിച്ച് തർക്കിക്കരുത്. 3:67

193. അതുകൊണ്ട് യാതൊരറിവും ഇല്ലാത്തകാര്യത്തെകുറിച്ച് നിങ്ങൾ അശ്ലേഷം തർക്കിക്കരുത്. 3:67

194. നിങ്ങൾ ഇഷ്ടപ്പെടുന്നതിൽ നിന്ന് നിങ്ങൾ ചെലവഴിക്കുക. 3:93

195. അല്ലാഹു സത്യം പറഞ്ഞിരിക്കുന്നു. അതിനാൽ ദൈവമാർഗത്തിൽ ഉറച്ചു നിന്നവനായ ഇബ്റാഹീമിന്റെ മതത്തെ നിങ്ങൾ പിന്തുടരുക. 3:96

196. (മക്കയിലേക്ക്) പോകാൻ കഴിവുള്ള എല്ലാ മനുഷ്യർക്കും പ്രസ്തുത മന്ദിരത്തിൽ ചെന്ന് ഹജ്ജ് നിർവ്വഹിക്കേണ്ടത് അല്ലാഹുവിനോടുള്ള കടമയാണ്. 3:98

197. അല്ലാഹുവിനെ സൂക്ഷിക്കേണ്ട മുറയനുസരിച്ച് സൂക്ഷിക്കുക. 3:103

198. പൂർണമായ അനുസരണം പുലർത്തുന്നവരായികൊണ്ടല്ലാതെ നിങ്ങൾ മരിക്കാനിടയാകരുത്. 3:103

199. നിങ്ങൾ എല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ പാശത്തെ മുറുകെപിടിക്കുക. 3:104

200. നിങ്ങൾ ഭിന്നിക്കരുത്. 3:104

201. തങ്ങൾക്ക് വ്യക്തമായ തെളിവുകൾ വന്നുകിട്ടിയ ശേഷം ഭിന്നിച്ച് ചേരിപിരിഞ്ഞവരെപ്പോലെ നിങ്ങളാവരുത്. 3:106

202. സത്യവിശ്വാസം സ്വീകരിച്ചവരെ, നിങ്ങളുടെ സ്വന്തം ആളുകളെ വിട്ടുകൊണ്ട് (മറ്റുള്ളവരെ) നിങ്ങൾ ആത്മമിത്രങ്ങളായി സ്വീകരിക്കരുത്. 3:119

203. വിശ്വസിച്ചവരെ, പല ഇരട്ടികളായി വർദ്ധിപ്പിക്കുന്ന പലിശ മുതൽ നിങ്ങൾ തിന്നരുത്. 3:131

204. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. 3:131

205. അവിശ്വാസികൾക്കായി ഒരുക്കിവയ്ക്കപ്പെട്ട അഗ്നിയെ നിങ്ങൾ സൂക്ഷിക്കുക. 3:132

206. നിങ്ങൾ അല്ലാഹുവിനേയും (ഈ) ദൂതനെയും അനുസരിക്കുക. 3:133

207. നിങ്ങൾ ബലഹീനത കാണിക്കരുത്, നിങ്ങൾ വ്യസനിക്കുകയുമരുത്. 3:140

208. അല്ലാഹുവിന്റെ അനുമതിയോടു കൂടിയല്ലാതെ ഒരാൾക്കും മരിക്കാനാവില്ല. 3:146

209. വിശ്വസിച്ചവരെ നിങ്ങൾ അവിശ്വാസികളെ അനുസരിക്കരുത്. 3:150

210. അവർ തങ്ങളുടെയടുക്കൽ ആയിരുന്നുവെങ്കിൽ വധിക്കപ്പെടുകയോ മരിക്കുകയോ ചെയ്യുമായിരുന്നില്ല എന്നു പറഞ്ഞവരെപോലെ നിങ്ങളാകരുത്. 3:157

211. അവർക്ക് നീ മാപ്പ് നല്കുക. 3:160

212. അവർക്കായി പാപമോചനത്തിന് വേണ്ടി പ്രാർത്ഥിക്കുക. 3:160

213. പ്രധാന കാര്യങ്ങളിൽ അവരുമായി കൂടി ആലോചിക്കുക. 3:160

214. കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ നീ അല്ലാഹുവിൽ ഭരമേല്പിക്കുക. 3:160

215. അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെട്ടവർ മരിച്ചവരാണെന്ന് നീ ഒരിക്കലും ധരിക്കരുത്. 3:170

216. നിങ്ങൾ പിശാചുക്കളെ ഭയപ്പെടരുത്. 3:176

217. നിങ്ങൾ എന്നെ ഭയപ്പെടുക. 3:176

218. അവിശ്വാസത്തിൽ ധൃതിപ്പെട്ട് ഓടിച്ചെല്ലുന്നവർ നിന്നെ വ്യാകുലപ്പെടുത്താതിരിക്കട്ടെ. 3:177

219. സത്യവിശ്വാസത്തിന് പകരം അവിശ്വാസത്തെ വിലയ്ക്കു വാങ്ങിയവർക്ക് വേദനാജനകമായ ശിക്ഷ ഉണ്ടാകുന്നതാണ്. 3:178

220. നല്ലതിൽ നിന്നും ചീത്തയെ വേർതിരിക്കുന്നതുവരെ, നിങ്ങളെ ഇപ്പോഴുള്ള സ്ഥിതിയിൽ അല്ലാഹു വിശ്വാസികളെ വിട്ടുകളയുകയില്ല. 3:180

221. നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുക 3:180

222. ലുബ്ധ് കാണിക്കുന്നത് ഗുണകരമാണെന്ന് ധരിക്കരുത് 3:181

223. നിങ്ങൾ സഹനം കൈക്കൊള്ളുക. 3:187

224. നിങ്ങൾ സൂക്ഷ്മത പാലിക്കുക. 3:187

225. സ്വദേശം വിടുകയും തങ്ങളുടെ വീടുകളിൽ നിന്ന് പുറത്താക്കപ്പെടുകയും എന്റെ മാർഗത്തിൽ ഉപദ്രവിക്കപ്പെടുകയും, യുദ്ധം ചെയ്യുകയും, കൊല്ലപ്പെടുകയും ചെയ്തവരാരോ, തീർച്ചയായും അവരിൽ നിന്നു അവരുടെ തിന്മകൾ ഞാൻ അകറ്റിക്കളയുകയും താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന ആരാമങ്ങളിൽ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്. 3:196

226. അവിശ്വാസികൾ നാടുകളിൽ സൈ്വരവിഹാരം ചെയ്യുന്നത് നിന്നെ വഞ്ചിക്കാതിരിക്കട്ടെ 3:197

227. വിശ്വാസികളെ! നിങ്ങൾ സഹനം കൈക്കൊള്ളുക 3:201

228. നിങ്ങൾ സഹനം കൈക്കൊള്ളുന്നതിൽ മറ്റുള്ളവരെ ജയിക്കുക 3:201

229. എതിർ ശക്തികളെ വീക്ഷിച്ചുകൊണ്ട് കാവൽ നില്ക്കുക. 3:201

230. അല്ലാഹുവിന്റെ നിയമങ്ങളെ സൂക്ഷിക്കുക. 3:201

231. മനുഷ്യരെ, നിങ്ങളെ ഒരേയൊരു സത്തയിൽ നിന്ന് സൃഷ്ടിക്കുകയും, അതിൽ നിന്ന് അതിന്റെ ഇണയേയും സൃഷ്ടിക്കുകയും, അവ രണ്ടിൽ നിന്നുമായി നിരവധി പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്ത നിങ്ങളുടെ നാഥനെ നിങ്ങൾ സൂക്ഷിക്കുക. 4:02

232. അനാഥർക്ക് അവരുടെ ധനം വിട്ടുകൊടുക്കുക 4:03

233. നിങ്ങൾ നല്ലത് എടുക്കുകയും അനാഥർക്ക് ചീത്തയെ എടുക്കുകയുമരുത്. 4:03

234. നിങ്ങളുടെയും അനാഥരുടെയും ധനം കൂട്ടിചേർത്ത് ഭക്ഷിക്കുകയുമരുത്. 4:03

235. അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്ക് നീതി പാലിക്കാനാവി ല്ലെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം നിങ്ങൾക്ക് നന്നായി തോന്നുന്ന (മറ്റു)സ്ത്രീകളിൽ നിന്ന് രണ്ടു വീതമോ, മൂന്നുവീ തമോ, നാലു വീതമോ നിങ്ങൾ വിവാഹം ചെയ്തു കൊള്ളുക. 4:04

236. നീതിപൂർവ്വം വർത്തിക്കുവാൻ കഴിയില്ലെങ്കിൽ ഒരാളെ വിവാഹം കഴിക്കുക. 4:04

237. അല്ലെങ്കിൽ നിങ്ങളുടെ ഉടമയിലുള്ള അടിമ സ്ത്രീകളിൽ നിന്ന് (വിവാഹം ചെയ്തു കൊള്ളുക) 4:04

238. സ്ത്രീകൾക്ക് അവരുടെ വിവാഹമൂല്യം മനഃസംതൃപ്തിയോടെ നല്കുക. 4:05

239. അതിൽ നിന്ന് അവർ സ്വമനസ്സാലെ വല്ലതും നിങ്ങൾക്ക് വിട്ടുത രുന്നതായാൽ അത് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക. 4:05

240. നിങ്ങളുടെ നിലനില്പിനായി നിങ്ങൾക്ക് ആശ്രയമാക്കി തന്നി രിക്കുന്ന നിങ്ങളുടെ ധനം ബുദ്ധിപക്വതയില്ലാത്തവർക്ക് വിട്ടു കൊടുക്കരുത്. 4:06

241. നിങ്ങൾ അവർക്ക് അതിൽ നിന്ന് ആഹാരവും വസ്ത്രവും നല്കുകയും അവരോട് നല്ല വാക്ക് പറയുകയും ചെയ്യുക. 4:06

242. അനാഥരുടെ കാര്യപ്രാപ്തി പരീക്ഷിച്ചു കൊണ്ടിരിക്കുക. . 4:07

243. പക്വത കണ്ടറിഞ്ഞാൽ അവരുടെ മുതലുകൾ അവർക്ക് വിട്ടു കൊടുക്കുക. 4:07

244. അവർ വളർന്നുവരുന്നതുകണ്ട് അമിതമായും ധൃതിപ്പെട്ടും നിങ്ങൾ അത് തിന്നു കളയരുത്. 4:07

245. വല്ലവനും സമ്പന്നനാണെങ്കിൽ (അനാഥരുടെ ധനത്തിൽ നിന്നെ ടുക്കാതെ) പൂർണ്ണമായും ഒഴിഞ്ഞു നില്കുക. 4:07

246. ദരിദ്രനാണെങ്കിൽ ന്യായമായി ഭക്ഷിച്ചുകൊള്ളട്ടെ. 4:07

247. അവരുടെ ധനം വിട്ടുകൊടുക്കുമ്പോൾ അതിന് സാക്ഷികളെ നിർത്തുക. 4:07

248. (അവകാശ സ്വത്ത്)ഓഹരിവെയ്ക്കുന്ന അവസരത്തിൽ അടുത്ത ബന്ധുക്കളും, അനാഥരും, അഗതികളും (അവിടെ) ഹാജരുണ്ടെങ്കിൽ അവർക്കും അതിൽ നിന്നും വല്ലതും കൊടുക്കുക. 4:09

249. അവരോട് നല്ലവാക്ക് പറയുക. 4:09

250. തങ്ങളുടെ പിന്നിൽ ബലഹീനരായ സന്താനങ്ങളെ വിട്ടുപോകുന്ന പക്ഷം ഉത്കണ്ഠാകുലരാകുന്നവർ മറ്റു അനാഥരുടെ കാര്യത്തിലും അല്ലാഹുവിനെ ഭയപ്പെടട്ടെ. 4:10

251. നിങ്ങളുടെ സന്താനങ്ങളുടെ അവകാശസംബന്ധമായി രണ്ട് പെണ്ണിന്റെ ഓഹരിക്കു തുല്യമായത് ഒരാണിന് ലഭിക്കുന്നു, അവർ രണ്ടിനു മേൽ സ്ത്രീകൾ മാത്രം എങ്കിൽ മരണപ്പെട്ട ആൾ വിട്ടുപോയതിന്റെ മൂന്നിൽ രണ്ടു ഭാഗം അവർക്കുള്ളതാണ്. 4:12

252. അവൾ ഒരുത്തിമാത്രമാണുള്ളതെങ്കിൽ അവർക്ക് പകുതി ലഭിക്കും. 4:12

253. മരിച്ച ആൾക്ക് മക്കളുണ്ടെങ്കിൽ അയാളുടെ മാതാപിതാക്കൾക്ക് ഓരോരുത്തർക്കും അയാൾ വിട്ടേച്ചുപോയ സ്വത്തിന്റെ ആറിലൊന്നു വീതം ലഭിക്കും. 4:12

254. ഇനി അയാൾക്ക് മക്കളില്ലാതിരിക്കുകയും മാതാപിതാക്കൾ അയാളുടെ അവകാശികളാവുകയും ചെയ്താൽ അപ്പോൾ അയാളുടെ മാതാവിന് മൂന്നിലൊന്ന് ലഭിക്കും. 4:12

255. ഇനി അയാൾക്ക് സഹോദരങ്ങളുണ്ടെങ്കിൽ മാതാവിന് ആറിലൊന്ന് ലഭിക്കുന്നു. 4:12

256. വസിയ്യത്തും കടവും വീട്ടിയ ശേഷമായിരിക്കണം ഇങ്ങനെ വിഭജിക്കേണ്ടത്. 4:12

257. നിങ്ങളുടെ ഭാര്യമാർ വിട്ടുപോയതിന്റെ പകുതി നിങ്ങൾക്കുള്ളതാണ്, അവർക്ക് സന്താനമില്ലെങ്കിൽ. 4:13

258. എന്നാൽ അവർക്ക് സന്താനമുണ്ടെങ്കിൽ അവർ വിട്ടുപോയ ധനത്തിന്റെ നാലിലൊരംശമാണ് നിങ്ങൾക്ക് ലഭിക്കുക. 4:13

259. നിങ്ങൾക്ക് സന്താനമില്ലെങ്കിൽ നിങ്ങൾ വിട്ടുപോകുന്ന സ്വത്തിന്റെ നാലിലൊരു ഭാഗം അവർക്ക് (ഭാര്യമാർക്ക്) ഉള്ളതാണ്. 4:13

260. നിങ്ങൾക്ക് സന്താനമുണ്ടെങ്കിൽ നിങ്ങൾ വിട്ടുപോകുന്ന ധനത്തിന്റെ എട്ടിൽ ഒരംശമാണ് അവർക്ക് (ഭാര്യമാർക്ക്) ലഭിക്കുക. 4:13

261. സ്വത്തുടമയായ (മരിച്ച) സ്ത്രീയോ പുരുഷനോ കലാലയാണെങ്കിൽ, അയാൾക്ക് ഒരു സഹോദരനോ സഹോദരിയോ ഉണ്ടുതാനും എന്നാൽ, അവരിൽ ഓരോരുത്തർക്കും ആറിലൊന്നും വീതം ലഭിക്കും. 4:13

262. ഇനി അവർ (എല്ലാവരും) അതിനേക്കാൾ കൂടുതൽ പേർ ഉണ്ടായിരുന്നാൽ അപ്പോൾ അവർ മൂന്നിലൊരംശത്തിൽ പങ്കാളികളത്രേ. 4:13

263. നിങ്ങളുടെ സ്ത്രീകളിൽ നിന്ന് അസാൻമാർഗിക പ്രവൃത്തിയിലേർപ്പെടുന്നവരാരോ അവർക്കെതിരിൽ നിങ്ങളിൽപെട്ട നാലു പേരെ സാക്ഷി നിർത്തുക. 4:16

264. സാക്ഷ്യം വഹിച്ചു കഴിഞ്ഞാൽ മരണം അവരെ പിടികൂടുകയോ, അല്ലാഹു അവർക്ക് ഒരുമോചനമാർഗം ഉണ്ടാക്കിക്കൊടുക്കുന്നതുവരെയോ അവരെ (സ്ത്രീകളെ) വീടുകളിൽ തടഞ്ഞുനിർത്തുക. 4:16

265. നിങ്ങളിൽ നിന്ന് ആ നീചകൃത്യം ചെയ്യുന്ന രണ്ടു പുരുഷന്മാരാരോ അവർ രണ്ടു പേരേയും പീഡിപ്പിക്കുക. 4:17

266. അവർ ഇരുവരും പശ്ചാത്തപിക്കുകയും സ്വയം തിരുത്തി നന്നാക്കിത്തീർക്കുകയും ചെയ്തെങ്കിൽ അവരെ വിട്ടയയ്ക്കുക.4:17

267. സ്ത്രീകളെ നിർബന്ധപൂർവ്വം അനന്തരാവകാശമായി സ്വീകരിക്കുന്നത് നിങ്ങൾക്ക് അനുവദനീയമല്ല. 4:20

268 നിങ്ങൾ അവൾക്ക് നല്കിയ ധനത്തിൽ നിന്ന് ഒരംശം കരസ്ഥമാക്കിക്കൊണ്ട് പോകേണ്ട ഉദ്ദേശത്തോടെ അവരെ തടഞ്ഞുവെക്കുകയുമരുത്! അവർ പ്രത്യക്ഷമായ എന്തെങ്കിലും അസാൻമാർഗിക കൃത്യങ്ങളിലേർപെടുന്നുവെങ്കിലല്ലാതെ. 4:20

269. ഒരു ഭാര്യയുടെ സ്ഥാനത്ത് മറ്റൊരു ഭാര്യയെ മാറ്റിയെടുക്കണമെന്ന് നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ അവരിൽ ഒരുവൾക്ക് നിങ്ങൾ(ധനത്തിന്റെ) ഒരു കുമ്പാരം (തന്നെ) കൊടുത്തിട്ടുമുണ്ട് (എന്നാലും) അതിൽ നിന്ന് ഒന്നും തന്നെ (തിരിച്ച്) എടുക്കരുത്. 4:21

270. വ്യാജ ആരോപണം ഉന്നയിക്കരുത്, പാപം ചെയ്യരുത്. 4:21

271. നിങ്ങളുടെ പിതാക്കന്മാർ വിവാഹം ചെയ്തു കഴിഞ്ഞ സ്ത്രീകളെ നിങ്ങൾ വിവാഹം ചെയ്യരുത്. 4:23

272. നിങ്ങളുടെ മാതാക്കളും, നിങ്ങളുടെ പുത്രികളും, നിങ്ങളുടെ സഹോദരികളും, നിങ്ങളുടെ പിതൃസഹോദരികളും, നിങ്ങളുടെ മാതൃസഹോദരികളും, സഹോദര പുത്രികളും, സഹോദരി പുത്രികളും, നിങ്ങളെ മുലയൂട്ടിയ നിങ്ങളുടെ വളർത്തു മാതാക്കളും, മുലകുടി ബന്ധത്തിൽപെട്ട നിങ്ങളുടെ സഹോദരികളും, നിങ്ങളുടെ ഭാര്യമാരുടെ മാതാക്കളും, നിങ്ങൾ ബന്ധം പുലർത്തിയ നിങ്ങളുടെ ഭാര്യമാരിൽ നിന്നുള്ള നിങ്ങളുടെ വളർത്തു പുത്രികളും നിങ്ങൾക്ക് (വിവാഹ ചെയ്യുന്നത്) നിരോധിക്കപ്പെട്ടിരിക്കുന്നു. 4:24

273. എന്നാൽ നിങ്ങൾ ആ ഭാര്യമാരുമായി ബന്ധം പുലർത്തിയിട്ടില്ലെങ്കിൽ (അവരുടെ പെൺമക്കളെ വിവാഹം ചെയ്യുന്നതിൽ) നിങ്ങൾക്ക് കുറ്റമില്ല. 4:24

274. നിങ്ങളുടെ ഔരസ പുത്രൻമാരുടെ ഭാര്യമാരെ (വിവാഹം ചെയ്യുന്നതും) വിവാഹബന്ധത്തിൽ രണ്ടു സഹോദരിമാരെ ഒരുമിച്ചുകൂട്ടുന്നതും (നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.) 4:24

275. (അന്യരുടെ) വിവാഹബന്ധത്തിലിക്കുന്ന സ്ത്രീകളും (നിരോധിക്കപ്പെട്ടിരിക്കുന്നു.) 4:25

276. നിങ്ങൾ ദാമ്പത്യസുഖം അനുഭവിച്ചു കഴിഞ്ഞാൽ അവരുടെ പ്രതിഫലം (വിവാഹമൂല്യം) നിശ്ചയിക്കപ്പെട്ട വിധം അവർക്ക് കൊടുക്കുക. 4:25

277. വിശ്വാസിനികളായ സ്വതന്ത്ര സ്ത്രീകളെ വിവാഹം കഴിക്കുന്നതിന് നിങ്ങളിൽ ആർക്കെങ്കിലും സാമ്പത്തികമായി കഴിവില്ലെങ്കിൽ, നിങ്ങളുടെ ഉടമസ്ഥതയിലുള്ള സത്യവിശ്വാസിനികളായ അടിമ യുവതികളിൽ നിന്നും (വല്ല സ്ത്രീകളെയും) വിവാഹം ചെയ്യുക. 4:26

278. അവരുടെ രക്ഷാധികാരികളുടെ അനുമതിയോടെ നിങ്ങൾ അവരെ വിവാഹം ചെയ്തു കൊള്ളുക. 4:26

279. നിങ്ങളുടെ ധനം പരസ്പരം അന്യായമായ നിലയിൽ കരസ്ഥമാക്കി ഭക്ഷിക്കരുത്. 4:30

280. നിങ്ങൾ നിങ്ങളെതന്നെ വധിക്കുകയുമരുത്. 4:30

281. ഏതൊന്നുകൊണ്ട് അല്ലാഹു നിങ്ങളിൽ ചിലരെ മറ്റു ചിലരേക്കാൾ ശ്രേഷ്ഠരാക്കിയിരിക്കുന്നുവോ അത് നിങ്ങൾ കൊതിക്കരുത്. 4:33

282. മാതാപിതാക്കൾക്കും അടുത്തബന്ധുക്കൾക്കും അവർക്ക് നിങ്ങൾ അവരുടെ വിഹിതം നൽക്കുക. 4:34

283. ഏത് സ്ത്രീകളിൽ നിന്ന് നിങ്ങൾ അനുസരണക്കേട് ഉണ്ടാകുമെന്ന് ആശങ്കിക്കുന്നുവോ അവരെ നിങ്ങൾ ആദ്യമായി ഉപദേശിക്കുക. 4:35

284. അതുഫലിച്ചില്ലെങ്കിൽ ശയ്യാതലങ്ങളിൽ അവർ വേർപെടുത്തുക,(എന്നിട്ടും അനുസരിക്കുന്നില്ലെങ്കിൽ) നിങ്ങൾ അവരെ (ലഘുവായി) അടിക്കുക, എന്നിട്ട് അവർ നിങ്ങളെ അനുസരിച്ചു കഴിഞ്ഞാൽ പിന്നെ അവക്കെതിരിൽ നിങ്ങൾ ഒരു മാർഗവുമന്വേഷിക്കരുത്. 4:35

285. എന്നിട്ടും അവർ രണ്ടുപേർക്കുമിടയിൽ പിളർപ്പുണ്ടാകുമെന്ന് നിങ്ങൾ (സമൂഹം) ഭയപ്പെടുന്നപക്ഷം അവന്റെ ബന്ധുക്കളിൽ

നിന്നും ഒരു മധ്യസ്ഥനെയും അവളുടെ ബന്ധുക്കളിൽ നിന്ന് ഒരു മധ്യസ്ഥനെയും നിങ്ങൾ നിശ്ചയിക്കുക. 4:36

286. നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. 4:37

287. അവന്റെ കൂടെ മറ്റൊന്നിനേയും പങ്കുചേർക്കരുത്. 4:37

288. മാതാപിതാക്കൾക്ക് നിങ്ങൾ നന്മ ചെയ്യുക. 4:37

289. അടുത്തബന്ധുക്കൾ, അനാഥർ, അഗതികൾ, അടുത്തബന്ധുവായ അയൽവാസി, അന്യനായ അയൽവാസി, തൊട്ടടുത്തുള്ള കൂട്ടുകാരൻ, യാത്രക്കാരൻ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ എന്നിവർക്ക് നിങ്ങൾ നന്മ ചെയ്യുക. 4:37

290. നിങ്ങൾ അബോധ മാനസരായിരിക്കെ നമസ്ക്കാരത്തെ സമീപിക്കരുത്. 4:44

291. നിങ്ങൾ ജനാബത്ത് ഉള്ളവരായിരിക്കുമ്പോഴും കുളിക്കുന്നതു വരെ (നമസ്ക്കാരത്തെ സമീപിക്കരുത്.) 4:44

292. നിങ്ങളിൽ ഒരാൾ മലവിസർജ്ജനം ചെയ്തു വന്നു (വെള്ളം കിട്ടിയതുമില്ല) അല്ലെങ്കിൽ നിങ്ങൾ സ്ത്രീകളെ സ്പർശിച്ചു, എന്നിട്ട് നിങ്ങൾക്ക് വെള്ളം കിട്ടിയതുമില്ല, എന്നാൽ ശുദ്ധമണ്ണുപയോഗിച്ച് തയമ്മം ചെയ്യുക. 4:44

293. ദൈവീക ഗ്രന്ഥം നല്കപ്പെട്ടവരെ, നിങ്ങളുടെ കൂടെയുള്ളതിനെ സാക്ഷാത്ക്കരിച്ചുകൊണ്ട് നാം അവതരിപ്പിച്ചതിനെ നിങ്ങൾ വിശ്വസിക്കുക. 4:48

294. അമാനത്തുകൾ അവയുടെ അവകാശികൾക്ക് നല്കുക. 4:59

295. ജനങ്ങൾക്കിടയിൽ നിങ്ങൾ വിധി കല്പിക്കുമ്പോൾ നീതിപൂർവ്വം നിങ്ങൾ വിധി കല്പിക്കുക. 4:59

296. അല്ലാഹുവിനെയും അവന്റെ ദൂതനെയും നിങ്ങളിൽ നിന്നുള്ള അധികാരസ്ഥരെയും അനുസരിക്കുക. 4:60

297. നിങ്ങൾ ഏതെങ്കിലും ഒരു കാര്യത്തിൽ ഭിന്നിച്ചാൽ അത് അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും ഏല്പിക്കുക. 4:60

298. കപടവിശ്വാസികളിൽ നിന്ന് വിട്ടുമാറുകയും അവരെ ഉപദേശിക്കുകയും അവരുടെ ഉള്ളിൽ തട്ടുന്ന വാക്കുകൾ അവരോട് പറയുകയും ചെയ്യുക. 4:64

299. വിശ്വസിച്ചവരെ, നിങ്ങളുടെ രക്ഷയ്ക്കു വേണ്ടി എപ്പോഴും മുൻകരുതലുകൾ എടുത്തുകൊള്ളുക. 4:72

300. എന്നിട്ട് ആവശ്യം നേരിടുമ്പോൾ വിവിധ സംഘങ്ങളായോ എല്ലാവരും ഒത്തുചേർന്നോ (ശത്രുക്കൾക്കെതിരിൽ സമരത്തിനായി) പുറപ്പെടുക. 4:72

301. പാരത്രിക ജീവിതത്തിനു പകരം ഐഹിക ജീവിതത്തെ വില്ക്കുന്നവർ ദൈവവഴിയിൽ പോരാടട്ടെ. 4:75

302. ഒരു അഭിവാദനം കൊണ്ട് നിങ്ങൾ ആശംസിക്കപ്പെട്ടാൽ അതിനേക്കാൾ ഉത്തമമായ ഒന്നു കൊണ്ട് നിങ്ങൾ (തിരിച്ച് അങ്ങോട്ടും) ആശംസിക്കുക. 4:87

303. അഥവാ നിങ്ങൾ ആശംസിക്കപ്പെട്ട അതേ നിലയിൽ തിരിച്ചും ആശംസിക്കുക. 4:87

304. അതുകൊണ്ട് അവർ അല്ലാഹുവിന്റെ മാർഗത്തിൽ സ്വദേശം വെടിയുന്നതുവരെയും അവരിൽ നിന്ന് ആരേയും നിങ്ങൾ മിത്രങ്ങളായി സ്വീകരിക്കരുത്. 4:90

305. ഇനി അവർ പിന്തിരിഞ്ഞു കളയുന്നതായാൽ, നിങ്ങൾ അവരെ കണ്ടു മുട്ടുന്നേടത്തുവെച്ച് അവരോടു പോരാടുക. 4:90

306. അവരിൽ ആരെയും നിങ്ങൾ മിത്രമോ സഹായിയോ ആക്കരുത്. 4:90

307. സന്ധി ആഗ്രഹിക്കുന്നവരോട് സന്ധി ചെയ്യുക. 4:91

308. മറ്റു ചിലർ നിങ്ങളോട് സമാധാനപൂർവ്വം വർത്തിക്കേണമെന്നും തങ്ങളുടെ സ്വന്തം ആളുകളോട് സമാധാനപൂർവ്വം വർത്തിക്കേണമെന്നും അവർ ഉദ്ദേശിക്കുന്നു, അവർ കുഴപ്പത്തിലേക്ക് തിരികെപ്പെടുമ്പോഴെല്ലാം അവർ അതിൽ വീഴ്ത്തപ്പെടുന്നു. അതുകൊണ്ട് അവർ നിങ്ങളെ വിട്ടുനില്ക്കുകയും നിങ്ങളുടെ

അടുക്കലേക്ക് സമാധാന സന്ദേശം അയയ്ക്കുകയും തങ്ങളുടെ കൈകളെ (അക്രമത്തിൽ നിന്ന്) തടയുകയും ചെയ്തില്ലെങ്കിൽ നിങ്ങൾ അവരെ കണ്ട് കിട്ടുമ്പോൾ അവരോട് പോരാടുക. 4:92

309. ഇനി ആരെങ്കിലും അബദ്ധത്തിൽ ഒരു സത്യവിശ്വാസിയെ കൊല ചെയ്തു പോയാൽ(അതിനുള്ള പ്രായശ്ചിത്തം)ഒരു സത്യവിശ്വാസിയായ അടിമയെ മോചിപ്പിക്കുകയും അവന്റെ(കൊല്ലപ്പെട്ടവന്റെ)കുടുംബത്തിന് നഷ്ടപരിഹാരം നല്കുകയും ചെയ്യുക. 4:93

310. ഇനി ആ (വധിക്കപ്പെട്ടവൻ) ശത്രുവായ ഒരു ജനതയിൽപെട്ടവനും അവൻ സത്യവിശ്വാസിയുമാണെങ്കിൽ, അവൻ ഒരു സത്യവിശ്വാസിയായ അടിമയെ മോചിപ്പിക്കുന്നതാണ് അതിനുള്ള പ്രായശ്ചിത്തം. 4:93

311. അവൻ നിങ്ങളുമായി ഉടമ്പടി ബന്ധത്തിലുള്ള ജനതയിൽപെട്ടവനാണെങ്കിൽ, അവന്റെ കുടുംബത്തിന് നഷ്ടപരിഹാരം നല്കുകയും സത്യവിശ്വാസിയായ ഒരടിമയെ മോചിപ്പിക്കുകയും ചെയ്യേണ്ടതാണ്. 4:93

312. വല്ലവനും അതിനു കഴിവുണ്ടായില്ലെങ്കിൽ, തുടർച്ചയായി രണ്ടു മാസം നോമ്പനുഷ്ഠിക്കേണ്ടതാണ്. 4:93

313. വിശ്വസിച്ചവരെ! അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ സഞ്ചരിക്കുന്നവരാണെങ്കിൽ വിശദമായ അന്വേഷണം നടത്തുക. 4:95

314. നിങ്ങൾക്ക് സമാധാന സന്ദേശം ആശംസിക്കുന്നവനോട്, നീ സത്യവിശ്വാസിയല്ല എന്ന് പറയരുത്. 4:95

315. നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കുമ്പോൾ നിങ്ങളെ ഉപദ്രവിക്കുമെന്ന് ഭയപ്പെടുന്ന പക്ഷം നമസ്ക്കാരത്തെ ചുരുക്കുന്നതിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല. 4:102

316. നീ അവരിൽ ഉണ്ടായിരിക്കുകയും അവർക്കുവേണ്ടി നമസ്ക്കാരം നയിക്കുകയും ചെയ്യുമ്പോൾ അവരിൽ നിന്ന് ഒരു വിഭാഗം നിന്നോടൊപ്പം നമസ്ക്കരിക്കട്ടെ. 4:103

317. അങ്ങനെ അവർ സുജൂദ് ചെയ്തു കഴിഞ്ഞാൽ അവർ നിങ്ങളുടെ പിന്നിലേക്ക് (കാവൽക്കാരായി) മാറി നില്ക്കുകയും ചെയ്യട്ടെ. 4:103

318. (തദനന്തരം) നമസ്ക്കരിച്ചിട്ടില്ലാത്ത വിഭാഗം വന്നതിന്റെ കൂടെ നമസ്ക്കരിക്കുകയും ചെയ്യട്ടെ. 4:103

319. മഴ നിമിത്തം നിങ്ങൾക്ക് എന്തെങ്കിലും അസൗകര്യം ഉണ്ടായി തീരുകയോ നിങ്ങൾ രോഗികളാവുകയോ ചെയ്താൽ നിങ്ങളുടെ ആയുധങ്ങൾ (ധരിക്കാതെ) താഴെ വെയ്ക്കുന്നതിന് നിങ്ങൾക്കു വിരോധമില്ല. 4:103

320. അങ്ങനെ നിങ്ങൾ നമസ്ക്കാരം നിർവ്വഹിച്ചു കഴിഞ്ഞാൽ, നിന്നും ഇരുന്നും, നിങ്ങളുടെ പാർശ്വങ്ങളിലായി (കിടന്നും) അല്ലാഹുവിനെ സ്മരിക്കുക. 4:104

321. പിന്നീട് നിങ്ങൾ സമാധാന സ്ഥിതി പ്രാപിച്ചുകഴിഞ്ഞാൽ (മുറ പ്രകാരം) നമസ്ക്കാരം നിലനിർത്തുക. 4:104

322. ഈ (ശത്രു) സമൂഹത്തെ തേടിപ്പിടിക്കുന്നതിൽ നിങ്ങൾ ഉദാസീനരാവരുത്. 4:105

323. നീ വഞ്ചകന്മാർക്കു വേണ്ടി വാദിക്കുന്നവനാകരുത്. 4:106

324. അല്ലാഹുവിനോട് നീ പൊറുത്തു തരുന്നതിനായി അപേക്ഷിക്കുക. 4:107

325. ആത്മവഞ്ചന ചെയ്യുന്നവർക്കുവേണ്ടി നീ തർക്കിക്കരുത്. 4:108

326. തന്നോടുകൂട്ടുകാരെ നിശ്ചയിക്കുന്നത് അല്ലാഹു പൊറുക്കുകയില്ല. 4:117

327. അനാഥരോട് നിങ്ങൾ നീതിപൂർവ്വം വർത്തിക്കുക. 4:128

328. ഇനി ഒരു സ്ത്രീ തന്റെ ഭർത്താവിൽ നിന്ന് വഴക്കോ അവഗണനയോ ഉണ്ടായേക്കുമെന്ന് ഭയപ്പെടുന്നുവെങ്കിൽ അവർ രണ്ടു പേരും തമ്മിൽ ഒരു രഞ്ജിപ്പെടുണ്ടാക്കുന്നതിൽ തെറ്റൊന്നുമില്ല. 4:129

329. നിങ്ങൾ (ഒരുത്തിയുടെ ഭാഗത്തേക്ക്) മുഴുവനായും ചാഞ്ഞു പോകരുത്. 4:130

330. നിങ്ങൾക്ക് മുമ്പ് ഗ്രന്ഥം നല്കപ്പെട്ടവരോടും നിങ്ങളോട് (തന്നെയും) അല്ലാഹുവിനോടുള്ള ബാധ്യത സൂക്ഷിക്കുവിൻ എന്ന് നാം ശക്തമായ ശാസന നല്കിയിരിക്കുന്നു. 4:132

331. വിശ്വസിച്ചവരെ! നിങ്ങൾ പരിപൂർണ്ണമായി നീതി പാലിക്കുന്നവരും, അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ, അതു നിങ്ങൾക്കു തന്നെയോ(നിങ്ങളുടെ) മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽ പോലും (നീതിപൂർവ്വം വർത്തിക്കുക) 4:136

332. നിങ്ങൾ സ്വേച്ഛയെ പിൻപറ്റരുത്. 4:136

333. വിശ്വസിച്ചവരെ, അല്ലാഹുവിലും അവന്റെ ദൂതനിലും അവന്റെ ദൂതന് അവൻ ഇറക്കിയിട്ടുള്ള ഗ്രന്ഥത്തിലും (ഇതിന്) മുമ്പ് ഇറക്കിക്കഴിഞ്ഞ ഗ്രന്ഥത്തിലും വിശ്വസിക്കുക. 4:137

334. വിശ്വസിക്കുകയും പിന്നീട് അവിശ്വസിക്കുകയും പിന്നെയും വിശ്വസിക്കുകയും പിന്നെയും അവിശ്വസിക്കുകയും പിന്നീട് അവിശ്വാസം വർധിക്കുകയും ചെയ്തവരാരോ, അവർക്ക് അല്ലാഹു ഒരിക്കലും പൊറുത്തുകൊടുക്കുകയില്ല. 4:138

335. അവർക്കവൻ മോക്ഷമാർഗം കാണിച്ചുകൊടുക്കുകയുമില്ല. 4:138

336. അല്ലാഹുവിന്റെ വചനങ്ങളെ സംബന്ധിച്ച് നിഷേധം പ്രകടിപ്പിക്കുന്നതായും അതു പരിഹസിക്കപ്പെടുന്നതായും നിങ്ങൾ കേൾക്കുന്നതായാൽ, അവർ അതല്ലാത്ത മറ്റൊരു വിഷയത്തിൽ ഏർപ്പെടുന്നതുവരെ നിങ്ങൾ അവരോടൊപ്പം ഇരിക്കരുത്. 4:141

337. വിശ്വസിച്ചവരെ, സത്യവിശ്വാസികളെ വിട്ടുകൊണ്ട് അവിശ്വാസികളെ നിങ്ങൾ മിത്രങ്ങളായി സ്വീകരിക്കരുത്. 4:145

338. തിന്മയെ പരസ്യമാക്കി പറയരുത്. 4:149

339. ദ്രോഹിക്കപ്പെട്ടവന് പരസ്യമാക്കാവുന്നതാണ്. 4:149

340. അനുസരണം പുലർത്തിക്കൊണ്ട് നിങ്ങൾ ഈ വാതിലിലൂടെ പ്രവേശിക്കുക. 4:155

341. സബ്തിന്റെ കാര്യത്തിൽ നിങ്ങൾ അതിക്രമം പ്രവർത്തിക്കരുത്. 4:155

342. ജനങ്ങളെ, ഈ ദൈവദൂതൻ നിങ്ങളുടെ നാഥനിൽ നിന്നുള്ള സത്യവുമായി നിങ്ങളുടെയടുക്കൽ വന്നിരിക്കുന്നു അതു കൊണ്ട്, നിങ്ങൾ വിശ്വസിക്കുക. 4:171

343. ഗ്രന്ഥാനുസാരികളെ നിങ്ങൾ നിങ്ങളുടെ മതകാര്യത്തിൽ അമിതത്വം പ്രവർത്തിക്കരുത്. 4:171

344. അല്ലാഹുവിനെ സംബന്ധിച്ച് സത്യമല്ലാതെ നിങ്ങൾ പറയുകയുമരുത്. 4:172

345. നിങ്ങൾ അല്ലാഹുവിലും അവന്റെ എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കുക. 4:172

346. നിങ്ങൾ(ദൈവം) മൂന്നാണ് എന്ന് പറയരുത്. 4:172

347. നിങ്ങൾ(അങ്ങനെ പറയുന്നതിൽ നിന്ന്) വിരമിക്കുക. 4:172

348. കലാലയെപറ്റിയുള്ള വിധി. ഒരാൾ മരിച്ചു. അയാൾക്ക് സന്തതികളില്ല, ഒരു സഹോദരിയുണ്ട്, എന്നാൽ അവൻ വിട്ടുപോയ സ്വത്തിന്റെ പകുതിഭാഗം അവൾക്ക് (അവകാശപ്പെട്ടതാണ്) ഇനി സഹോദരി മരിച്ചുപോയാൽ) അവൾക്ക് സന്തതികളില്ലെങ്കിൽ അവൻ(സഹോദരൻ) അവളുടെ (മുഴുവൻ സ്വത്തിലും) അവകാശിയായിരിക്കും. 4:177

349. ഇനി അവർ രണ്ടുസഹോദരിമാരായാൽ അവൻ ഉപേക്ഷിച്ചതിന്റെ മൂന്നിൽ രണ്ടുഭാഗം അവർക്ക് രണ്ടുപേർക്കുമുള്ളതാണ്. 4:177

350. ഇനി ആ അവകാശികളായ സഹോദരങ്ങൾ പുരുഷന്മാരും സ്ത്രീകളും- ആയാൽ ആണിന് രണ്ട് പെണ്ണിന്റെ ഓഹരിക്ക് തുല്യമായ ഓഹരിയുണ്ടായിരിക്കും. 4:177

351. വിശ്വസിച്ചവരെ! (നിങ്ങളുടെ) കരാറുകൾ പൂർത്തിയാക്കുക. 5:02

352. നിങ്ങൾ ഇഹ്റാമിൽ പ്രവേശിച്ചാൽ വേട്ടയാടരുത്. 5:02

353. അല്ലാഹു നിശ്ചയിച്ച വിവരങ്ങളെ നിങ്ങൾ അനാദരിക്കരുത്. 5:03

354. ആദരണീയ മാസത്തെയും, ഹറമിന്റെ ഭാഗത്തേക്ക് കൊണ്ടു പോകുന്ന ബലിമൃഗത്തെയും, ഹറമിൽ അറുക്കപ്പെടുന്നതിന്റെ അടയാളമായി കഴുത്തിൽ പട്ടയിട്ട ബലിമൃഗങ്ങളെയും തങ്ങളുടെ രക്ഷിതാവിൽ നിന്നുള്ള അനുഗ്രഹത്തേയും തൃപ്തിയേയും അന്വേഷിച്ചുകൊണ്ട് ആദരണീയ മന്ദിരത്തിലേക്ക് പോകുന്നവരെയും (നിങ്ങൾ അനാദരിക്കരുത്.) 5:03

355. നിങ്ങൾ ഹജ്ജിൽ നിന്ന് വിരമിച്ചാൽ വേട്ടയാടിക്കൊൾക.5:03

356. പരിശുദ്ധ ദേവാലയത്തിൽ നിന്ന് നിങ്ങളെ തടഞ്ഞതിന്റെ പേരിൽ നിങ്ങൾ അതിക്രമം പ്രവർത്തിക്കരുത്. 5:03

357. നന്മയിലും അല്ലാഹുവിന്റെ വിധിവിലക്കുകൾ സൂക്ഷ്മമായി പാലിക്കുന്ന കാര്യത്തിലും നിങ്ങൾ അന്യോന്യം സഹായിക്കുക. 5:03

358. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്. 5:03

359. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. 5:03

360. ശവം, രക്തം, പന്നിമാംസം, അല്ലാഹുവല്ലാത്ത (മറ്റുവല്ല)തിന്റെയും പേരിൽ അർപ്പിക്കപ്പെട്ടത്, ശ്വാസംമുട്ടി ചത്തത്, അടിച്ചു കൊന്നത്, വീണുചത്തത്, കൊമ്പു കൊണ്ടു കുത്തി കൊലപ്പെട്ടത്, ദുഷ്ടജന്തുക്കൾ തിന്നു ബാക്കിയായത് (ജീവൻ പോകുന്നതിന് മുൻപ് നിങ്ങൾ മുറപ്രകാരം അറുക്കുന്നതൊഴിച്ച്), ബിംബങ്ങൾക്കുവേണ്ടി ബലിപീഠത്തിൽ അറുക്കപ്പെട്ടത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. 5:04

361. അമ്പുകൾകൊണ്ട് കുറിയിട്ട് ഓഹരിവെച്ച് എടുക്കുന്നതും വിരോധിച്ചിരിക്കുന്നു. 5:04

362. നിങ്ങൾ അവരെ(അവിശ്വാസികളെ) ഭയപ്പെടരുത്. 5:04

363. എന്നെ ഭയപ്പെടുക. 5:04

364. എല്ലാ പരിശുദ്ധ വസ്തുക്കളും നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. 5:05

365. (മാത്രമല്ല) അല്ലാഹു നിങ്ങൾക്ക് പഠിപ്പിച്ചു തന്നെ സൂത്രത്തിൽ നിന്ന് നിങ്ങൾവേട്ടയാടാൻ പരിശീലിപ്പിച്ചിട്ടുള്ള(മൃഗങ്ങളോ പക്ഷികളോ ആയ) വേട്ട ജന്തുക്കൾ നിങ്ങൾക്കുവേണ്ടി പിടിച്ചു കൊണ്ടു വന്നതിൽ നിന്ന് നിങ്ങൾ ഭക്ഷിച്ചു കൊള്ളുക. 5:05

366. നിങ്ങൾ അതിൻമേൽ അല്ലാഹുവിന്റെ നാമം ഉച്ചരിക്കുകയും ചെയ്യുക. 5:05

367. ഗ്രന്ഥം നല്കപ്പെട്ടവരുടെ ഭക്ഷണം നിങ്ങൾക്ക് അനുവദനീയമാണ്. 5:06

368. നിങ്ങളുടെ ഭക്ഷണം അവർക്കും അനുവദനീയമാണ്. 5:06

369. സത്യവിശ്വാസികളിൽ നിന്നുള്ള ചാരിത്രവതികളും നിങ്ങൾക്ക് മുമ്പ് ഗ്രന്ഥം നല്കപ്പെട്ടവരിൽ നിന്നുള്ള ചാരിത്രവതികളും അവരുടെ വിവാഹമൂല്യങ്ങൾ നിങ്ങൾ അവർക്ക് നല്കുന്നതായാൽ (വിവാഹം ചെയ്യുന്നതിന് നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു.) 5:06

370. വിശ്വാസികളെ, നിങ്ങൾ നമസ്ക്കാരത്തിന് ഒരുങ്ങിയാൽ നിങ്ങളുടെ മുഖങ്ങളും, മുട്ടുകൾവരെ കൈകളും കഴുകുക. 5:07

371. വെള്ളംകൊണ്ട് തല തടവുകയും നെരിയാണികൾ വരെ കാലുകൾ കഴുകകയും ചെയ്യുക. 5:07

372. നിങ്ങൾ ജനാബത്ത് (വലിയ അശുദ്ധി)ഉള്ളവരാണെങ്കിൽ കുളിച്ചു ശുദ്ധിയാവുക. (നിങ്ങൾ രോഗിയോ, യാത്രയിലോ ആയി(നിങ്ങൾ ജനാബത്ത് ഉള്ളവരുമായി, എന്നാൽ നിങ്ങൾ തയമ്മം ചെയ്യുക) 5:07

373. അല്ലെങ്കിൽ നിങ്ങളിലൊരാൾ മലവിസർജനം ചെയ്തുവന്നു. (വെള്ളം കിട്ടിയതുമില്ല) അല്ലെങ്കിൽ നിങ്ങൾ സ്ത്രീകളെ സ്പർശിച്ചു, എന്നിട്ട് നിങ്ങൾക്ക് വെള്ളം കിട്ടിയതുമില്ല, എന്നാൽ, നിങ്ങൾ ശുദ്ധമായ മണ്ണിനെ ലക്ഷ്യമാക്കി അതു കൊണ്ട് നിങ്ങളുടെ മുഖവും കൈകളും തടവുക. 5:07

374. നിങ്ങളുടെ മേലുള്ള അല്ലാഹുവിന്റെ അനുഗ്രഹത്തെയും അവൻ നിങ്ങളോട് ചെയ്തിട്ടുള്ള കരാറിനെയും സ്മരിക്കുക. 5:08

375. ഞങ്ങൾ കേട്ടു, ഞങ്ങൾ അനുസരിക്കുകയും ചെയ്തു എന്ന് നിങ്ങൾ പറഞ്ഞപ്പോൾ, നിങ്ങൾ അല്ലാഹുവിന്റെ വിധിവലക്കുകൾ സൂക്ഷ്മമായി പാലിക്കുക. 5:08

376. വിശ്വസിച്ചവരെ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി നിലകൊള്ളുക. 5:09

377. അതിനാൽ നീ അവർക്ക് (ഇസ്റാഈൽകാർക്ക്) മാപ്പ് ചെയ്യുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്യുക. 5:14

378. ധിക്കാരികളായ ജനങ്ങളെ സംബന്ധിച്ച് നീ ദുഃഖിക്കേണ്ട. 5:27

379. ആരെങ്കിലും മറ്റൊരാളെ വധിക്കുകയോ നാട്ടിൽ കുഴപ്പമുണ്ടാക്കുകയോ ചെയ്യാത്ത നിലയിൽ (നിരപരാധിയായി) ഒരാളെ വധിച്ചാൽ അയാൾ മനുഷ്യരെ മുഴുവൻ വധിച്ചത് പോലെയാകുന്നു. 5:33

380. ഇനി ആരെങ്കിലും ഒരാളുടെ ജീവനെ രക്ഷിച്ചാൽ അയാൾ മനുഷ്യരെ മുഴുവൻ രക്ഷിച്ചതുപോലെയാകുന്നു. 5:33

381. അല്ലാഹുവിനോടും അവന്റെ ദൂതനോടും യുദ്ധം ചെയ്യുകയും, നാട്ടിൽ കുഴപ്പമുണ്ടാക്കുന്നതിനായി യത്നിക്കുകയും ചെയ്യുന്നവർക്കുള്ള ശിക്ഷ അവരെ വധിക്കുകയോ, ക്രൂശിക്കുകയോ, അല്ലെങ്കിൽ അവരുടെ കൈകാലുകൾ, വ്യത്യസ്ത ഭാഗത്തു നിന്ന് ഛേദിച്ചുകളയുകയോ ചെയ്യുക മാത്രമാണ്. 5:34

382. നിങ്ങൾ അവരെ പിടിക്കുന്നതിന് മുൻപ് അവർ പശ്ചാത്തപിച്ചാൽ അവരെ വിട്ടേക്കുക. 5:35

383. വിശ്വസിച്ചവരെ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അവങ്കലേക്കുള്ള സാമീപ്യമാർഗം അന്വേഷിക്കുകയും അവന്റെ മാർഗത്തിൽ കഴിവിന്റെ പരമാവധി പരിശ്രമിക്കുകയും ചെയ്യുക. 5:36

384. അവിശ്വാസിച്ചവരാരോ അവർ, അവർക്ക് പുനരുത്ഥാനനാളിലെ ശിക്ഷയിൽ നിന്നും മോചനം പ്രാപിക്കുന്നതിന് ഭൂമിയിലുള്ളതു മുഴുവനും അതോടൊപ്പം അത്ര തന്നെ വേറെയും പ്രായശ്ചിത്തം നല്കുന്നതിന് ഉണ്ടായിരുന്നാൽ പോലും അവരുടെ പക്കൽ നിന്ന് അത് സ്വീകരിക്കപ്പെടുന്നതല്ല. 5:37

385. മോഷ്ടിക്കുന്നവനും മോഷ്ടിക്കുന്നവളും-അവർ രണ്ടു പേരും പ്രവർത്തിച്ച (കുറ്റത്തിന്) പകരം അല്ലാഹുവിൽ നിന്നുള്ള ശിക്ഷയായി നിങ്ങൾ അവർ രണ്ടുപേരുടെയും കൈകൾ ഛേദിക്കുക. 5:39

386. ഇനി ഒരാൾ തന്റെ അക്രമ പ്രവർത്തനങ്ങൾക്ക് ശേഷം പശ്ചാത്താപിക്കുകയും സ്വയം നന്നാക്കുകയും ചെയ്യുന്നതായാൽ അയാളെ വിട്ടേക്കുക. 5:40

387. നീ തീരുമാനം കല്പിക്കുന്നതായാൽ നീതിപൂർവ്വം അവർക്കിടയിൽ തീരുമാനം കല്പിക്കുക. 5:43

388. ആയതിനാൽ നിങ്ങൾ ജനങ്ങളെ ഭയപ്പെടരുത്. എന്നെ ഭയപ്പെടുക. 5:45

389. എന്റെ ആയത്തുകൾക്ക് പകരം നിങ്ങൾ തുച്ഛമായ വില വാങ്ങുകയുമരുത്. 5:45

390. ജീവനുപകരം ജീവൻ, കണ്ണിനു പകരം കണ്ണ്, മൂക്കിന് പകരം മൂക്ക്ചെവിക്ക് പകരം ചെവി, പല്ലിന് പകരം പല്ല് (ഇപ്രകാരം തന്നെ) പരിക്കുകൾക്ക് പകരം തത്തുല്യമായ പ്രതിക്രിയയും എന്ന് നാം അതിൽ അവർക്ക് വിധിച്ചിട്ടുണ്ടായിരുന്നു. 5:46

391. ഇഞ്ചീലുകാർ അതിൽ അല്ലാഹു ഇറക്കിയത് അനുസരിച്ച് തീരുമാനിക്കട്ടെ. 5:48

392. അതിനാൽ, അല്ലാഹു ഇറക്കിയതനുസരിച്ച് നീ അവർക്കിടയിൽ തീരുമാനിക്കുക. 5:49

393. അവരുടെ സ്വേച്ഛകളെ പിൻപറ്റരുത്. 5:49

394. വിശ്വസിച്ചവരെ, നിങ്ങൾ ജൂതന്മാരേയും ക്രിസ്ത്യാനികളെയും മിത്രങ്ങളാക്കി വെക്കരുത്. 5:52

395. വിശ്വസിച്ചരെ, നിങ്ങൾക്ക് മുമ്പ് ഗ്രന്ഥം നല്കപ്പെട്ടവരിൽ നിന്ന് നിങ്ങളുടെ മതത്തെ പരിഹാസവും കളിയുമാക്കിയവരെയും (മറ്റു) അവിശ്വാസികളെയും നിങ്ങൾ മിത്രങ്ങളായി സ്വീകരിക്കരുത്. 5:58

396. നാം അവരുടെയിടയിൽ പുനരുത്ഥാനനാൾവരേയും ശത്രുതയും വിദ്വേഷവും ഇട്ടുകൊടുത്തിരിക്കുന്നു. 5:65

397. നിനക്ക് നിന്റെ നാഥനിൽ നിന്ന് ഇറക്കപ്പെട്ടത് നീ (ജനങ്ങൾക്ക്) എത്തിച്ചുകൊടുക്കുക. 5:68

398. ഗ്രന്ഥാനുസാരികളെ നിങ്ങളുടെ മതകാര്യത്തിൽ അന്യായമായ നിലയിൽ നിങ്ങൾ അതിരുകവിയരുത്. 5:78

399. മുമ്പ് വഴികേടിലായി പോയ ഒരു ജനതയുടെ സ്വേച്ഛകളെ നിങ്ങൾ പിൻപറ്റുകയുമരുത്. 5:78

400. വിശ്വസിച്ചവരെ, അല്ലാഹു നിങ്ങൾക്ക് വിഹിതമാക്കി തന്നതിൽ നിന്നുള്ള നല്ല വസ്തുക്കളെ നിങ്ങൾ നിഷിദ്ധമാക്കരുത്, നിങ്ങൾ അതിരുകവിയുകയുമരുത്. 5:88

401. അല്ലാഹു നിങ്ങൾക്ക് നല്കിയിട്ടുള്ളതിൽ നിന്ന് നിയമാനുസൃതവും നല്ലതുമായ വസ്തുക്കൾ നിങ്ങൾ ഭക്ഷിച്ചു കൊള്ളുക. 4:89

402. നിങ്ങളുടെ ശപഥങ്ങളിൽ (വന്നുചേരുന്ന) നിരർത്ഥകവാക്കുകൾ കാരണമായി അല്ലാഹു നിങ്ങളെ ശിക്ഷിക്കുകയില്ല. എന്നാൽ നിങ്ങൾ മനഃപൂർവ്വം ഉറപ്പിച്ചിട്ടുള്ള ശപഥങ്ങൾ (ലംഘിച്ചതിനു

മാത്രമേ) അവൻ നിങ്ങളെ ശിക്ഷിക്കുകയുള്ളു. അപ്പോൾ അതിന് ശപഥലംഘത്തിനുള്ള പ്രായശ്ചിത്തം പത്ത് അഗതികൾക്ക് നിങ്ങൾ സ്വന്തം കുടുംബാംഗങ്ങൾക്ക് നല്കുന്നമിതമായ ആഹാരം നല്കുകയാണ്. അല്ലെങ്കിൽ അവർക്ക് മിതമായ ആഹാരം നൽകലാണ്. 5:90

403. അല്ലെങ്കിൽ അവർക്ക് വസ്ത്രം നല്കുകയോ, അതല്ലങ്കിൽ ഒരടിമയെ സ്വതന്ത്രമാക്കുകയോ ചെയ്യുകയാണ്. ഇനി അതിനൊന്നും കഴിവില്ലെങ്കിൽ മൂന്നു ദിവസം നോമ്പു നോക്കുക. 5:90

404. നിങ്ങളുടെ ശപഥങ്ങളെ നിങ്ങൾ സൂക്ഷിക്കുക. 5:90

405. മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും, പ്രശ്നം വെയ്ക്കുന്ന അസ്ത്രങ്ങളും പിശാചിന്റെ ചെയ്തികളിൽപെട്ട നീചകൃത്യങ്ങളാണ്. അതിനാൽ നിങ്ങൾ അവയെ വർജ്ജിക്കുക. 5:91

406. നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുക. ഈ ദൂതനെയും അനുസരിക്കുക. നിങ്ങൾ ജാഗ്രതയുള്ളവരായിരിക്കുക. 5:93

407. നിങ്ങൾ ഹജ്ജിൽ പ്രവേശിച്ചിരിക്കെ വേട്ടജന്തുക്കളെ കൊല്ലരുത്. 5:96

408. സമുദ്രവേട്ടയും അതിന്റെ ഭക്ഷണവും നിങ്ങൾക്കും യാത്രക്കാർക്കും ജീവിത വിഭവമായി അനുവദിച്ചിരിക്കുന്നു. 5:97

409. നിങ്ങൾ ഹജ്ജിൽ പ്രവേശിച്ച അവസ്ഥയിലായിരിക്കുന്നിടത്തോളം കരയിലെ വേട്ട നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. 5:97

410. ബുദ്ധിമാൻമാരെ നിങ്ങൾ വിജയം പ്രാപിക്കുന്നതിനുവേണ്ടി അല്ലാഹുവിനെ സൂക്ഷിക്കുക. 5:101

411. വിശ്വസിച്ചരെ, നിങ്ങളുടെ സ്വന്തം ആത്മാക്കളെ സൂക്ഷിച്ച് കരുതിയിരിക്കുക. 5:106

412 നിങ്ങളിലൊരാൾക്ക് മരണം ആസന്നമായാൽ വസിയ്യത്ത് ചെയ്യുക. നീതിമാൻമാരായ രണ്ടു സാക്ഷികൾ വേണ്ടതാണ്. 5:107

413. അല്ലെങ്കിൽ നിങ്ങൾ യാത്രാവസ്ഥയിലായിരിക്കുകയും അപ്പോൾ നിങ്ങൾക്ക് മരണവിപത്ത് വന്നെത്തുകയും ചെയ്യുന്നതായാൽ നിങ്ങളിൽപെട്ടവരല്ലാത്ത രണ്ടുപേർ സാക്ഷ്യം വഹിക്കേണ്ടതാണ്. 5:107

414. അല്ലാഹുവിനെ സൂക്ഷിക്കുക (അവന്റെ കല്പനകൾ) കേട്ട് അനുസരിക്കുകയും ചെയ്യുക. 5:109

415. നിങ്ങൾ എന്നിലും എന്റെ ദൂതനിലും വിശ്വസിക്കുക. 5:112

416. അനുസരണം പുലർത്തുന്നവരിൽ ഒന്നാമൻ ഞാൻ ആകണമെന്ന് എന്നോട് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. 6:15

417. നീ ഒരിക്കലും ബഹുദൈവവിശ്വാസികളിൽപെട്ടു പോകരുതെന്നും (എന്നോട് താക്കീത് ചെയ്യപ്പെട്ടിരിക്കുന്നു) 6:15

418. അതുകൊണ്ട് നീ മൂഢന്മാരുടെ കൂടെ പെട്ടുപോകരുത്. 6:36

419. അപ്പോൾ ആര് വിശ്വസിക്കുകയും സ്വയം തിരുത്തി നന്നാക്കുകയും ചെയ്യുന്നുവോ അവർക്ക് യാതൊരു ഭയവും ഉണ്ടാകുകയില്ല, അവർ ദുഃഖിക്കുകയുമില്ല. 6:49

420. പിശാച് വല്ലപ്പോഴും നിനക്ക് മറവി വരുത്തുന്നതായാൽ ഓർമ്മയായതിനു ശേഷം അധർമകാരികളോടൊപ്പം നീ ഇരിക്കരുത്. 6:69

421. തങ്ങളുടെ മതത്തെ കളിയും വിനോദവുമാക്കിത്തീർക്കുകയും ഐഹികജീവിതം തങ്ങളെ വഞ്ചിതരാക്കുകയും ചെയ്തവരെ നീ ഉപേക്ഷിക്കുക. 6:71

422 യാതൊരാത്മാവും അതു സമ്പാദിച്ചതു കാരണമായി നാശത്തിലേക്ക് തള്ളപ്പെടാതിരിക്കാൻ വേണ്ടി നീ അത് (ദൈവവചനം) മുഖേന ഉപദേശിക്കുക. 6:71

423. അവർ നിരാകരിക്കുകയായിരുന്ന കാരണത്താൽ തിളച്ച വെള്ളത്തിൽ നിന്നുള്ള പാനീയവും വേദനാജനകമായ ശിക്ഷയുമാണ് അവർക്ക് ലഭിക്കുക. 6:71

424. സർവ്വലോകപരിപാലകനായ അല്ലാഹുവിനെ അനുസരിക്കണമെന്ന് ഞങ്ങളോട് കല്പിക്കപ്പെട്ടിരിക്കുന്നു. 6:72

425. നിങ്ങൾ നമസ്ക്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും അല്ലാഹുവിനെ രക്ഷാമാർഗമാക്കുകയും ചെയ്യണമെന്നും (ഞങ്ങളോട് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു) 6:73

426. എന്നിട്ട് അവരുടെ വ്യർത്ഥസംസാരങ്ങളിൽ വിനോദിക്കുന്നവരായി നീ അവരെ വിട്ടേക്കുക. 6:92

427. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. 6:103

428. നിന്റെ നാഥനിൽ നിന്ന് നിനക്ക് സന്ദേശമായി നല്കപ്പെട്ടതിനെ പിന്തുടരുക. 6:107

429. ബഹുദൈവ വിശ്വാസികളിൽ നിന്ന് നീ മുഖം തിരിച്ചു മാറുക. 6:107

430. അല്ലാഹുവിന് പുറമെ അവർ മറ്റാരെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവരെ നിങ്ങൾ ശകാരിക്കരുത്. 6:109

431. അതുകൊണ്ട് നീ അവരെയും അവർ കെട്ടിച്ചമയ്ക്കുന്നതിനെയും അവഗണിക്കുക. 6:113

432. ഗ്രന്ഥത്തെപറ്റി നീ ഒരിക്കലും സംശയാലുക്കളിൽപെട്ടുപോകരുത്. 6:115

433. അവന്റെ നാമം ഉച്ചരിക്കപ്പെട്ടതിൽ നിന്നും ഭക്ഷിച്ചു കൊള്ളുക. 6:119

434. പാപങ്ങളിൽ നിന്ന് പ്രകടമായതും അതിൽ നിന്ന് ഗോപ്യമായതും നിങ്ങൾ വർജ്ജിക്കുക. 6:121

435. അല്ലാഹുവിന്റെ നാമം ഉച്ചരിക്കപ്പെടാത്തതിൽ നിന്നും നിങ്ങൾ ഭക്ഷിക്കരുത്. 6:122

436 നീ അവരെയും അവർകെട്ടി ചമയ്ക്കുന്നതിനെയും അവഗണിക്കുക. 6:138

437. കായ്ച്ചാൽ അതിന്റെ ഫലങ്ങളിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുകയും അതിന്റെ കൊയ്ത്തുനാളിൽ അവന്റെ (അല്ലാഹുവിന്റെ) അവകാശം നല്കുകയും ചെയ്യുക. നിങ്ങൾ അമിതത്വം പ്രവർത്തിക്കരുത്. 6:142

438. പിശാചിന്റെ കാലടികളെ നിങ്ങൾ പിന്തുടരരുത്. 6:143

439 ഭക്ഷിക്കുവാൻ വിലക്കപ്പെട്ടിരിക്കുന്നത് ശവം അല്ലെങ്കിൽ ഒഴുക്കപ്പെട്ട രക്തം അല്ലെങ്കിൽ പന്നിമാംസം, കാരണം അത് മലിനമാണ്. 6:146

440. നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും, പരലോകത്തിൽ വിശ്വസിക്കാതിരിക്കുകയും തങ്ങളുടെ നാഥന് സമൻമാരെ നിശ്ചയിക്കുകയും ചെയ്യുന്നവരുടെ ദേഹേച്ഛകളെ നീ പിൻപറ്റരുത്. 6:150

441. അവനോട് യാതൊന്നിനേയും നിങ്ങൾ പങ്കു ചേർക്കരുത്, മാതാപിതാക്കളോട് നന്മ പ്രവർത്തിക്കുക, ദാരിദ്ര്യം ഭയന്നുകൊണ്ട് നിങ്ങളുടെ സന്തതികളെ നിങ്ങൾ വധിക്കരുത്, പ്രത്യക്ഷമായതും ഗോപ്യമായതുമായ നീചകൃത്യങ്ങളെ നിങ്ങൾ സമീപിക്കരുത്. അല്ലാഹു വിരോധിച്ച ജീവനെ നിയമാനുസൃതമായിട്ടല്ലാതെ നിങ്ങൾ വധിക്കുകയുമരുത്. 6:152

442. അനാഥയ്ക്ക് കാര്യപ്രാപ്തി എത്തുന്നതുവരെ ഏറ്റവും ഉത്തമമായ വിധത്തിലല്ലാതെ അതിന്റെ ധനത്തെ നിങ്ങൾ സമീപിക്കരുത്, നിങ്ങൾ അളവും തൂക്കവും നീതിപൂർവ്വം പൂർത്തിയാക്കുക. 6:153

443. അല്ലാഹുവിന്റെ കരാറിനെ നിങ്ങൾ പൂർത്തിയാക്കുക. 6:153

444. നമ്മുടെ വചനങ്ങളിൽ നിന്ന് പിന്തിരിഞ്ഞുകളയുന്നവർക്ക് അവർ പിന്തിരിഞ്ഞുകളയുന്നവരായ കാരണത്താൽ കഠിനശിക്ഷ നാം നല്കുന്നതാണ്. 6:158

445. നിങ്ങളുടെ നാഥനിൽ നിന്ന് ഇറക്കപ്പെട്ടതിനെ പിന്തുടരുക അവനെയല്ലാതെ, (നിങ്ങളുടെ ഭാവനയനുസരിച്ചുള്ള) മറ്റു രക്ഷാധികാരികളെ പിന്തുടരാതിരിക്കുകയും ചെയ്യുക. 7:04

446. ഓ! ആദം നീയ്യും നിന്റെ ഇണയും തോട്ടത്തിൽ വസിച്ചുകൊള്ളുക. നിങ്ങൾക്കിഷ്ടപ്പെട്ട സ്ഥലത്തു നിന്ന് ഭക്ഷിച്ചുകൊള്ളുകയും ചെയ്യുക. എന്നാൽ ഈ വൃക്ഷത്തെ നിങ്ങൾ സമീപിച്ചു പോകരുത്. 7:20

447. നിങ്ങൾ ഇവിടെ നിന്ന് ഇറങ്ങിപ്പോകുക. 7:25

448. എന്റെ നാഥൻ നീതിപൂർവ്വം പ്രവർത്തിക്കുന്നതിന് കല്പിച്ചിരിക്കുന്നു. ഓരോ ആരാധനാ സ്ഥലത്തും നിങ്ങളുടെ ശ്രദ്ധ നേരെ നിറുത്തുക. കീഴ്വണക്കം അവന് മാത്രം അർപ്പിച്ചുകൊണ്ട് അവനെ വിളിച്ച് പ്രാർത്ഥിക്കുകയും ചെയ്യുക. 7:30

449. നിങ്ങളുടെ ആരാധനയുടെ ഓരോസ്ഥലത്തും നിങ്ങളുടെ അലങ്കാരം സ്വീകരിച്ചുകൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുവിൻ, എന്നാൽ ഒന്നിലും അമിതത്വമരുത്. 7:32

450. നീചകൃത്യങ്ങളും-അവയിൽ പ്രത്യക്ഷമായതും പരോക്ഷമായതും-പാപങ്ങളും അന്യായമായ അക്രമവും, അല്ലാഹു യാതൊരു തെളിവും ഇറക്കിയിട്ടില്ലാത്ത വസ്തുക്കളെ അവന്റെ കൂടെ പങ്കുകാരാക്കുന്നതും, നിങ്ങൾ അറിയാത്ത കാര്യം അല്ലാഹുവിന്റെ മേൽ നിങ്ങൾ ആരോപിക്കുന്നതും എന്റെ നാഥൻ നിഷിദ്ധമാക്കിയിരിക്കുന്നു. 7:34

451. സ്വർഗവാസികൾക്ക് നല്കിയ ജലവും, ഭക്ഷണവും നരകവാസികൾക്ക്, അവിശ്വാസികൾക്ക് നിഷിദ്ധമാക്കിയിരിക്കുന്നു. 7:51

452. വിനയത്തോടും രഹസ്യമായും നിങ്ങളുടെ നാഥനെ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുക. 7:56

453. ഭൂമിയിൽ നന്മ വരുത്തിയശേഷം അതിൽ കുഴപ്പമുണ്ടാക്കരുത്, ഭയത്തോടും പ്രത്യാശയോടും കൂടി നിങ്ങൾ അവനെ വിളിച്ച് പ്രാർത്ഥിക്കുക. 7:57

454. ആ നാടുകളിലെ നിവാസികൾ വിശ്വസിക്കുകയും ദോഷബാധയെ സൂക്ഷിക്കുകയും ചെയ്തിരുന്നുവെങ്കിൽ, നാം അവർക്ക്

ആകാശത്തു നിന്നും ഭൂമിയിൽ നിന്നും അനുഗ്രഹങ്ങളുടെ കവാടങ്ങൾ തുറന്നുകൊടുക്കുമായിരുന്നു. 7:97

455. അതുകൊണ്ട് ഞാൻ നിനക്ക് നല്കിയിട്ടുള്ളത് മുറുകെപിടിക്കുക. നീ നന്ദിയുള്ളവരിൽ ഉൾപ്പെടുകയും ചെയ്യുക. 7:145

456. നാം അദ്ദേഹത്തിന് (മൂസായ്ക്ക്) ആ ഫലകങ്ങളിൽ എഴുതി കൊടുത്തു. അവ മുറുകെപിടിക്കുക. നിന്റെ ജനങ്ങളോട് അത് കല്പിക്കുകയും ചെയ്യുക. അവയിൽ ഏറ്റവും ഉത്തമമായത് അവർ പിൻപറ്റട്ടെ. 7:146

457. അതുകൊണ്ട് സൂക്ഷ്മതകൈക്കൊള്ളുകയും സക്കാത്ത് കൊടുക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക് അത് (കാരുണ്യം) ഞാൻ എഴുതി വെയ്ക്കുന്നതാണ്. 7:157

458. ഓ! മനുഷ്യരെ, സത്യമായും നിങ്ങളെല്ലാവരിലേക്കും (നിയുക്തനായ) അല്ലാഹുവിന്റെ ദൂതനാണ് ഞാൻ. 7:159

459. നാം നിങ്ങൾക്ക് നല്കിയതിനെ മുറുകെ പിടിക്കുകയും അതിലുള്ളതിനെ നിങ്ങൾ ഓർക്കുകയും ചെയ്യുക. 7:172

460. ഏറ്റവും ഉത്തമമായ ഗുണനാമങ്ങൾ അവനുമാത്രമുള്ളതാണ്. അതുകൊണ്ട് അവ മുഖേന നിങ്ങൾ അവനെ വിളിച്ച് പ്രാർത്ഥിക്കുക. അവന്റെ ഗുണനാമങ്ങളിൽ വക്രത കൈകൊള്ളുന്നവരെ വർജ്ജിക്കുക. 7:181

461. മാപ്പു(ചെയ്യുന്ന സ്വഭാവം) കൈകൊള്ളുക. നല്ല കാര്യം ഉപദേശിക്കുക. അവിവേകം പ്രവർത്തിക്കുന്നവരിൽ നിന്ന് ഒഴിഞ്ഞു മാറുകയും ചെയ്യുക. 7:200

462. പിശാചിൽ നിന്ന് വല്ല ദുർബോധനവും നിനക്ക് ഏല്ക്കുന്നുവെങ്കിൽ നീ അല്ലാഹുവിങ്കൽ അഭയം തേടുക. 7:201

463. ഖുർആൻ പാരായണം ചെയ്യപ്പെടുമ്പോൾ അത് ശ്രദ്ധിച്ചു കേൾക്കുകയും നിശബ്ദരായിരിക്കുകയും ചെയ്യുക. 7:205

464. നിന്റെ നാഥനെ വിനയത്തോടും ഭയത്തോടും ഉച്ചത്തിലുള്ള വാക്കുകൾ കൂടാതെയും, പ്രഭാതത്തിലും പ്രദോഷത്തിലും നിന്റെ മനസ്സിൽ നീ സ്മരിക്കുക. നീ അശ്രദ്ധരിൽപെട്ടവനാകയുമരുത്. 7:206

465. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുകയും നിങ്ങളുടെ പരസ്പര ബന്ധങ്ങൾ നന്നാക്കിത്തീർക്കുകയും ചെയ്യുക, നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുക. 8:2

466. അതിനാൽ നിങ്ങൾ അവരുടെ കഴുത്തുകളുടെ മേൽ വെട്ടുക/അടിക്കുക. അവരുടെ എല്ലാ വിരൽതുമ്പുകളും വെട്ടുക/അടിക്കുക. 8:13

467. സത്യവിശ്വാസികളെ നിങ്ങൾ അവിശ്വാസികളുമായി അവർ യുദ്ധസന്നദ്ധരായി നീങ്ങുന്ന നിലയിൽ ഏറ്റുമുട്ടിയാൽ അവരുടെ നേരെ പുറം തിരിച്ച് (ഓടിക്കളയരുത്) 8:16

468. സത്യവിശ്വാസികളെ അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുക.(അദ്ദേഹത്തിന്റെ ആജ്ഞ)നിങ്ങൾ കേട്ടുകൊണ്ടിരിക്കെ അദ്ദേഹത്തിൽ നിന്ന് പിന്തിരിഞ്ഞു പോകരുത്. 8:21

469. വിശ്വസിച്ചവരെ! അല്ലാഹുവിനും(അവന്റെ) ദൂതനും നിങ്ങൾക്ക് ജീവൻ നല്കുന്നതിലേക്ക് അദ്ദേഹം നിങ്ങളെ വിളിച്ചാൽ ഉത്തരം നല്കുക. 8:25

470. വിശ്വസിച്ചവരെ! നിങ്ങൾ അല്ലാഹുവിനേയും റസൂലിനെയും വഞ്ചിക്കരുത്. നിങ്ങൾ അറിഞ്ഞുകൊണ്ട് നിങ്ങളുടെ അമാനത്തുകളിലും വഞ്ചന കാട്ടരുത്. 8:28

471. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുന്നതായാൽ അവൻ നിങ്ങൾക്ക് ഒരു വിവേചക വൈശിഷ്ഠ്യം നല്കുകയും, നിങ്ങളുടെ വൈകല്യങ്ങളെ ദൂരീകരിക്കുകയും നിങ്ങൾക്ക് പൊറുത്തു തരുകയും ചെയ്യുന്നതാണ്. 8:30

472. ഫിത്ന ഇല്ലാതാവുകയും മതം സ്വീകരിക്കുന്നത് തികച്ചും അല്ലാഹുവിനു വേണ്ടിയാവുകയും ചെയ്യുന്നതുവരെ നിങ്ങൾ അവരോട് പോരാടുക. 8:40

473. നിങ്ങൾ യുദ്ധത്തിൽ കൈവശമാക്കിയ മുതൽ എന്താണോ അതിന്റെ അഞ്ചിലൊരു ഭാഗം അല്ലാഹുവിനും ദൈവദൂതനും (അദ്ദേഹത്തിന്റെ) അടുത്ത ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും സഞ്ചാരികൾക്കും ഉള്ളതാണ്. 8:42

474. വിശ്വസിച്ചവരെ! നിങ്ങൾ ഒരു സൈന്യത്തെ കണ്ടുമുട്ടിയാൽ ഉറച്ചു നില്ക്കുകയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുക. 8:426

475. അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുക. നിങ്ങൾ പരസ്പരം ഭിന്നിക്കാതിരിക്കുക. നിങ്ങൾ സ്ഥിരചിത്തരാവുകയും ചെയ്യുക. 8:47

476. പൊങ്ങച്ചം കൊണ്ടും (തങ്ങളുടെ ധീരകൃത്യങ്ങൾ) ജനങ്ങളെ കാണിക്കുവാൻ വേണ്ടിയും തങ്ങളുടെ വീടുകളിൽ നിന്ന് പുറപ്പെട്ടവരെപ്പോലെ നിങ്ങളാകരുത്. 8:48

477. അതിനാൽ യുദ്ധത്തിൽ നീ അവരെ കീഴ്പ്പെടുത്തിയാൽ അവർ മുഖേന അവരുടെ പിന്നിലുള്ളവരെ വിരട്ടിയോടിക്കുക. അവർ പാഠം പഠിക്കുവാൻ വേണ്ടി. 8:58

478. അവരെ നേരിടാൻ വേണ്ടി നിങ്ങളാൽ കഴിയുന്ന ശക്തി സംഭരിക്കുകയും അതിർത്തിയിൽ കുതിരപ്പടയെ സജ്ജമാക്കി നിർത്തുകയും ചെയ്യുക. 8:61

479. അവർ സമാധാനത്തിലേക്ക് ചായുന്നുവെങ്കിൽ നീയും അതിലേക്ക് ചായുക. 8:62

480. സത്യവിശ്വാസികളെ പോരാട്ടത്തിനായി അടിക്കടി ശക്തമായ നിലയിൽ പ്രേരിപ്പിക്കുക. 8:66

481. യുദ്ധത്തിൽ ജയിച്ചടക്കിയ ധനത്തിൽ നിന്ന് അനുവദനീയവും നല്ലതുമായത് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക. 8:70

482. ബഹുദൈവ വിശ്വാസികളിൽ നിന്ന് നിങ്ങളോട് കരാർ ചെയ്യുകയും (എന്നിട്ട് അതിൽ) നിങ്ങൾക്ക് ഒരു കുറവും വരുത്താതിരിക്കുകയും നിങ്ങൾക്കെതിരിൽ ഒരാളേയും സഹായിക്കാതിരിക്കുകയും ചെയ്തവരൊഴികെ. അപ്പോൾ അവരുടെ കരാർ അവ

രുടെ (കരാറിന്റെ) കാലപരിധിവരെ നിങ്ങൾ തികച്ചും പൂർത്തിയാക്കുക. 9:4

483. ബഹുദൈവവിശ്വാസികളെ നിങ്ങൾ കണ്ടുമുട്ടുന്നിടത്തുവെച്ച് പോരാടുക. അവരെ പിടികൂടുകയും അവരെ തടഞ്ഞുനിറുത്തുകയും എല്ലാ പതിസ്ഥലങ്ങളിലും അവരെ തക്കം നോക്കി പാർത്തിരിക്കുകയും ചെയ്യുക,ഇനി അവർ പശ്ചാത്താപിച്ച് മടങ്ങുകയും നമസ്ക്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും സക്കാത്തുകൊടുക്കുകയും ചെയ്യുന്നതായാൽ അവരെ അവരുടെ വഴിക്ക് വിട്ടേയ്ക്കുക. 9:5

484. ബഹുദൈവവിശ്വാസികളിൽ നിന്ന് ആരെങ്കിലും നിന്നോട് അഭയം തേടുന്നതായാൽ അല്ലാഹുവിന്റെ വചനം കേൾക്കുന്നതുവരെ അവന് അഭയം നല്കുക. പിന്നെ അവന്റെ രക്ഷാസ്ഥാനത്ത് അവനെ എത്തിച്ചുകൊടുക്കുക. 9:6

485. അവിശ്വാസത്തിന്റെ നേതാക്കളോട് പോരാടുക. 9:12

486. നിങ്ങൾ അവരോട് പോരാടുക. 9:14

487. നിങ്ങളുടെ പിതാക്കളും സഹോദരങ്ങളും സത്യവിശ്വാസത്തെ അപേക്ഷിച്ച് അവിശ്വാസത്തെ കൂടുതൽ ഇഷ്ടപ്പെടുകയാണെങ്കിൽ നിങ്ങൾ അവരെ മിത്രങ്ങളാക്കരുത്. 9:23

488. ഗ്രന്ഥം നല്കപെട്ടവരിൽ നിന്ന് അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കാതിരിക്കുകയും അല്ലാഹുവും അവന്റെ ദൂതനും നിഷിദ്ധമാക്കിയത് നിഷിദ്ധമാക്കാതിരിക്കുകയും സത്യമതം അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നവരോട് അവർ കീഴടങ്ങി സ്വകരങ്ങളാൽ ജസ്‌യ നല്കുന്നതുവരെ നിങ്ങൾ പോരാടുക. 9:29

489. ബഹുദൈവവിശ്വാസികൾ ഒന്നടങ്കം നിങ്ങളോട് യുദ്ധം ചെയ്യുന്നതുപോലെ നിങ്ങളും ഒന്നടങ്കം അവരോട് യുദ്ധം ചെയ്യുക. 9:36

490. ഭാരം കുറഞ്ഞവരായും ഭാരംകൂടിയവരായും (യുദ്ധത്തിന്) പുറപ്പെടുക. അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളുടെ ധനവും ജീവനും കൊണ്ട് പൊരുതുകയും ചെയ്യുക. 9:41

491. നിങ്ങൾ ഇഷ്ടപ്പെട്ടുകൊണ്ടോ വെറുത്തുകൊണ്ടോ ചെലവ് ചെയ്തുകൊള്ളുക. നിങ്ങളിൽ നിന്ന് അത് സ്വീകരിക്കപ്പെടുകയില്ല. 9:53

492. അവരുടെ സമ്പത്തും അവരുടെ സന്തതികളും നിന്നെ വിസ്മയിപ്പിക്കാതിരിക്കട്ടെ. 9:55

493. ദാനധർമ്മങ്ങൾ, ദരിദ്രർക്കും, അഗതികൾക്കും, അതിനായി പ്രവർത്തിക്കുന്നവർക്കും, തങ്ങളുടെ ഹൃദയങ്ങൾ ഇണക്കപ്പെടുന്നവർക്കും, അടിമകളെ സ്വതന്ത്രമാക്കുന്ന കാര്യത്തിലും, കടം കൊണ്ട് വിഷമിക്കുന്നവർക്കും, അല്ലാഹുവിന്റെ മാർഗത്തിലും, വഴിയാത്രക്കാർക്കും മാത്രമുള്ളതാണ്. ദൈവീക നിർബന്ധ നിയമമാണിത്. 9:60

494. ഓ നബി! അവിശ്വാസികളോടും കപടവിശ്വാസികളോടും സമരം ചെയ്യുകയും അവർക്കെതിരിൽ കർശന നടപടി സ്വീകരിക്കുകയും ചെയ്യുക. 9:73

495. അവരിൽ നിന്ന് മരിച്ച ഒരുത്തനു വേണ്ടിയും നീ ഒരിക്കലും (ജനാസ) നമസ്ക്കരിക്കരുത്. അവന്റെ ഖബറിനരുകിൽ പ്രാർത്ഥനയ്ക്കായി നില്ക്കുകയുമരുത്. 9:84

496. ബലഹീനർക്കും രോഗികൾക്കും ചെലവഴിക്കാൻ വക കണ്ടെത്താത്തവർക്കും, അവർ (യുദ്ധത്തിന് പോകാതിരിക്കുന്നതിൽ) കുറ്റമില്ല. 9:91

497. നീ അവരുടെ ധനത്തിൽ നിന്ന് ദാനധർമ്മങ്ങൾ വാങ്ങുക. നീ അവർക്ക് വേണ്ടി പ്രാർത്ഥിക്കുക. 9:103

498. നീ അതിൽ ഒരിക്കലും നമസ്ക്കരിക്കാൻ നില്ക്കരുത്. 9:108

499. വിശ്വസിച്ചവരെ, നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. സത്യസന്ധരിൽ ഉൾപ്പെട്ടവരാകുക. 9:119

500. വിശ്വസിച്ചവരെ! അവിശ്വാസികളിൽ നിന്ന് നിങ്ങളുടെ അടുത്തുള്ളവരോട് നിങ്ങൾ യുദ്ധം ചെയ്യുക. അവർ നിങ്ങളിൽ ദാർഢ്യം കാണട്ടെ! 9:123

501. മൂസായ്ക്കും അദ്ദേഹത്തിന്റെ സഹോദരനും നാം സന്ദേശം നല്കി ഈജിപ്റ്റിൽ നിങ്ങൾ രണ്ടുപേരും നിങ്ങളുടെ സമുദായത്തിനുവേണ്ടി ചില വീടുകൾ തയ്യാറാക്കുക. നിങ്ങളുടെ ആ വീടുകൾ ഒന്ന് മറ്റൊന്നിന് അഭിമുഖമാക്കുകയും നിങ്ങൾ നമസ്ക്കാരം നിലനിർത്തുകയും ചെയ്യുക. 10:88

502. നിന്റെ നാഥനിൽ നിന്നുള്ള സത്യം നിനക്ക് വന്നുകിട്ടിയിരിക്കുന്നു.അതിനാൽ ഒരിക്കലും സംശയാലുക്കളിൽപെട്ടുപോകരുത്. 10:95

503. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്നവരിൽ ഒരിക്കലും നീപെട്ടുപോകരുത്. 10:96

504. ഈ വിശ്വാസത്തിന് നേരെ ഋജുമാനസനായിക്കൊണ്ട് നിന്റെ ശ്രദ്ധ ഉറപ്പിച്ചു നിറുത്തുക ; നീ ബഹുദൈവവിശ്വാസികളിൽ പെട്ടവനാകരുത്. 10:106

505. അല്ലാഹുവിന് പുറമെ നിനക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാത്ത ഒന്നിനേയും നീ വിളിച്ച് പ്രാർത്ഥിക്കുകയുമരുത്. 10:107

506. നിനക്ക് സന്ദേശമായി നല്കപ്പെടുന്നത് നീ പിൻപറ്റുക.അല്ലാഹു അവന്റെ വിധി നടത്തുന്നതുവരെ നീ ക്ഷമയോടെ കാത്തിരിക്കുക. 10:110

507. നിങ്ങൾ അല്ലാഹുവിനെയല്ലാതെ മറ്റൊന്നിനേയും ആരാധിക്കരുത്. 11:3

508. അളവും തൂക്കവും നിങ്ങൾ നീതിപൂർവ്വം പൂർത്തിയാക്കി കൊടുക്കുക. ജനങ്ങൾക്ക് അവരുടെ വസ്തുക്കളിൽ കുറവു വരുത്തുകയുമരുത്. നാശകാരികളായി ഭൂമിയിൽ നിങ്ങൾ കുഴപ്പമുണ്ടാക്കുകയുമരുത്. 11:86

509. നിങ്ങളുടെ നാഥനോട് പാപമോചനത്തിനായി പ്രാർത്ഥിക്കുക. എന്നിട്ട് അവങ്കലേക്ക് മടങ്ങുക. 11:91

510. അതുകൊണ്ട് നീയും നിന്നോടൊപ്പം (അല്ലാഹുവിലേക്ക്) തിരിഞ്ഞവരും നിന്നോട് ശാസിക്കപ്പെട്ടപ്രകാരം (നേർവഴിയിൽ ഉറച്ച് നില്ക്കുക. നിങ്ങൾ (പരിധികൾ) ലംഘിക്കരുത്. 11:113

511. അന്യായം പ്രവർത്തിച്ചവരിലേക്ക് നിങ്ങൾ ചായരുത് 11:114

512. പകലിന്റെ രണ്ടു ഭാഗങ്ങളിലും രാവിന്റെ ആദ്യഭാഗങ്ങളിലും നമസ്ക്കാരം നിലനിർത്തുക. 11:115

513. അതുകൊണ്ട് നീ ക്ഷമയുള്ളവനായിരിക്കുക. 11:116

514. നിങ്ങളുടെ സ്ഥാനത്ത് നിങ്ങൾ പ്രവർത്തിച്ചുകൊള്ളുക. ഞങ്ങളും (ഞങ്ങളുടെ സ്ഥാനത്ത്) പ്രവർത്തിക്കുന്നവരാണ്. 11:122

515. നിങ്ങൾ പ്രതീക്ഷിച്ചിരിക്കുക; ഞങ്ങളും പ്രതീക്ഷിക്കുന്നവരാണ്. അതിനാൽ നീ അവനെ ആരാധിക്കുക. അവങ്കൽ ഭരമേല്പിക്കുകയും ചെയ്യുക. 11:123-124

516. അവനെയയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന് അവൻ ആജ്ഞാപിച്ചിരിക്കുന്നു. 12:41

517. അല്ലാഹുവിന്റെ കാരുണ്യത്തെപറ്റി നിങ്ങൾ നിരാശപ്പെടരുത്. 12:88

518. അറിയുക, അല്ലാഹുവിന്റെ സ്മരണകൊണ്ടു മാത്രമെ മനസ്സമാധാനം കൈവരികയുള്ളൂ. 13:29

519. സത്യവിശ്വാസികൾ എല്ലാ കാര്യവും അല്ലാഹുവിൽ ഭരമേല്പിച്ചുകൊള്ളട്ടെ. 14:12

520. വിശ്വസിച്ചവരായ എന്റെ ദാസന്മാരോട് പറയുക, അവർ നമസ്ക്കാരം നിലനിർത്തുകയും ക്രയവിക്രയമോ സൗഹൃദമോ ഇല്ലാത്ത ഒരുനാൾ വന്നെത്തുന്നതിന് മുൻപ് നാം അവർക്ക് നല്കിയതിൽ നിന്ന് അവർ രഹസ്യമായും പരസ്യമായും ചെലവഴിക്കുകയും ചെയ്യട്ടെ. 14:32

521. അക്രമികൾ പ്രവർത്തിക്കുന്ന ചെയ്തികളെ സംബന്ധിച്ച് അല്ലാഹു അശ്രദ്ധനാണെന്ന് നീ ഒരിക്കലും ധരിച്ചു പോകരുത്. 14:43

522. മനുഷ്യർക്ക് ശിക്ഷ വരുന്നനാളിനെപറ്റി അവർക്ക് മുന്നറിയിപ്പ് നല്കുക. 14:45

523. അവരെ വിട്ടേയ്ക്കുക. അവർ തിന്നുകയും സുഖിക്കുകയും വ്യാമോഹങ്ങൾ അവരെ അശ്രദ്ധരാക്കുകയും ചെയ്തുകൊള്ളട്ടെ. 15:4

524. അവരിൽ നിന്നുള്ള വിവിധ വിഭാഗക്കാർക്ക് നാം നല്കിയിരിക്കുന്ന താത്ക്കാലികമായ സുഖസൗകര്യങ്ങളിലേക്ക് നീ കണ്ണുവിടർത്തി നോക്കരുത്. നീ അവർക്ക് വേണ്ടി ദുഃഖിക്കുകയുമരുത്. സത്യവിശ്വാസികൾക്ക് നിന്റെ (കാരുണ്യത്തിന്റെ) ചിറക് താഴ്ത്തിക്കൊടുക്കുക. 15:89

525. മരണം നിനക്കുവന്നെത്തുന്നതുവരെ നീ നിന്റെ നാഥനെ ആരാധിക്കുക. 15:100

526. ഞാനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അതിനാൽ നിങ്ങൾ എന്നെ സൂക്ഷിക്കുക. 16:3

527. നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. ദുഃശ്ശക്തികളെ വർജ്ജിക്കുക. 16:37

528. നിങ്ങൾക്കറിയില്ലെങ്കിൽ വേദജ്ഞാനമുള്ളവരോട് ചോദിച്ചു നോക്കുക. 16:44

529. നിങ്ങൾ രണ്ടു ദൈവങ്ങളെ സങ്കല്പിച്ചു വയ്ക്കരുത്. അവൻ ഒരേയൊരു ദൈവം മാത്രമാകുന്നു. അതിനാൽ എന്നെമാത്രം ഭയപ്പെടുക. 16:52

530. അല്ലാഹുവിന് നിങ്ങൾ സമൻമാരെ ഉണ്ടാക്കരുത്. 16:75

531. നീതിപുലർത്തുന്നതിനും മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിനും അടുത്ത ബന്ധുക്കൾക്കെന്നപോലെ (അന്യർക്കും) സഹായം നല്കുന്നതിനും അല്ലാഹു കല്പിക്കുന്നു. നീച പ്രവർത്തിയേയും

നിഷിദ്ധകർമ്മത്തേയും നിയമലംഘനത്തേയും അവൻ വിലക്കുകയും ചെയ്യുന്നു. 16:91

532. നിങ്ങൾ കരാർ ചെയ്താൽ അല്ലാഹുവിന്റെ കരാറിനെ നിങ്ങൾ പാലിക്കുക. സത്യങ്ങളെ അവയുടെ സ്ഥിരീകരണത്തിന് ശേഷം നിങ്ങൾ ലംഘിക്കരുത്. 16:92

533. ഒരു കൂട്ടർ മറ്റൊരു കൂട്ടരെക്കാൾ ശക്തരാകാതിരിക്കാൻ വേണ്ടി നിങ്ങളുടെ ശപഥങ്ങളെ നിങ്ങളുടെയിടയിൽ വഞ്ചനയ്ക്ക് മാർഗമാക്കിക്കൊണ്ട്, താൻ നൂൽ നൂറ്റ് അതിനെ ശക്തമായി പിരിച്ചതിനുശേഷം (തിരിയെ അഴിച്ച്) ഇഴകളായി വേർപ്പെടുത്തിയ ഒരുവളെപോലെ നിങ്ങളായി തീരരുത്. 16:93

534. നിങ്ങളുടെ സത്യങ്ങളെ നിങ്ങൾക്കിടയിൽ വഞ്ചനയ്ക്കുള്ളൊരു മാർഗമാക്കരുത്. 16:95

535. അല്ലാഹുവിനെ മുൻനിറുത്തിയുള്ള കരാറുകൾക്ക് നിങ്ങൾ തുഛമായ വില വാങ്ങരുത്. 16:96

536. നീ ഖുർആൻ പാരായണം ചെയ്യുമ്പോൾ ശപിക്കപ്പെട്ട പിശാചിൽ നിന്നും അല്ലാഹുവിങ്കൽ അഭയം പ്രാപിക്കുക. 16:99

537. അല്ലാഹു നിങ്ങൾക്ക് നല്കിയതിൽ നിന്ന് വിഹിതവും നല്ലതുമായ വിഭവങ്ങൾ നിങ്ങൾ ഭക്ഷിച്ചു കൊള്ളുക. അല്ലാഹുവിന്റെ അനുഗ്രഹത്തിന് നന്ദികാണിക്കുകയും ചെയ്യുക. 16:115

538. ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവർക്ക് വേണ്ടി നേർച്ചപ്പണം ചെയ്യപ്പെട്ടത് എന്നിവ നിരോധിച്ചിരിക്കുന്നു. 16:116

539. നിങ്ങളുടെ നാവുകൾ വ്യാജമായി വിവരിക്കുന്ന കാരണത്താൽ ഇന്നത് വിഹിതമാണ്. ഇന്നത് അവിഹിതമാണ് എന്ന് നിങ്ങൾ പറയരുത്. 16:117

540. തത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർത്തിലേക്ക് നീ (ജനങ്ങളെ) ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. 16:126

541. നിങ്ങൾ പ്രതികാരം ചെയ്യുകയാണെങ്കിൽ നിങ്ങൾ ആക്രമിക്കപ്പെട്ടത് ഏത് അളവിലാണോ അതിന് തുല്യമായതുകൊണ്ടു മാത്രം നിങ്ങൾ പ്രതികാരം ചെയ്തുകൊള്ളുക. എന്നാൽ ക്ഷമിക്കുകയാണെങ്കിൽ ക്ഷമാശീലർക്ക് അത് ഏറ്റവും നല്ലതു തന്നെ.
16:127

542. അല്ലാഹുവിനോടൊപ്പം നീ മറ്റൊരു ആരാധ്യനെ കല്പിച്ച് വെക്കരുത്. 17:23

543. തന്നെയല്ലാതെ മറ്റാരേയും നിങ്ങൾ ആരാധിക്കരുതെന്ന് നിന്റെ നാഥൻ ശക്തമായ ആജ്ഞ നല്കിയിരിക്കുന്നു. മാതാപിതാക്കളോട് നല്ല രീതിയിൽ പെരുമാറണമെന്നും, അവർ രണ്ടു പേരിൽ ഒരാളോ അല്ലെങ്കിൽ രണ്ടുപേരുമോ നിന്റെയടുക്കൽ വാർധക്യം പ്രാപിക്കുകയാണെങ്കിൽ നീ അവരോട് 'ഛെ' എന്നുപോലും പറഞ്ഞുപോകരുത്. നീ അവർ രണ്ടു പേരോടും കയർത്തു സംസാരിക്കുകയുമരുത്. അവർ രണ്ടു പേരോടും മാന്യമായ വാക്ക് പറയുക. 17:24

544. കരുണാർദ്രനായി നീ അവർക്ക് വിനയത്തിന്റെ ചിറക് താഴ്ത്തിക്കൊടുക്കുക. 17:25

545. അടുത്ത ബന്ധുവിന് അവന്റെ അവകാശം നല്കുക; അഗതിക്കും യാത്രക്കാരനും അവരുടെ അവകാശവും നല്കുക. ഒരു വിധത്തിലും ദുർവ്യയം ചെയ്യരുത്. 17:27

546. നിന്റെ കൈ കഴുത്തിനോട് ബന്ധിപ്പിക്കപ്പെട്ടതാകരുത്. അതിനെ മുഴുവനായി വിരുത്തുകയുമരുത്. 17:30

547. ദാരിദ്ര്യം ഭയന്ന് നിങ്ങളുടെ സന്താനങ്ങളെ നിങ്ങൾ കൊല്ലരുത്. 17:32

548. നിങ്ങൾ വ്യഭിചാരത്തെ സമീപിക്കുക പോലും അരുത്. 17:33

549. അല്ലാഹു (വധിക്കുന്നത്) വിരോധിച്ചിട്ടുള്ള ജീവനെ നിങ്ങൾ ന്യായമായ കാരണംകൂടാതെ വധിക്കരുത്. 17:34

550. അനാഥൻ തന്റെ പ്രാപ്തി പ്രാപിക്കുന്നതുവരെ ഏറ്റവും നല്ല മാർഗത്തിലൂടെയല്ലാതെ നിങ്ങൾ അവന്റെ ധനത്തെ സമീപിക്കരുത്. നിങ്ങൾ കരാറുകൾ പൂർത്തിയാക്കുക. 17:35

551. നിങ്ങൾ അളന്നുകൊടുക്കുമ്പോൾ പൂർത്തിയായി അളന്നുകൊടുക്കുക. തൂക്കുമ്പോൾ ചൊവ്വായ ത്രാസ് കൊണ്ട് തൂക്കിക്കൊടുക്കുകയും ചെയ്യുക. 17:36

552. നീ അറിവില്ലാത്തതിനെ നീ പിന്തുടരരുത്. 17:37

553. നീ ഭൂമിയിൽ അഹന്തകാട്ടി നടക്കരുത്. 17:38

554. അല്ലാഹുവിനോടൊപ്പം നീ മറ്റൊരു ആരാധ്യനെയും നീ കല്പിച്ചു വെക്കരുത്. 17:40

555. എന്റെ ദാസരോട് പറയുക. അവർ ഏറ്റവും ഉത്തമമായത് പറയട്ടെ. 17:54

556. സൂര്യൻ മധ്യാഹ്നത്തിൽ നിന്ന് തെറ്റുന്ന സമയം മുതൽ രാത്രി ഇരുട്ടാകുംവരെ നമസ്ക്കാരം കൃത്യമായി അനുഷ്ഠിക്കുക. അതിനു പുറമെ പ്രഭാതവേളയിലെ ഖുർആൻ പാരായണവും മുറപ്രകാരം അനുഷ്ഠിച്ചു വരിക. 17:79

557. രാത്രിയിൽ നിന്ന് അല്പസമയം ആ ഖുർആൻ കൊണ്ട് നീ ഉറക്കമുണർന്ന് നമസ്ക്കരിക്കുക. 17:80

558. തീർച്ചയായും നാളെ ഞാൻ അക്കാര്യം ചെയ്യുന്നതാണ് എന്ന് നീ ഒരു കാര്യത്തെ സംബന്ധിച്ചും പറയരുത്, അല്ലാഹു ഉദ്ദേശിച്ചാൽ(എന്ന് ചേർത്തുപറയാതെ) 18:24

559. നിന്റെ നാഥന്റെ ഗ്രന്ഥത്തിൽ നിന്ന് നിനക്ക് സന്ദേശമായി ലഭിച്ചത് നീ ഓതികേൾപ്പിക്കുക. 18:28

560. തങ്ങളുടെ നാഥന്റെ പ്രീതികാംക്ഷിച്ചുകൊണ്ട് പ്രഭാതത്തിലും പ്രദോഷത്തിലും അവനോട് പ്രാർത്ഥിക്കുന്നവരോടൊപ്പം നീ സ്വയം ബന്ധിച്ചു നിറുത്തുക. ഭൗതിക ജീവിതത്തിന്റെ അലങ്കാരം ഉദ്ദേശിച്ചുകൊണ്ട് നിന്റെ കണ്ണുകൾ അവരിൽ നിന്ന് അകന്നുപോവാതിരിക്കട്ടെ. നമ്മുടെ സ്മരണയിൽ നിന്ന് നാം

ആരുടെ ഹൃദയത്തെ അശ്രദ്ധമാക്കുകയും തന്റെ ദേഹേച്ഛയെ ആര് പിന്തുടരുകയും ആരുടെ കാര്യം അതിരുകവിയുകയും ചെയ്തിട്ടുണ്ടോ അങ്ങനെയുള്ളവനെ നീ അനുസരിക്കരുത്. 18:29

561. അതുകൊണ്ട് ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവർ വിശ്വസിക്കട്ടെ, ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ അവിശ്വസിക്കട്ടെ. 18:30

562. നിങ്ങളുടെ ആരാധ്യൻ ഒരേ ഒരു ആരാധ്യൻ മാത്രമാണെന്ന് എനിക്ക് സന്ദേശം നല്കപ്പെടുന്നു. അതിനാൽ ഏതൊരാൾ തന്റെ നാഥനെ കണ്ടുമുട്ടുന്നതിന് ആഗ്രഹിക്കുന്നുവോ അയാൾ സത്ക്കർമ്മങ്ങൾ ചെയ്തുകൊള്ളട്ടെ. അവൻ തന്റെ നാഥനെ ആരാധിക്കുന്ന കാര്യത്തിൽ ആരെയും പങ്കു ചേർക്കാതിരിക്കുകയും ചെയ്യട്ടെ. 18:111

563. ആകാശങ്ങളുടേയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളവയുടെയും നാഥനാണ്. അതുകൊണ്ട് അവനെ ആരാധിക്കുക. അവന്റെ ആരാധനയിൽ നീ സ്ഥിരചിത്തനായിരിക്കുക. 19:66

564. എന്നെ ആരാധിക്കുക. എന്നെ സ്മരിക്കുന്നതിനു വേണ്ടി നമസ്ക്കാരം നിലനിർത്തുകയും ചെയ്യുക. 20:15

565. എന്റെ നാഥാ എനിക്ക് ജ്ഞാനം വർദ്ധിപ്പിച്ചു തരേണമെ എന്ന് നീ പറഞ്ഞുകൊണ്ടിരിക്കുക. 20:115

566. നിങ്ങൾ ഇരുക്കൂട്ടരും, എല്ലാവരും ഇവിടെ നിന്ന് ഇറങ്ങിപ്പൊയ്ക്കൊള്ളുക. നിങ്ങളിൽ ചിലർ ചിലരുടെ ശത്രുക്കളായിരിക്കും. മേലിൽ എന്റെ അടുക്കൽ നിന്ന് നിങ്ങൾക്ക് മാർഗദർശനം വന്നുകിട്ടുമ്പോൾ, ഏതൊരാൾ എന്റെ മാർഗദർശനത്തെ പിൻപറ്റുന്നുവോ അവൻ ഒരിക്കലും വഴിപിഴച്ചുപോവുകയില്ല. അവൻ കഷ്ടപ്പെടുകയുമില്ല. 20:124

567. ഏതൊരാൾ എന്റെ ഉൽബോധനത്തിൽ നിന്ന് മുഖം തിരിച്ചുകളയുന്നുവോ തീർച്ചയായും അവന് ഇടുങ്ങിയ ജീവിതമാണുണ്ടാവുക. 20:125

568. അതുകൊണ്ട് അവർ പറയുന്നതിനെപറ്റി നീ ക്ഷമിക്കുക. സൂര്യോദയത്തിന് മുൻപും സൂര്യാസ്തമയത്തിനു മുൻപും നിന്റെ നാഥനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ നീ വാഴ്ത്തുക. രാത്രി സമയങ്ങളിലും പകലിന്റെ ഭാഗങ്ങളിലും അവന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുക. 20:131

569. അവരിൽ നിന്നുള്ള പലവിഭാഗങ്ങൾക്കും നാം ഐഹികജീവിതത്തിന്റെ അലങ്കാരങ്ങൾ നല്കി സുഖസൗകര്യങ്ങൾ അനുഭവപ്പെടുത്തിക്കൊടുത്തതിന്റെ നേരെ നീ നിന്റെ കണ്ണുകളെ ഉയർത്തരുത്. 20:132

570. നിന്റെ കുടുംബത്തോട് നമസ്ക്കരിക്കുവാൻ നീ കല്പിച്ചുകൊണ്ടിരിക്കുക. നീയും അതിൻമേൽ സ്ഥിരചിത്തനായി നിലകൊള്ളുക. 20:133

571. നിശ്ചയമായും ഇത് നിങ്ങളുടെ സമുദായമാണ്-ഒരേ ഒരു സമുദായം (ഒരേ മാർഗത്തിൽ ചരിക്കുന്നവർ)ഞാൻ നിങ്ങളുടെ നാഥനാകുന്നു. അതിനാൽ നിങ്ങൾ എന്നെ ആരാധിക്കുവിൻ. 21:93

572. മനുഷ്യരെ, നിങ്ങളുടെ നാഥനെ സൂക്ഷിച്ചു കൊള്ളുക. 22:2

573. അവിശ്വസിക്കുകയും (മനുഷ്യരെ) അല്ലാഹുവിന്റെ മാർഗത്തിൽ നിന്നും മസ്ജിദുൽഹറാമിൽ നിന്നും അവിടെ താമസിക്കുന്നവരും പുറമെ നിന്ന് വരുന്നവരുമായ എല്ലാവർക്കും നാം അതിനെ സമാവകാശമായി വച്ചിരിക്കുന്നു-തടയുകയും ചെയ്യുന്നവർ, ആരെങ്കിലും അവിടെ വച്ച് അക്രമവും അനീതിയും നടത്തുവൻ ഉദ്ദേശിക്കുന്നതായാൽ അവനെ വേജനാജനകമായ ശിക്ഷ രുചിപ്പിക്കുന്നതാണ്. 22:26

574. നീ എനിക്ക് ഒരു വസ്തുവിനെയും പങ്കാളിയാക്കി വെക്കരുത്. പ്രദക്ഷിണം ചെയ്യുന്നവർക്കും, നിന്നും കുനിഞ്ഞും കുമ്പിട്ടും കൊണ്ട് ആരാധന നടത്തുന്നവർക്കും വേണ്ടി എന്റെ മന്ദിരത്തെ ശുദ്ധമാക്കി വെയ്ക്കുക. 22:27

575. ഹജ്ജിനെ കുറിച്ച് ജനങ്ങളിൽ വിളംബരം ചെയ്യുക. 22:28

576. എന്നിട്ട് അതിൽ നിന്ന് (അതിന്റെ മാംസത്തിൽ നിന്ന്) നിങ്ങൾ ഭക്ഷിച്ചു കൊള്ളുക. ബുദ്ധിമുട്ടനുഭവിക്കുന്ന ദരിദ്രനെ ഭക്ഷിപ്പിക്കുകയും ചെയ്യുക. 22:29

577. പിന്നെ അവർ തങ്ങളുടെ മാലിന്യങ്ങൾ നീക്കം ചെയ്യുകയും, തങ്ങളുടെ നേർച്ചകൾ നിറവേറ്റുകയും, ആ പുരാതന ഭവനത്തെ (കഅ്ബയെ) പ്രദക്ഷിണം ചെയ്യുകയും ചെയ്യട്ടെ. 22:30

578. അതിനാൽ ബിംബാരാധനയുടെ മാലിന്യത്തിൽ നിന്ന് അകന്നു നില്ക്കുക. കള്ളം പറയുന്നതിൽ നിന്നും അകന്നു നില്ക്കുക. 22:31

579. അല്ലാഹുവിനു വേണ്ടി ഋജുമാനസരായി അവനോട് ഒന്നിനെയും പങ്കുചേർക്കാത്തവരായിരിക്കുക. 22:32

580. നിങ്ങളുടെ ദൈവം ഒരേഒരു ദൈവമാകുന്നു. അതുകൊണ്ട് നിങ്ങൾ അവനുമാത്രം വഴിപ്പെടുവിൻ. വിനയം കാണിക്കുന്നവർക്ക് നീ സന്തോഷവാർത്ത അറിയിക്കുക. 22:35

581. യുദ്ധം ചെയ്യപ്പെടുന്നവർക്ക് (തിരിച്ചും യുദ്ധം ചെയ്യുവാൻ) അനുമതി നല്കപ്പെട്ടിരിക്കുന്നു. 22:40

582. നിങ്ങൾ അല്ലാഹുവിന് വേണ്ടി കുനിയുകയും സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യുക. നിങ്ങളുടെ നാഥനെ ആരാധിക്കുകയും നന്മ പ്രവർത്തിക്കുകയും ചെയ്യുക. 22:78

583. ഏറ്റവും നല്ലതുകൊണ്ട് തിന്മയെ നീ തടയുക. 23:97

584. വ്യഭിചാരിണിയും വ്യഭിചാരിയും-അവർ രണ്ടു പേരിൽ ഓരോരുത്തരെയും (കുറ്റം തെളിഞ്ഞാൽ) നൂറുവീതം ചെമ്മട്ടിയടി അടിക്കുക. 24:3

585. ചാരിത്രവതികളായ സ്ത്രീകളുടെ പേരിൽ വ്യഭിചാരക്കുറ്റം ആരോപിക്കുന്നവർ-എന്നിട്ട് അവർ നാലു സാക്ഷികളെ കൊണ്ടുവന്നില്ലെങ്കിൽ-അവരെ എൺപത് ചെമ്മട്ടിയടി അടിക്കുക. 24:5

586. സ്വന്തം ഭാര്യമാരുടെ പേരിൽ വ്യഭിചാരക്കുറ്റം ചുമത്തുന്നവർ-അവർക്ക് തങ്ങളല്ലാതെ വേറെ സാക്ഷികൾ ഉണ്ടായതുമില്ല-എങ്കിൽ അവരിലൊരാളുടെ സാക്ഷ്യം, ഞാൻ സത്യം പറയുന്നവ

രിൽപെട്ടവനാണെന്ന് അല്ലാഹുവിനെ മുൻനിർത്തി നാലു പ്രാവശ്യം സാക്ഷ്യം വഹിക്കുകയാണ്. അഞ്ചാമത്തെ സാക്ഷ്യം താൻ കള്ളം പറയുന്നവരിൽപെട്ടവനാണെങ്കിൽ അല്ലാഹുവിന്റെ ശാപം തന്റെമേൽ ഉണ്ടാവട്ടെ എന്ന് പ്രാർത്ഥിക്കുകയാണ്. 24:7, 8

587. തീർച്ചയായും അവൻ (ഭർത്താവ്) കള്ളം പറയുന്നവരിൽപെട്ട വനാണെന്ന് അല്ലാഹുവിനെ മുൻനിർത്തി നാലു പ്രാവശ്യം സാക്ഷ്യം വഹിക്കുന്നത് അവളിൽ നിന്ന് (അപവാദം ചുമത്ത പ്പെട്ട ഭാര്യയിൽ നിന്ന്) ശിക്ഷ ഒഴിവാക്കും. അഞ്ചാമതായി അവർ സത്യവാദിയാണെങ്കിൽ അല്ലാഹുവിന്റെ ക്രോധം തന്റെ മേൽ ഉണ്ടാകട്ടെ എന്നവൾ പ്രാർത്ഥിക്കേണ്ടതുമാണ്. 24:9,10

588. വിശ്വസിച്ചവരെ, പിശാചിന്റെ ചവിട്ടടികളെ നിങ്ങൾ പിന്തുടർന്നു പോകരുത്. 24:22

589. നിങ്ങളിൽ ശ്രേഷ്ഠതയും ഐശ്വര്യവുമുള്ളവൻ അടുത്ത കുടുംബ ബന്ധുക്കൾക്കും അഗതികൾക്കും ദൈവമാർഗത്തിൽ സ്വദേശം വെടിഞ്ഞവർക്കും ഒന്നും നല്കുകയില്ലെന്ന് സത്യം ചെയ്യരുത്. 24:23

590. വിശ്വസിച്ചവരെ, നിങ്ങളുടേതല്ലാത്ത വീടുകളിൽ, ആ വീട്ടുകാരോട് അനുമതി ചോദിക്കുകയും അവർക്ക് സലാം ചൊല്ലുകയും ചെയ്തിട്ടല്ലാതെ നിങ്ങൾ പ്രവേശിക്കരുത്. 24:28

591. നിങ്ങൾക്ക് സമ്മതം കിട്ടുന്നതുവരെ നിങ്ങളതിൽ പ്രവേശിക്കരുത്. നിങ്ങൾ മടങ്ങിപ്പോകുക എന്ന് നിങ്ങളോട് പറയപ്പെട്ടാൽ നിങ്ങൾ മടങ്ങിപ്പോവുക. 24:29

592. സത്യവിശ്വാസികളായ പുരുഷന്മാരോട് പറയുക; അവർ തങ്ങളുടെ കണ്ണുകൾ താഴ്ത്തുകയും തങ്ങളുടെ ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കുകയും ചെയ്തുകൊള്ളട്ടെ. 24:31

593. സത്യവിശ്വാസികളോട് പറയുക, അവർ തങ്ങളുടെ കണ്ണുകൾ താഴ്ത്തുകയും അവരുടെ ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കുകയും ചെയ്തുകൊള്ളട്ടെ. അവരുടെ സൗന്ദര്യം അവർ വെളിപ്പെടു

ത്തരുത്. അതിൽ നിന്ന് സ്വയം വെളിപ്പെട്ടുപോകുന്നതല്ലാതെ, അവർ തങ്ങളുടെ ശിരോവസ്ത്രം കൊണ്ട് തങ്ങളുടെ മാറിടത്തിൻ മേൽ താഴ്ത്തിയിട്ട് മാടിപ്പുതയ്ക്കേണ്ടതാണ്. അവർ തങ്ങളുടെ ഭർത്താക്കന്മാർ, പിതാക്കൾ, ഭർത്താക്കന്മാരുടെ പുത്രന്മാർ, സ്വസഹോദരന്മാർ, സഹോദരപുത്രന്മാർ, അവരെപ്പോലുള്ള മാന്യസ്ത്രീകൾ അവരുടെ ഉടമസ്ഥതയിലുള്ളവർ, പുരുഷന്മാരിൽ നിന്നുള്ള ലൈംഗിക വിചാരങ്ങളില്ലാത്ത പരിചാരകന്മാർ, സ്ത്രീകളുടെ ലൈംഗിക രഹസ്യങ്ങൾ അറിഞ്ഞിട്ടില്ലാത്ത ആൺകുട്ടികൾ എന്നിവർക്കല്ലാതെ തങ്ങളുടെ സൗന്ദര്യം വെളിപ്പെടുത്തരുത്. 24:32

594. നിങ്ങളിൽ നിന്നുള്ള വിധവകളെയും, നിങ്ങളുടെ ആൺഅടിമകളിൽ നിന്നും പെൺഅടിമകളിൽ നിന്നുമുള്ള നല്ലവരേയും നിങ്ങൾ വിവാഹം ചെയ്യിക്കുക. 24:33

595. വിവാഹത്തിന് കഴിവില്ലാത്തവർ, അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്ക് ഐശ്വര്യം നല്കുന്നതുവരെ ചാരിത്രം സംരക്ഷിക്കട്ടെ. നിങ്ങളുടെ അടിമകളിൽ നിന്ന് മോചന ഉടമ്പടി എഴുതാൻ ആവശ്യപ്പെടുന്നവരുമായി-അവരിൽ നന്മയുണ്ടെന്ന് നിങ്ങൾക്ക് ബോധ്യമായാൽ-നിങ്ങൾ അവരുമായി കരാറെഴുതി രേഖപ്പെടുത്തുക. അല്ലാഹു നിങ്ങൾക്ക് നല്കിയ ധനത്തിൽ നിന്ന് നിങ്ങൾ അവർക്ക് ദാനമായി നല്കുകയും ചെയ്യുക. നിങ്ങളുടെ അടിമസ്ത്രീകളെ, അവർ വിവാഹം ചെയ്ത ചാരിത്രം സംരക്ഷിക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ നിങ്ങൾ ഐഹിക ജീവിതത്തിലെ വിഭവങ്ങൾ ആഗ്രഹിച്ചു കൊണ്ട്(അവരെ വിവാഹം ചെയ്യിക്കാതെ തടസ്സപ്പെടുത്തി)വ്യഭിചാരത്തിന് നിർബന്ധിക്കരുത്. 24:34

596. അല്ലാഹുവിനെ അനുസരിക്കുക, അവന്റെ ദൂതനെയും അനുസരിക്കുക. 24:55

597. നിങ്ങൾ നമസ്ക്കാരം നിലനിർത്തുകയും സക്കാത്തു കൊടുക്കുകയും ദൈവദൂതനെ അനുസരിക്കുകയും ചെയ്യുക. 24:57

598. വിശ്വാസികളെ നിങ്ങളുടെ ഉടമസ്ഥതയിലുള്ളവരും നിങ്ങളിൽ പ്രായപൂർത്തി എത്തിയിട്ടില്ലാത്ത കുട്ടികളും (നിങ്ങളുടെ ശയനമുറികളിൽ പ്രവേശിക്കുന്നതിന്) മൂന്നുസമയം സമ്മതം ചോദിക്കേണ്ടതാണ്. പ്രഭാതനമസ്ക്കാരത്തിന് മുൻപ്, ഉച്ചസമയം നിങ്ങളുടെ വസ്ത്രങ്ങൾ അഴിച്ചുവെയ്ക്കുമ്പോൾ, ഇശാ നമസ്ക്കാരത്തിന് ശേഷം! 24:59

599. നിങ്ങളിലുള്ള കുട്ടികൾക്ക് പ്രായപൂർത്തി എത്തിക്കഴിഞ്ഞാൽ അവർക്ക് മുമ്പുള്ളവർ (പ്രായപൂർത്തിയായവർ) സമ്മതം ചോദിച്ചതുപോലെ അവരും സമ്മതം ചോദിക്കേണ്ടതാണ്. 24:60

600. അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും അദ്ദേഹത്തോടൊപ്പം ഒരു പൊതുകാര്യത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ അദ്ദേഹത്തോട് സമ്മതം ചോദിക്കാതെ പോകരുത്. 24:63

601. ദൈവദൂതൻ വിളിക്കുന്നത് നിങ്ങൾ അന്യോന്യം വിളിക്കുന്നതുപോലെ ഗണിക്കരുത്. 24:64

602. അതിനാൽ നീ അവിശ്വാസികളെ അനുസരിക്കരുത്. അത് (ഖുർആൻ) കൊണ്ട് അവരുമായി വലിയ സമരം നടത്തുക. 25:53

603. അതുകൊണ്ട് അല്ലാഹുവിനോടൊപ്പം മറ്റൊരു ആരാധ്യനെ നീ വിളിച്ച് പ്രാർത്ഥിക്കരുത്. 26:214

604. നീ (ആദ്യമായി) നിന്റെ ഏറ്റവും അടുത്തബന്ധുക്കൾക്ക് മുന്നറിയിപ്പ് നല്കുക. 26:215

605. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ (സ്നേഹത്തിന്റെ) ചിറക് താഴ്ത്തിക്കൊടുക്കുക. 26:216

606. ഇനി അവർ നിന്നെ ധിക്കരിക്കുകയാണെങ്കിൽ നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ച് ഞാൻ നിരുത്തരവാദിയാണ് എന്ന് നീ പറയുക. 26:217

607. പ്രതാപശാലിയും കരുണാമയനുമായ അല്ലാഹുവിങ്കൽ (എല്ലാ കാര്യങ്ങളും) നീ അർപ്പിക്കുക. 26:218

608. അല്ലാഹു നിനക്ക് നല്കിയ അനുഗ്രഹത്തിൽ കൂടി പാരത്രിക ഭവനം നീ അന്വേഷിക്കുക. ഐഹികജീവിതത്തിൽ നിന്നുള്ള നിന്റെ അംശം നീ വിസ്മരിക്കുകയും വേണ്ട. അല്ലാഹു നിനക്ക് ഔദാര്യം നല്കീട്ടുള്ളതുപോലെ നീയും (മനുഷ്യർക്ക്) ഔദാര്യം നല്കുക. നാട്ടിൽ കുഴപ്പമുണ്ടാക്കാൻ നീ ശ്രമിക്കരുത്. 28:78

609. നീ ഒരിക്കലും അവിശ്വാസികളുടെ സഹായിയാകരുത്. 28:87

610. അല്ലാഹുവിന്റെ വചനങ്ങൾ നിനക്ക് ഇറക്കപ്പെട്ടതിന് ശേഷം അതിൽ നിന്ന് ആരും നിന്നെ തടയാതിരിക്കട്ടെ. നിന്റെ നാഥനിലേക്ക് ജനങ്ങളെ ക്ഷണിക്കുക. നീ ഒരിക്കലും ബഹുദൈവവിശ്വാസികളിൽ പെട്ടുപോകരുത്. 28:88

611. അല്ലാഹുവിനോടൊപ്പം മറ്റ് ഒരു ദൈവത്തേയും നീ വിളിച്ച് പ്രാർത്ഥിക്കരുത്. 28:89

612. തന്റെ മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്ന് നാം അനുശാസിച്ചിരിക്കുന്നു. ഇനി നിനക്ക് അറിവില്ലാത്ത വസ്തുക്കളെ എന്റെ കൂടെ പങ്കുകാരാക്കി വയ്ക്കണമെന്ന് അവരിരുവരും നിന്നെ നിർബന്ധിക്കുന്നതായാൽ നീ അവരെ അനുസരിക്കരുത്. 29:9

613. ഈ ഗ്രന്ഥത്തിൽ നിന്ന് നിനക്ക് ദിവ്യസന്ദേശം മുഖേന നല്കപ്പെട്ടത് നീ ഓതുക. (ജനങ്ങൾക്ക് ഓതികേൾപ്പിക്കുക)നമസ്ക്കാരം നിലനിർത്തുകയും ചെയ്യുക. 29:46

614. ഗ്രന്ഥാനുസാരികളുമായി ഏറ്റവും ഉത്തമമായ രീതിയിലല്ലാതെ നിങ്ങൾ വിവാദം നടത്തരുത്. 29:47

615. അതിനാൽ, നിങ്ങൾ സായാഹ്നവേളയിലും പ്രഭാതവേളിയിലുമാകുമ്പോൾ അല്ലാഹുവിന്റെ പരിശുദ്ധിയെ പ്രകീർത്തിച്ചു കൊള്ളുക. 30:18

616. അതിനാൽ ഋജുമാനസനായി നിന്റെ സകലശ്രദ്ധയും മതസേവനത്തിനായി തിരിച്ചു നിറുത്തുക. അല്ലാഹു ഏതൊരു പ്രകൃതിയിൽ മനുഷ്യരെ സൃഷ്ടിച്ചുവോ ആ പ്രകൃതി (കൈകൊള്ളുക) 30:31

617. അവനിലേക്ക് മടങ്ങുന്നവരായി നിലകൊള്ളുക. അവനോട് ഭയ ഭക്തരായിരിക്കുകയും നമസ്ക്കാരം നിലനിറുത്തുകയും ചെയ്യുക. നിങ്ങൾ ബഹുദൈവവിശ്വാസികളിൽപ്പെട്ടവർ ആകരുത്. 30:32

618. അതുകൊണ്ട് അടുത്തബന്ധുക്കൾക്കും, അഗതികൾക്കും യാത്രക്കാർക്കും അവരുടെ അവകാശങ്ങൾ നല്കുക. 30:39

619. നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കുക. എന്നിട്ട്, നിങ്ങൾക്ക് മുമ്പുള്ള വരുടെ പര്യവസാനം എങ്ങനെയായിരുന്നെന്ന് നോക്കുക. 30:43

620. ആർക്കും തടുക്കുവാൻ കഴിയാത്ത ഒരുനാൾ അല്ലാഹുവിൽ നിന്ന് വരുന്നതിന് മുമ്പ് നിന്റെ ശ്രദ്ധയെ എന്നും നിലനില്ക്കുന്ന മതത്തിന്റെ ഭാഗത്തേക്ക് തിരിച്ചു നിറുത്തുക. 30:44

621. മനുഷ്യനെ തന്റെ മാതാപിതാക്കളുടെ കാര്യത്തിൽ നാം അനുശാസിച്ചിരിക്കുന്നു. അവന്റെ മാതാവ് മേൽക്കുമേൽ ക്ഷീണം സഹിച്ചുകൊണ്ടാണ് അവനെ ഗർഭം ധരിച്ചത്. അവന്റെ മുലകുടി നിറുത്തൽ രണ്ടു വയസ്സിലാണ്. എന്നോടും നിന്റെ മാതാപിതാക്കളോടും നീ നന്ദി കാണിക്കുക. 31:15

622. നിനക്കറിവില്ലാത്ത വല്ലതിനെയും എന്നോടു കൂട്ടിചേർത്ത് ആരാധിക്കുവാൻ അവരിരുവരും നിന്നോട് ശഠിക്കുന്നതായാൽ അപ്പോൾ നീ അവരെ അനുസരിക്കരുത്. എന്നാൽ ഐഹിക കാര്യങ്ങളിൽ നല്ല നിലയിൽ നീ അവരുമായി ബന്ധം പുലർത്തുക. എന്നിലേക്ക് മടങ്ങിയവരുടെ മാർഗം നീ പിൻപറ്റുക. 31:16

623. നമസ്ക്കാരം നിലനിർത്തുക, നല്ല കാര്യം ഉപദേശിക്കുക, നിഷിദ്ധകാര്യം നിരോധിക്കുക. നിന്നെ ബാധിക്കുന്ന വിപത്തുകളിൽ സഹനം കൈകൊള്ളുക. 31:18

624. കോപം നിമിത്തം ജനങ്ങളുടെ മുമ്പാകെ നിന്റെ കവിൾ നീ വീർപ്പിക്കരുത്. ഭൂമിയിൽ പൊങ്ങച്ചം കാണിച്ചുകൊണ്ട് നടക്കുകയുമരുത്. 31:19

625. നിന്റെ നടപ്പിൽ മിതത്വം കൈക്കൊള്ളുക. നിന്റെ ശബ്ദം അല്പം താഴ്ത്തുക. 31:20

626. മനുഷ്യരെ! നിങ്ങളുടെ നാഥനെ സൂക്ഷിക്കുക. ഒരു നാളിനെ ഭയപ്പെടുക. അത്, ഒരു പിതാവും തന്റെ സന്താനത്തിന് പ്രയോജനപ്പെടുകയില്ല, ഒരു സന്താനവും തന്റെ പിതാവിന് വേണ്ടിയും ഒന്നും പ്രയോജനപ്പെടുകയില്ല. 31:34

627. അതിനാൽ നീ അവരെവിട്ട് പിൻമാറുക, നീ (അവരുടെ പര്യവസാനം) കാത്തിരിക്കുക. 32:31

628. അല്ലാഹുവിനെ സൂക്ഷിച്ചുകൊളളുക. അവിശ്വാസികളെയും കപടവിശ്വാസികളെയും അനുസരിക്കരുത്. 33:2

629. നിന്റെ നാഥനിൽ നിന്ന് നിനക്ക് സന്ദേശമായി നല്കപ്പെടുന്നത് നീ പിൻതുടരുക. 33:3

630. വിശ്വസിച്ചരെ അല്ലാഹുവിനെ കൂടുതലായി സ്മരിച്ചുകൊണ്ടിരിക്കുക. പ്രഭാതത്തിലും പ്രദോഷത്തിലും അവന്റെ പരിശുദ്ധിയെ വാഴ്ത്തുക. 33:42,43

631. നിങ്ങൾ സത്യവിശ്വാസികളെ വിവാഹം ചെയ്യുകയും, എന്നിട്ട് അവരെ സ്പർശിക്കും മുമ്പേ നിങ്ങൾ അവരുമായി ബന്ധം വേർപെടുത്തുകയും ചെയ്താൽ നിങ്ങൾ എണ്ണികണക്കാക്കുന്ന ഇദ്ദ ആചരിക്കണമെന്ന് പറയുവാൻ നിങ്ങൾക്കവകാശമില്ല. അതുകൊണ്ട് നിങ്ങളവർക്ക് കുറച്ച് ജീവിത വിഭവം നല്കുക. ഭംഗിയായ നിലയിൽ അവരെ വിട്ടയയ്ക്കുകയും ചെയ്യുക. 33:50

632. പ്രവാചകൻെറ വീടുകളിൽ ഭക്ഷണത്തിന് ക്ഷണിക്കപ്പെട്ട് നിങ്ങൾക്കനുമതി ലഭിച്ചാലല്ലാതെ നിങ്ങൾ പ്രവേശിക്കരുത്.33:54

633. ഓ! നബി, നിന്റെ ഭാര്യമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും (അവർ പുറത്തിറങ്ങുമ്പോൾ) അവരുടെ മേൽവസ്ത്രങ്ങൾ തങ്ങളുടെ ശരീരങ്ങളിൽമേൽ മൂടിപ്പുതക്കേണ്ടതാണെന്ന് പറയുക. 33:60

634. വിശ്വസിച്ചവരെ, അല്ലാഹുവിനെ ഭയപ്പെടുക. ചൊവ്വായ വാക്ക് പറയുക. 33:71

635. ആദം സന്തതികളെ! നിങ്ങൾ പിശാചിനെ വണങ്ങരുതെന്ന് ഞാൻ നിങ്ങളെ താക്കീത് ചെയ്തില്ലേ.? 36:61

636. അതുകൊണ്ട് ഒരു കാലയളവ് വരെ നീ അവരിൽ നിന്ന് പിന്മാറുക. നീ അവരെ വീക്ഷിച്ചുകൊണ്ടിരിക്കുക. 37:175,176

637. അതുകൊണ്ട് മനുഷ്യർക്കിടയിൽ നീതിപൂർവ്വം വിധി കല്പിക്കുക. നീ സ്വയേച്ഛയെ പിൻപറ്റരുത്. 38:27

638. വിശ്വസിച്ചവരായ എന്റെ ദാസന്മാരെ, നിങ്ങൾ നിങ്ങളുടെ നാഥനെ ഭയപ്പെടുക. ഈ ലോകത്ത് നന്മ പ്രവർത്തിക്കുന്നവർക്ക് ഏറ്റവും നല്ല പ്രതിഫലമുണ്ട്. 39:11

639. തങ്ങളുടെ സ്വന്തം ആത്മാക്കളോട് അമിതത്വം പ്രവർത്തിച്ച എന്റെ ദാസന്മാരെ, അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിങ്ങൾ നിരാശപ്പെടരുത്. 39:54

640. ഏറ്റവും നല്ലതേതോ അതുകൊണ്ട് (ചീത്തയെ) തടയുക. 41:35

641. അതിനാൽ ഇതിലേക്ക് (ഈ അധ്യാപനത്തിലേക്ക് ജനങ്ങളെ) നീ ക്ഷണിക്കുക. നിന്നോട് ആജ്ഞാപിക്കപ്പെട്ടതുപോലെ നീ ചൊവ്വായി നിലകൊള്ളുക. അവരുടെ തന്നിഷ്ടങ്ങളെ നീ പിൻപറ്റരുത്. 46:16

642. ബോധനം വഴിക്കോ അല്ലെങ്കിൽ ഒരു മറയുടെ പിന്നിൽ നിന്നോ അതുമല്ലെങ്കിൽ ഒരു ദൂതനെ അയച്ച് അവന്റെ കല്പനപ്രകാരം അവനുദ്ദേശിക്കുന്നത് അദ്ദേഹം (ആ ദൂതൻ) ബോധനം നല്കുകയോ ചെയ്യുന്ന മാർഗേണ അല്ലാതെ ഒരു മനുഷ്യനോടും അല്ലാഹു സംസാരിക്കുകയുണ്ടാവില്ല. 42:52

643. അതിനാൽ, അവർക്ക് താക്കീത് ചെയ്യപ്പെടുന്ന നാളിനെ അവർ കണ്ടുമുട്ടുന്നതുവരെ അനാവശ്യങ്ങൾ സംസാരിച്ച് രസിക്കാനും വിനോദിക്കാനും നീ അവരെ വിട്ടേക്കുക. 43:84

644. തന്റെ മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്ന് നാം മനുഷ്യന് താക്കീത് നല്കിയിരിക്കുന്നു. 46:16

645. അതിനാൽ, നിശ്ചയദാർഢ്യമുള്ള ദൈവദൂതന്മാർ സഹനം കൈക്കൊണ്ടതുപോലെ നീയും സഹനം കൈക്കൊള്ളുക. അവരെ സംബന്ധിച്ച് നീ ധൃതി കാണിക്കരുത്. 46:36

646. അതിനാൽ അവിശ്വാസികളുമായി നിങ്ങൾ ഏറ്റുമുട്ടിയാൽ അവരുടെ കഴുത്തുകളിലടിക്കുക. അങ്ങനെ അവരെ കീഴ്പെടുത്തിക്കഴിഞ്ഞാൽ (യുദ്ധത്തടവുകാരെ) നിങ്ങൾ മുറുക്കികെട്ടുക. എന്നിട്ട് അതിന് ശേഷം ഒന്നുകിൽ (അവരോട്) ഔദാര്യം കാണിച്ച് (നിരുപാധികം വിട്ടയയ്ക്കുക) അല്ലെങ്കിൽ അവരിൽ നിന്ന് പ്രായശ്ചിത്തം വാങ്ങിവിടുക-യുദ്ധം അതിന്റെ ഭാരം ബാക്കിവയ്ക്കുന്നതുവരെ. 47:5

647. വിശ്വസിച്ചവരെ! നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ; ദൈവദൂതനേയും അനുസരിക്കുവിൻ, നിങ്ങളുടെ കർമ്മങ്ങളെ നിങ്ങൾ നിഷ്ഫലമാക്കരുത്. 47:34

648. യുദ്ധത്തിനു പോകാതിരിക്കുന്നതിൽ അന്ധനും മുടന്തനും രോഗിക്കും കുറ്റമില്ല. 48:18

649. വിശ്വസിച്ചവരെ, അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും മുമ്പിൽ നിങ്ങൾ ധാർഷ്ട്യം കാണിക്കരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ. 49:2

650. വിശ്വസിച്ചവരെ, നിങ്ങളുടെ ശബ്ദങ്ങൾ പ്രവാചകന്റെ ശബ്ദത്തിനു മീതെ നിങ്ങൾ ഉയർത്തരുത്, നിങ്ങൾ പരസ്പരം സംസാരിക്കുന്നതുപോലെ അദ്ദേഹത്തോട് നിങ്ങൾ ഉച്ചത്തിൽ സംസാരിക്കുകയുമരുത്. 49:3

651. വിശ്വസിച്ചവരെ, ദുർമാർഗിയായ ഒരാൾ വല്ലവാർത്തയുമായി നിങ്ങളുടെയടുക്കൽ വന്നാൽ അതിന്റെ യഥാർത്ഥ്യം നിങ്ങൾ ശരിക്കും അന്വേഷിച്ചറിയുക. 49:7

652. വിശ്വാസികളിപ്പെട്ട രണ്ടു വിഭാഗങ്ങൾ തമ്മിൽ യുദ്ധത്തിലേർപ്പെട്ടാൽ നിങ്ങൾ അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കുക.

എന്നിട്ട് അവരിലൊരു വിഭാഗം മറുവിഭാഗത്തെ ആക്രമിക്കുന്നതായാൽ ആക്രമിക്കുന്ന വിഭാഗത്തോട് അവർ അല്ലാഹുവിന്റെ കല്പനയിലേക്ക് മടങ്ങുന്നതുവരെ നിങ്ങൾ യുദ്ധം ചെയ്യുക. അങ്ങനെ അവർ മടങ്ങിയാൽ അവരുടെയിടയിൽ ന്യായപൂർവ്വം നിങ്ങൾ രഞ്ജിപ്പുണ്ടാക്കുകയും നീതിപാലിക്കുകയും ചെയ്യുക. 49:10

653. വിശ്വസിച്ചവരെ, ഒരു ജനം മറ്റൊരു ജനത്തെ പരിഹസിക്കരുത് (ഒരുപക്ഷേ) അവർ (പരിഹസിക്കപ്പെടുന്നവർ) ഇവരെക്കാൾ (പരിഹസിക്കുന്നവരെക്കാൾ) ഉത്തമരായെന്നു വരാം. സ്ത്രീകൾ (മറ്റു) സ്ത്രീകളെയും പരിഹസിക്കരുത്. (ഒരു പക്ഷേ) അവർ (പരിഹസിക്കുന്ന സ്ത്രീകളെക്കാൾ ഉത്തമകളായെന്നു വരാം. നിങ്ങൾ നിങ്ങളുടെ സ്വന്തം ആളുകളെ അപകീർത്തിപ്പെടുത്തരുത്. നിങ്ങൾ പരസ്പരം ചീത്തപ്പേര് വിളിക്കയുമരുത്. 49:12

654. വിശ്വസിച്ചവരെ, ഊഹങ്ങളിലധികവും നിങ്ങളൊഴിവാക്കുവിൻ കാരണം ചില ഊഹങ്ങൾ കുറ്റകരമാണ്. നിങ്ങൾ(അന്യരുടെ സ്ഥിതികൾ) ചുഴിഞ്ഞു നോക്കരുത്. നിങ്ങളിൽ ചിലർ മറ്റു ചിലരെ അവരുടെ അഭാവത്തിൽ ദുഷിക്കുകയുമരുത്. 49:13

655. എന്റെ മുന്നറിയിപ്പിനെ ഭയപ്പെടുന്നവരെ ഖുർആൻ മുഖേന നീ ഉപദേശിക്കുക. 50:46

656. നിന്റെ നാഥന്റെ വിധിക്കുവേണ്ടി നീ ക്ഷമയോടെ കാത്തിരിക്കുക. കാരണം, നീ നമ്മുടെ കൺമുമ്പിൽ തന്നെയാണ്. നീ എഴുന്നേല്ക്കുമ്പോൾ നിന്റെ നാഥനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ വാഴ്ത്തുക. 52:49

657. രാത്രിയിൽ കുറച്ചു സമയവും, നക്ഷത്രങ്ങൾ അസ്തമിക്കുമ്പോഴും അവന്റെ പരിശുദ്ധിയെ വാഴ്ത്തുക. 52:50

658. അതുകൊണ്ട് നമ്മുടെ സ്മരണവിട്ട് പിന്തിരിഞ്ഞുപോവുകയും ഐഹികജീവിതത്തെയല്ലാതെ മറ്റൊന്നും ലക്ഷ്യം വയ്ക്കാതിരിക്കുകയും ചെയ്യുന്നവനിൽ നിന്ന് നീ വിട്ടു മാറുക. 53:30

659. അതിനാൽ അല്ലാഹുവിന് നിങ്ങൾ സാഷ്ടാംഗം പ്രണമിക്കുകയും അവനെ ആരാധിക്കുകയും ചെയ്യുക. 53:63

660. നിങ്ങൾ നീതിപൂർവ്വം തൂക്കം നിലനിറുത്തുക. നിങ്ങൾ അള വിൽ കുറവ് വരുത്തുകയുമരുത്. 55:10

661. നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുക. നിങ്ങളെ അവൻ ഏതൊന്നിൽ അവകാശികളാക്കിയിട്ടുണ്ടോ, അതിൽ നിന്ന്(അല്ലാഹുവിന്റെ മാർഗത്തിൽ) ചെലവുചെയ്യുക. 57:8

662. നിങ്ങൾ നിങ്ങളുടെ നാഥനിൽ നിന്നുള്ള പാപമോചനത്തി ലേക്കും ആകാശഭൂമികൾക്ക് തുല്യമായ വിലയുള്ള സ്വർഗത്തി ലേക്കും അഹമഹമികയാ മുന്നേറുക. 57:22

663. തങ്ങളുടെ ഭാര്യമാരെ മാതാക്കളായി പ്രഖ്യാപിക്കുകയും പിന്നീട് തങ്ങൾ പറഞ്ഞുവിട്ടതിലേക്ക് തിരിച്ചു ചെല്ലുകയും ചെയ്യുന്ന വർ, അവരിരുവരും പരസ്പരം സ്പർശിക്കുന്നതിനു മുൻപേ ഒരടിമയെ സ്വതന്ത്രമാക്കേണ്ടതാണ്. എന്നാൽ വല്ലവനും അതിനു മാർഗം കണ്ടെത്തിയില്ലെങ്കിൽ അവരിരുവരും പര സ്പരം സ്പർശിക്കുന്നതിനു മുമ്പേ രണ്ടു മാസം തുടർച്ചയായി വ്രതമനുഷ്ഠിക്കേണ്ടതാണ്. വല്ലവനും അതും സാധ്യമായില്ലെ ങ്കിൽ അറുപത് അഗതികൾക്ക് ആഹാരം നല്കേണ്ടതാണ്. 58:4,5

664. വിശ്വസിച്ചവരെ, നിങ്ങൾ രഹസ്യാലോചന നടത്തുമ്പോൾ നിങ്ങൾ കുറ്റം ചെയ്യാനും അതിക്രമം പ്രവർത്തിക്കാനും ദൈവ ദൂതന്റെ കല്പന ലംഘിക്കാനും വേണ്ടി രഹസ്യാലോചന നട ത്തരുത്. എന്നാൽ നന്മ പ്രവർത്തിക്കാനും സൂക്ഷ്മതകൈക്കൊ ള്ളാനും വേണ്ടി നിങ്ങൾ രഹസ്യാലോചനകൾ നടത്തി ക്കൊൾക. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. 58:10

665. വിശ്വസിച്ചവരെ, സദസ്സുകളിൽ നീങ്ങിയിരുന്ന് ഇടം നല്കുക എന്ന് നിങ്ങളോട് പറയപ്പെട്ടാൽ നിങ്ങൾ നീങ്ങിയിരുന്ന് ഇടം നല്കുക. എഴുന്നേറ്റു പോവുക എന്ന് നിങ്ങളോട് ആജ്ഞാപി ക്കപ്പെട്ടാൽ നിങ്ങൾ എഴുന്നേറ്റ് പോകുക. 58:12

666. വിശ്വസിച്ചവരെ, നിങ്ങൾ ദൈവദൂതനുമായി സ്വകാര്യാലോചന നടത്തുമ്പോൾ കൂടിയാലോചനയ്ക്ക് മുമ്പേ (അല്ലാഹുവിന്റെ മാർഗത്തിൽ) വല്ലതും ദാനമായി സമർപ്പിക്കുക. 58:13

667. ദൈവദൂതൻ ഏതൊന്ന് നിങ്ങൾക്ക് നല്കിയിട്ടുണ്ടോ അത് നിങ്ങൾ സ്വീകരിച്ചുകൊള്ളുക. ഏതൊന്നിനെ സംബന്ധിച്ച് അദ്ദേഹം നിങ്ങളെ വലിക്കിയിട്ടുണ്ടോ നിങ്ങളതിനെവിട്ടൊഴിയുക. 59:8

668. മതം കാരണത്താൽ നിങ്ങളുമായി യുദ്ധം ചെയ്തിട്ടില്ലാത്തവരും നിങ്ങളുടെ ഭവനങ്ങളിൽ നിന്ന് നിങ്ങളെ ബഹിഷ്ക്കരിച്ചിട്ടില്ലാത്തവരുമായയവരെപറ്റി, നിങ്ങളവർക്ക് നന്മ ചെയ്യുന്നതും അവരുമായി നീതിപൂർവ്വം വർത്തിക്കുന്നതും അല്ലാഹു നിങ്ങളോട് വിരോധിക്കുന്നില്ല. 60:9

669. നേരമറിച്ച് മതം കാരണമായി നിങ്ങളോട് യുദ്ധം ചെയ്യുകയും നിങ്ങളുടെ ഭവനങ്ങളിൽ നിന്ന് നിങ്ങളെ ബഹിഷ്ക്കരിക്കുകയും, നിങ്ങളെ ബഹിഷ്ക്കരിക്കാൻ (മറ്റു ശത്രുക്കളെ) സഹായിക്കുകയും ചെയ്തവരെ സംബന്ധിച്ച് മാത്രമാണ്, അവരുമായി നിങ്ങൾ സൗഹൃദം സ്ഥാപിക്കരുതെന്ന് അല്ലാഹു നിങ്ങളെ വിരോധിക്കുന്നത്. 60:10

670. വിശ്വസിച്ചവരെ, വിശ്വാസിനികൾ അഭയാർഥികളായി നിങ്ങളുടെയടുക്കൽ വന്നാൽ നിങ്ങളവരെ പരീക്ഷിക്കുക. അവർ യഥാർത്ഥ വിശ്വാസിനികളാണെന്ന് നിങ്ങൾ മനസ്സിലാക്കി കഴിഞ്ഞാൽ നിങ്ങളവരെ അവിശ്വാസികളുടെയടുക്കലേക്ക് തിരിച്ചയയ്ക്കരുത്. അവർക്ക്(അവിശ്വാസികൾക്ക്)അവർ(വിശ്വാസിനികൾ( അനുവദനീയമല്ല. അവർ(അവിശ്വാസികൾ)അവർക്കും (വിശ്വാസിനികൾക്കും)അനുവദനീയമല്ല. അവർ (അവിശ്വാസികളായ ഭർത്താക്കന്മാർ)ചെലവഴിച്ചത് നിങ്ങൾ അവർക്ക് നല്കുക. അവരുടെ വിവാഹമൂല്യം നിങ്ങളവർക്ക് നല്കുന്നതായാൽ അവരെ വിവാഹം ചെയ്യുന്നതിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല. അവിശ്വാസിനികളുടെ വിവാഹബന്ധങ്ങൾ നിങ്ങൾ വച്ചുപുലർത്തരുത് (അവർ നിങ്ങളെ വിട്ട് അവിശ്വാസികളിലേക്ക്

പോകുന്നതായാൽ നിങ്ങൾ ചെലവാക്കിയത് (അവിശ്വാസികളോട് നിങ്ങൾ) ആവശ്യപ്പെടുക. (അവിശ്വാസികളുടെ ഭാര്യമാർ ഇസ്ലാം സ്വീകരിച്ച് മുസ്ലിംകളോടൊപ്പം ചേർന്നാൽ) അവർ ചെലവാക്കിയതു (മുസ്ലിംകളോട്) അവരും ചോദിച്ചു കൊള്ളട്ടെ. അല്ലാഹുവിന്റെ വിധിയാണിത്. 60:11

671. ഓ നബി, തങ്ങൾ അല്ലാഹുവിനോട് മറ്റൊന്നിനെയും പങ്കുചേർക്കുകയില്ലെന്നും മോഷ്ടിക്കുകയില്ലെന്നും വ്യഭിചരിക്കുകയില്ലെന്നും തങ്ങളുടെ സന്താനങ്ങളെ കൊല്ലുകയില്ലെന്നും മനഃപൂർവ്വം നുണകെട്ടിചമച്ച് പ്രചരിപ്പിക്കുകയില്ലെന്നും നല്ല ഒരു കാര്യത്തിലും നിന്നോട് അനുസരണക്കേട് കാണിക്കുകയില്ലെന്നുമുള്ള നിബന്ധനയോടെ സത്യവിശ്വാസിനികൾ നീയുമായി ബൈഅത്തു ചെയ്യാൻ നിന്റെയടുക്കൽ വന്നാൽ നീ അവരുട അനുസരണപ്രതിജ്ഞ സ്വീകരിച്ചുകൊള്ളുക. 60:13

672. വിശ്വസിച്ചവരെ, നിങ്ങൾ അല്ലാഹുവിന്റെ(കാര്യത്തിൽ) സഹായികളാവുക. 61:15

673. വിശ്വസിച്ചവരെ, വെള്ളിയാഴ്ച ദിവസം നമസ്ക്കാരത്തിനായി വിളിക്കപ്പെട്ടാൽ അല്ലാഹുവിനെ സ്മരിക്കുന്നതിലേക്ക് നിങ്ങൾ ധൃതിപ്പെട്ടുപോവുകയും വ്യാപാരം നിറുത്തിവെയ്ക്കുകയും ചെയ്യുക. 62:10

674. നിങ്ങളുടെ സമ്പത്തോ സന്താനങ്ങളോ അല്ലാഹുവിന്റെ സ്മരണയിൽ നിന്ന് നിങ്ങളുടെ ശ്രദ്ധ തിരിച്ചുവിടാതിരിക്കട്ടെ. 63:10

675. നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും നാം അവതരിപ്പിച്ച പ്രകാശത്തിലും വിശ്വസിക്കുക. 64:9

676. തീർച്ചയായും നിങ്ങളുടെ ഭാര്യമാരിലും സന്താനങ്ങളിലും നിങ്ങൾക്ക് ചില ശത്രുക്കളുണ്ട്. അതുകൊണ്ട് നിങ്ങളവരെ സൂക്ഷിക്കുക. 64:15

677. ഓ നബി, നിങ്ങൾ സ്ത്രീകളെ വിവാഹമോചനം ചെയ്യുമ്പോൾ അവരുടെ ഇദ്ദ (നിശ്ചിതകാലാവധി)യുടെ സമയമനുസരിച്ച് വിവാഹമോചനം ചെയ്യുക. ഇദ്ദയുടെ ദിനങ്ങൾ കണക്കാക്കുകയും

ചെയ്യുക. നിങ്ങളുടെ നാഥനായ അല്ലാഹുവിനെ സൂക്ഷിക്കുക. അവരുടെ വീടുകളിൽ നിന്ന് നിങ്ങളെവരെ പുറത്താക്കരുത്. അവർ സ്വയം പുറത്തുപോവുകയുമരുത്. 65:2

678. അങ്ങനെ അവരുടെ അവധി എത്തിയാൽ നല്ല നിലയ്ക്ക് അവരെകൂടെ നിർത്തുക, അല്ലെങ്കിൽ നല്ല നിലയ്ക്ക് അവരുമായി വിട്ടുപിരിയുക. നിങ്ങളിൽ നിന്നുള്ള രണ്ട് നീതിമാൻമാരെ സാക്ഷികളാക്കുകയും ചെയ്യുക. 65:23

679. നിങ്ങളുടെ സ്ത്രീകളിൽ നിന്ന് ആർത്തവത്തെക്കുറിച്ച് പ്രതീക്ഷ ഇല്ലാത്തവരെ സംബന്ധിച്ചിടത്തോളം, നിങ്ങൾ സംശയിക്കുന്ന പക്ഷം, അവരുടെ ഇദ്ദ മൂന്ന് മാസമാണ്. ആർത്തവം ഉണ്ടാകാത്ത സ്ത്രീകളുടെ കാര്യവും അങ്ങനെ തന്നെ. ഗർഭിണികളായ സ്ത്രീകളാകട്ടെ, അവരുടെ അവധി (ഇദ്ദ) അവർ പ്രസവിക്കലാകുന്നു. 65:5

680. അവരെ (വിവാഹമുക്തകളായ സ്ത്രീകളെ അവരുടെ ഇദ്ദയുടെ സമയത്ത്) നിങ്ങളുടെ കഴിവനുസരിച്ചുള്ള നിങ്ങളുടെ വാസസ്ഥലത്ത് താമസിപ്പിക്കുക. അവർക്ക് വിഷമമുണ്ടാക്കാൻ വേണ്ടി നിങ്ങളവരെ ബുദ്ധിമുട്ടിക്കരുത്. അവർ ഗർഭിണികളാണെങ്കിൽ പ്രസവിക്കുന്നതുവരെ നിങ്ങളവർക്ക് ചെലവ് നല്കുക. പിന്നീട് നിങ്ങൾക്കു വേണ്ടി അവർ (ശിശുവിന്) മുലകൊടുക്കുകയാണെങ്കിൽ നിങ്ങളവർക്ക് അവരുടെ പ്രതിഫലങ്ങൾ നല്കുക. ഉചിതമായ നിലയിൽ നിങ്ങൾ പരസ്പരം കൂടിയാലോചിച്ച് തീരുമാനിക്കുക. നിങ്ങൾക്ക് പരസ്പരം വിഷമം അനുഭവപ്പെടുന്നതായാൽ അവന് (പിതാവിനു വേണ്ടി) മറ്റൊരു സ്ത്രീ മുലകൊടുക്കട്ടെ! 65:7

681. സമ്പന്നൻ അവന്റെ കഴിവനുസരിച്ച് ചെലവഴിക്കട്ടെ! വല്ലവനും ഉപജീവനം ഞെരുക്കമാക്കപ്പെട്ടാൽ അല്ലാഹു അവന് നല്കിയതിൽ നിന്ന് (കഴിവനുസരിച്ച്) അവൻ ചെലവഴിക്കട്ടെ. 65:8

682. വിശ്വസിച്ചവരെ, നിങ്ങൾ നിങ്ങളെയും നിങ്ങളുടെ കുടുംബാംഗങ്ങളെയും ഒരഗ്നിയിൽ നിന്ന് കാത്തു രക്ഷിച്ചു കൊള്ളുക. 66:7

683. വിശ്വാസികളെ! നിങ്ങൾ അല്ലാഹുവിലേക്ക് പശ്ചാത്താപിച്ച് മടങ്ങുക. 66:9

684. ഓ! നബി! അവിശ്വാസികളോടും കപടവിശ്വാസികളോടും ജിഹാദ് ചെയ്യുക. അവർക്കെതിരിൽ ഉറച്ച നിലപാട് സ്വീകരിക്കുക. 66:10

685. അതിനാൽ, നിഷേധികളെ നീ അനുസരിക്കരുത്. 68:9

686. ധാരാളം സത്യം ചെയ്യുന്ന നീചനായ ഒരുത്തനും നീ വഴങ്ങിപ്പോകരുത്. 68:11

687. അതുകൊണ്ട് എന്നേയും ഈ വൃത്താന്തത്തെയും നിരാകരിക്കുന്നവരെയും വിട്ടേക്കുക. (ഞാൻ തന്നെ അവരെ നേരിടുന്നതാണ്) 68:45

688. രാത്രി എഴുന്നേറ്റ് നമസ്ക്കരിക്കുക. 73:3

689. നിന്റെ നാഥന്റെ നാമം സ്മരിക്കുക. അവന്റെ നേരെ എല്ലാശ്രദ്ധയും കേന്ദ്രീകരിച്ചുകൊണ്ട് അവനിൽ പൂർണ്ണമായ ആത്മാർപ്പണം ചെയ്യുക. 73:9

690. എഴുന്നേറ്റ് മുന്നറിയിപ്പ് നല്കുക. നിന്റെ നാഥന്റെ മഹത്വം വിളംബരപ്പെടുത്തുക. നിന്റെ വസ്ത്രങ്ങളെ ശുദ്ധീകരിക്കുക. മാലിന്യത്തെ വിട്ടൊഴിയുക. കൂടുതൽ തിരിച്ചു കിട്ടാൻ വേണ്ടി ഔദാര്യം ചെയ്യാതിരിക്കുക. നിന്റെ നാഥനു വേണ്ടി സഹനം കൈക്കൊള്ളുക. 74:3–8

691. അതുകൊണ്ട് നീ നിന്റെ നാഥന്റെ കല്പന പ്രതീക്ഷിച്ചുകൊണ്ട് ക്ഷമിച്ചിരിക്കുക. അവരിൽ നിന്നുള്ള ഒരു പാപിയേയോ ഒരു കൃതഘ്നനേയോ നീ അനുസരിച്ചു പോകരുത്. പ്രഭാതത്തിലും സായാഹ്നത്തിലും നിന്റെ നാഥന്റെ നാമം സ്മരിക്കുക. രാവിന്റെ ഒരംശത്തിൽ അവന്റെ മുമ്പാകെ പ്രണമിക്കുക. രാത്രി ദീർഘനേരം അവന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുക. 76:25–27

692. അതുകൊണ്ട്, അവിശ്വാസികൾക്ക് ഇളവ് നല്കുക, അവർക്ക് അല്പസമയം ഇടകൊടുക്കുക തന്നെ ചെയ്യുക. 86:18

693. ഉപദേശം നിശ്ചയമായും ഫലം ചെയ്യുന്നതാണ്, അതുകൊണ്ട് നീ ഉപദേശം നല്കുക. 87:10

694. അതിനാൽ, നീ ഉപദേശിക്കുക. നിശ്ചയമായും നീ ഉപദേശിക്കുന്നവൻ മാത്രമാണ്. 89:22

695. അതിനാൽ, അനാഥരോട് പരുഷമായി പെരുമാറാതിരിക്കുക. യാചകനെ വിരട്ടരുത്, നിന്റെ നാഥന്റെ അനുഗ്രഹത്തെ എടുത്തുപറയുക. 93:10–12

696. അതിനാൽ, നീ നിന്റെ നാഥനുവേണ്ടി നമസ്ക്കരിക്കുകയും ബലിഅർപ്പിക്കുകയും ചെയ്യുക. 108:3


697. നീ നിന്റെ നാഥനെ സ്തുതിക്കുന്നതിനോടൊപ്പം അവനെ പ്രകീർത്തിക്കുകയും അവനോട് പാപമോചനത്തിനായി അർത്ഥിക്കുകയും ചെയ്യുക. 110:4

698. നീ പ്രഖ്യാപിക്കുക, അവൻ അല്ലാഹു, ഏകനാകുന്നു. അല്ലാഹു എല്ലാവർക്കും എല്ലാം നല്കുന്നവനും, അവന് ആരിൽ നിന്നും ഒന്നും ആവശ്യമില്ലാത്തവനുമാകുന്നു. അവൻ ജനിച്ചവനല്ലാ, ജനിപ്പിക്കപ്പെട്ടവനുമല്ല, അവനെപോലെ മറ്റൊന്നില്ല. 112:2–5

699. നീ പ്രഖ്യാപിക്കുക, പ്രഭാതത്തിന്റെ നാഥനിൽ, അവൻ സൃഷ്ടിച്ചവയുടെ ഉപദ്രവങ്ങളിൽ നിന്ന്, രാത്രി ഇരുൾ മൂടിയതാകുമ്പോൾ ഉണ്ടാകുന്ന ഉപദ്രവങ്ങളിൽ നിന്ന്, കെട്ടുകളിൽ ഉതകുന്നവരുടെ ഉപദ്രവങ്ങളിൽ നിന്ന്, അസൂയാലു, അസൂയാലുവായി മാറുമ്പോൾ ഉണ്ടാകുന്ന ഉപദ്രവങ്ങളിൽ നിന്ന് (പ്രഭാതത്തിന്റെ നാഥനിൽ) ഞാൻ അഭയം പ്രാപിക്കുന്നു. 113:2–6

700. നീ പ്രഖ്യാപനം നടത്തുക. ജനരക്ഷകനിൽ, ജനരാജാവിൽ, ജനദൈവത്തിൽ ഞാൻ അഭയം പ്രാപിക്കുന്നു. അദൃശ്യ ദുർബോധകന്റെ ഉപദ്രവങ്ങളിൽ നിന്ന്, ജനഹൃദയങ്ങളിൽ ദുർബോധനം ചെയ്യുന്ന മനുഷ്യരിലും ജിന്നുകളിലും പെട്ടവരുടെ ഉപദ്രവത്തിൽ നിന്നും ഞാൻ അവനിൽ അഭയം പ്രാപിക്കുന്നു.

114:2–7



بسم الله الرحمن الرحيم

**Books Translated and Compiled in Malayalam**

**Amir R. Jamaludin Raother Saheb of Mathra,**

**South Kerala, India.**

***E-mail : jamal.raother@gmail.com***

## മുകർറം ആർ. ജമാലുദ്ദീൻ റാവുത്തരുടെ മലയാള മൊഴിമാറ്റ, സമാഹരണ പുസ്തകങ്ങൾ

1. കപടവിശ്വാസികളുടെ യഥാർത്ഥ മുഖം.
2. ദൈവീക പാശത്തെ മുറുകെ പിടിക്കുക.
3. വിശ്വാസം: ദൈവത്തിലേക്കുള്ള ഊടുവഴി.
4. ഹൈന്ദവ ധർമ്മശാസ്ത്രത്തിന്റെ ഉള്ളറകളിലേക്ക് പരിശുദ്ധ വേദങ്ങളിലൂടെ യുള്ള ഒരു അന്തർദർശനം.
5. അൽ അസീം തഫ്സീറുൽ ഖുർആൻ : ആമുഖവും സൂറ: ഫാതിഹായും.
6. സാമൂഹ്യബഹിഷ്ക്കരണം ഉണ്ടോ? അതോ ഇല്ലയോ?
7. ഹൃദയം : ഒരു പഠനം.
8. ദുൽഖർനൈൻ.
9. ഒരു സത്യം : യേശു മരണപ്പെട്ടു: വിശുദ്ധഖുർആൻ തെളിവുകൾ.
10. ഇസ്ലാമിന്റെ യഥാർത്ഥ ഭാവങ്ങൾ (ഭാഗം-1).
11. 15-ാം നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ്‌യുടെ വാദത്തിനുള്ള തെളിവുകൾ ഭാഗം-1 വിശുദ്ധഖുർആൻ, ഭാഗം- 2. വിശുദ്ധഹദീസ്, ഭാഗം- 3 ഹസ്രത് മിർസാഗുലാം അഹ്മദ് (അ)ന്റെ അധ്യാപനങ്ങൾ.
12. ജമാഅത്തുസ്സഹീഹിൽ ഇസ്ലാം: യോഗങ്ങളുടെ പ്രാധാന്യം.
13. ദിവ്യവെളിപാടുകളുടെ യാഥാർത്ഥ്യം ഭാഗം 1.
14. വിശുദ്ധഖുർആനിൽ നിന്നും നമുക്ക് ലഭിക്കുന്ന ചില ധാർമ്മികതകളും നല്ല പെരുമാറ്റ രീതികളും.
15. ആരാണ് കാഫിർ?
16. മാനവകുല രക്ഷാമാർഗം: വിശുദ്ധഖുർആനിലെ 700 കല്പനകൾ.